പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ജൂലൈ 2025



ദു:ഖങ്ങളുടെയും വെറുപ്പിന്റെയും
വിദ്വേഷത്തിന്റെയും 'രാ' മായണം
അതിനായ് പരസ്പര സ്നേഹത്തിന്റെ
ഭക്തിസാന്ദ്രമായ **രാമായണമാസം**

# PISHARODY SAMAJAM GUEST HOUSE

Near Temple Police Station, Melpathoor Road, Thekke Nada, Guruvayoor

Ph: 0487 25 58 801, +91 62 38 743319

online booking: www.pisharodyptdt.com

## TARIFF

| | |
|---|---|
| ORDINARY DOUBLE ROOM | 750 |
| ORDINARY AC DOUBLE ROOM | 1200 |
| ORDINARY ROOM 3 BED | 900 |
| ORDINARY AC ROOM – 3 BED | 1500 |
| AC ROOM – 2 BED WITH TV | 1500 |
| ORDINARY DOORMITORY 8 BED | 1500 |







Devadheyam

AUDITORIUM

**AVAILABLE A/C NON A/C AUDITORIUM**

*Online Payments*

PhonePe

Paytm

Google Pay

**AUTO / TAXI ON DEMAND**

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 ജൂലൈ**

**പുഷ്പം 46 / ദളം 4**

**1200 മിഥുനം-കർക്കടകം**

## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ:
**ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീമതി വൈക സതീഷ്**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. അനൂപ് രാഘവൻ**

Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ

"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം

**പത്രാധിപക്കുറിപ്പ്**.................................4

**പ്രതിഫലനം – കർമ്മകാണ്ഡം**......................5
എ.പി. സരസ്വതി

**ലേഖനം – ഗണിതം സുന്ദരം**..........................6
രാജഗോപാലൻ ആനായത്ത്

**കവിത – മഹാഭാരതം**................................8
ദേവേശ പിഷാരോടി ഇ.പി.

**കഥ – ഭാഗ്യം**.......................................10
ടി.ആർ. രഘുനന്ദനൻ

**കവിത – അമ്മ**.....................................12
സതി ചെറുകാട്ടുപിഷാരം

**കേന്ദ്ര സംയുക്ത ഭരണസമിതി യോഗറിപ്പോർട്ട്**.........14
കെ.പി. ഹരികൃഷ്ണൻ

**2025 ലെ അവാർഡുകൾ/സ്കോളർഷിപ്പുകൾ തുടങ്ങിയവക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു**....17

**പ്രതികരണം**........................................22
മോഹനൻ സി.ജി.

**യാത്ര – രജ്പുത്താന**.............................27
മുരളി ആനായത്ത്

**വൈവാഹികം**.......................................32

**ശാഖാവാർത്തകൾ**.................................34

**ആദരാഞ്ജലികൾ**..................................45

പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# കരഞ്ഞും കരയിച്ചും ജൂൺ

**ഓ**രോ തുടക്കങ്ങളും നല്ലത് വരുത്തും നല്ലതേ വരുത്തൂ എന്നൊരു പ്രതീക്ഷ നൽകുന്നുണ്ട്. അത് വിശ്വാസത്തിന്റെ പ്രാർത്ഥന കൂടിയാണ്. ദിവസത്തുടക്കങ്ങൾ, മാസത്തുടക്കങ്ങൾ, വർഷത്തുടക്കങ്ങൾ എല്ലാം അങ്ങനെ തന്നെ. എന്നാൽ ഓരോ ജൂണിന്റെയും തുടക്കത്തിനു കൂടുതൽ പ്രാധാന്യമുണ്ട്. സ്കൂൾ തുറക്കുന്ന ദിവസം എന്ന പ്രാധാന്യം. ഇപ്രാവശ്യം ജൂൺ 2 ന് ആയിരുന്നല്ലോ സ്കൂൾ തുറന്നത്. ശക്തമായ മഴ ആയതിനാൽ ചിലയിടത്ത് പിറ്റേ ദിവസത്തേക്ക് മാറ്റി. ജൂൺ ഒന്നിന് ഇടവപ്പാതിയും ആരംഭിക്കുന്നതിനാൽ സ്ഥിരം മഴക്കാലമാണ് വിദ്യാഭ്യാസാരംഭം. പരമ്പരാഗതമായി ഇത് തുടർന്ന് വരുന്നതിനാൽ നമുക്കതിൽ പുതുമയോ അസ്വസ്ഥതയോ ഇല്ല എന്നത് പരമാർത്ഥം. എന്നാൽ ഇക്കഴിഞ്ഞ ജൂൺ എല്ലാവർക്കും സമ്മാനിച്ചത് മറക്കാനാഗ്രഹിക്കുന്ന നാശത്തിന്റെ മാസം എന്ന ചിന്തയാണ്. വിമാനാപകടം. കപ്പലപകടങ്ങൾ എന്നിവയൊക്കെ നമ്മുടെ രാജ്യത്ത് സംഭവിച്ചതോടൊപ്പം തന്നെ അന്തർദ്ദേശീയ തലത്തിൽ ഇസ്രായേലും ഇറാനും തമ്മിൽ യുദ്ധസമാനമായ സ്ഥിതി വിശേഷവും സംഭവിച്ചു. ചുരുക്കത്തിൽ ലോകം തന്നെ അസ്വസ്ഥമായി മാറിയ മാസമായി ജൂൺ. വെടി നിർത്തൽ എന്ന യുദ്ധ വിരാമം ഉണ്ടായെങ്കിലും ഇപ്പോഴും പൊട്ടലും ചീറ്റലും അടങ്ങിയിട്ടില്ല.

പഹൽഗാമിൽ പാകിസ്ഥാൻ വെറും സാധാരണ ടൂറിസ്റ്റുകൾ ആയിരുന്ന നമ്മുടെ സഹോദരങ്ങളെ നിർദ്ദയം വെടിവെച്ചുകൊന്നതിലും പിന്നീട് നടന്ന ഇസ്രായേൽ - ഇറാൻ സംഘർഷത്തിലുമെല്ലാം പൊതുവായ വസ്തുത ഉണ്ട്. ഇവയുടെയെല്ലാം അടിസ്ഥാന ഹേതു മതമാണ് എന്നത്. പ്രത്യേകിച്ചും പഹൽഗാമിൽ നമ്മൾ അത് നേരിട്ടനുഭവിച്ചതാണ്. മതാടയാളങ്ങൾ പരിശോധിച്ച് മാറ്റി നിർത്തിയാണ് വധിച്ചത്. ഇനി നടക്കാനിരിക്കുന്ന ലോക യുദ്ധങ്ങൾ വെറും രാഷ്ട്രതാൽപ്പര്യങ്ങൾക്ക് വേണ്ടിയാവില്ല. ഒരേ ലോകം ഒരേ മതം എന്ന ആപൽക്കരമായ ചിന്തകൾ ഉറച്ച തീരുമാനങ്ങളായും അവ നടപ്പിലാക്കാനുള്ള ശ്രമങ്ങളുമാവുമ്പോൾ ലക്ഷ്യം ഭീകരമാവുന്നു. അങ്ങനെയൊന്നും സംഭവിക്കില്ല എന്ന് പ്രതീക്ഷിക്കാം. ശുഭ പ്രതീക്ഷകൾ തരുന്നത് ആത്മ വിശ്വാസങ്ങൾ ആണല്ലോ.

നമുക്ക് നമ്മുടെ ചെറിയ ലോകത്തേക്ക് തിരിച്ചു വരാം. പുതിയ ഭരണ സമിതി നിലവിൽ വന്നിട്ട് മാസമൊന്ന് കഴിഞ്ഞിരിക്കുന്നു. പഴയതിന്റെ തുടർച്ചകൾക്കൊപ്പം പുതിയ ധാരാളം പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. അവയിൽ ഉടനെ വരുന്നത് നമ്മുടെ ഏറ്റവും വലിയ അഭിമാന പദ്ധതിയായ വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾ, സ്കോളർ ഷിപ്പുകൾ എന്നിവയാണ്. അവ വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഒപ്പം ഓണവും എത്തുന്നു. തുളസീദളം ഓണപ്പതിപ്പ് ഇപ്രാവശ്യവും മുഴുവൻ കളർ പേജുകളോടെ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു കഴിഞ്ഞു. യുവജനങ്ങളുടെ എല്ലാ വിധത്തിലുമുള്ള കഴിവുകളെയും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച തുളസീദളം കലാ സാംസ്കാരിക സമിതിയുടെ പ്രവർത്തനങ്ങൾ മികച്ച നിലയിൽ മുന്നോട്ട് പോകുന്നു.

ജൂലൈയും മഴത്തണുപ്പുള്ള മാസമാണ്. അതോടൊപ്പം പുണ്യം വിടർത്തുന്ന കർക്കിടകവും ചേരുമ്പോൾ മാസം ഭക്തി സാന്ദ്രമാവുന്നു. വർഷാവർഷം നടത്തി വരുന്ന ഓൺലൈൻ രാമായണ മാസാചരണത്തിന്റെ തുടക്കം ജൂലൈ 17ന് (കർക്കിടകം 1) ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ രാവിലെ സമ്പൂർണ്ണ നാരായണീയ പാരായണത്തോടെ ആരംഭിക്കുന്നു. ജൂണിന്റെ നടുക്കവും ദു:ഖവും ജൂലൈ തീർത്തു തരുമെന്ന് വിശ്വസിക്കാം. എല്ലാവർക്കും ജൂലൈ നല്ലത് വരുത്തട്ടെ എന്ന പ്രാർത്ഥനകളോടെ....

**പത്രാധിപസമിതി**

പ്രതിഫലനം

# കർമ്മകാണ്ഡം



എ.പി. സരസ്വതി

വലിയൊരു ദുരന്തത്തിന്റെ ഹൃദയം നടുക്കുന്ന ഇരമ്പത്തിൽ നിന്ന് നമ്മുടെ കർണ്ണപുടങ്ങളിനിയും മുക്തമായിട്ടില്ല. പൊൻനിറമാർന്ന ഒരു കൂട്ടം സ്വപ്നങ്ങൾ ഒരുമിച്ച് ആളിക്കത്തുന്ന തീയിലമർന്ന ആ നിമിഷം ഇപ്പോഴും നമ്മുടെയൊക്കെ ഉറക്കവും സ്വസ്ഥതയും കെടുത്തിക്കൊണ്ടേയിരിക്കുന്നു. അച്ഛനെ കാത്തിരിക്കുന്ന കുഞ്ഞുഹൃദയങ്ങളും പ്രാണപ്രിയനെ പ്രതീക്ഷിക്കുന്ന പ്രേമനിർഭരമാനസങ്ങളും ഏകാവലംബമായ മക്കളെ മാറണക്കാൻ വെമ്പുന്ന വത്സലചിത്തങ്ങളും നിമിഷം കൊണ്ടല്ലേ തകർന്നു തരിപ്പണമായത്! സന്തോഷച്ചിറകിലേറി പറന്നുയരും മുമ്പേ പൊലിഞ്ഞ ജീവിതദൗർഭാഗ്യങ്ങൾക്കു മുന്നിൽ മൂകമായി തലകുനിക്കാനല്ലാതെ പാവം മനുഷ്യനെക്കൊണ്ടെന്താവും? അട്ടിമറിയാണോ മറ്റെന്തെങ്കിലുമാണോ എന്നൊക്കെ തീരുമാനിക്കേണ്ടവർ തീരുമാനിച്ചു കൊള്ളട്ടെ. തിരിയെക്കിട്ടാത്തവണ്ണം നഷ്ടപ്പെട്ടവർക്കെന്തായാലെന്താണ്? അടുത്തിടെയുണ്ടായ കപ്പൽ ദുരന്തങ്ങളും യുദ്ധഭീഷണികളുമെല്ലാം മാനവഹൃദയങ്ങളെ ഭയത്തിന്റെയും ദുഃഖത്തിന്റെയും വേലിയേറ്റങ്ങളിൽ ഉലക്കുന്നതും നഷ്ടപ്പട്ടികയിലേക്കു തന്നെയല്ലേ നമ്മെ നയിക്കുന്നത്? ഭൂമിയിൽ ശേഷിക്കുന്നവർക്ക് കടുത്ത ശോകഭാരമൊന്നിറക്കിവെക്കാനും ചാരിയിരുന്നൊന്നാശ്വസിക്കാനും കരുത്തുള്ളൊരത്താണി വേണം. ഈശ്വരനെന്നോ വിധിയെന്നോ പേരിട്ടതിനെ വിളിച്ചോളൂ. മനസ്സിനെ ആ വിശ്വാസത്തിലേക്കൊന്നു പാകപ്പെടുത്തിയാൽ അശാന്തിക്കൊരറുതി വരാനതു അല്പമെങ്കിലും സഹായിച്ചേക്കും. തീർച്ച.

ശ്രീരാമരാമരാമ ശ്രീരാമചന്ദ്ര ജയ
ശ്രീരാമരാമരാമ ശ്രീരാമഭദ്ര ജയ

രാമായണത്തിന്റെ ശീലുകളല്ലേ ഉയർന്നു പൊങ്ങുന്നത്! രാമായണമാസമായി ഇന്നു നാം കൊണ്ടാടുന്ന കർക്കിടകത്തിന്റെ വരവായല്ലോ. അല്ലേ? ധർമ്മത്തിന്റെ പൂർണ്ണാവതാരമായിരുന്ന (രാമോ വിഗ്രഹവാൻ ധർമ്മഃ) ശ്രീരാമനും അദ്ദേഹത്തെ നിഴൽപോലെ പിൻതുടർന്ന സീതാദേവിയും എത്രയോ വൈതരണികൾ മറികടന്നിട്ടാണ് കർമ്മകാണ്ഡം തരണം ചെയ്തതെന്നു കവി നമുക്കു കാണിച്ചു തന്നത് വെറുതെയായിക്കൂടാ. ലക്ഷ്മണോപദേശത്തിലെ ഈ വരികളുടെ സാരം ഗ്രഹിച്ചു ജീവിക്കാനാണ് ഭഗവാൻ നമ്മെ ഉപദേശിക്കുന്നത്.

കർമ്മങ്ങൾ സംഗങ്ങളൊന്നിലും കൂടാതെ
കർമ്മഫലങ്ങളിൽ കാംക്ഷയും കൂടാതെ
കർമ്മങ്ങളെല്ലാം വിധിച്ചവണ്ണം പര-
ബ്രഹ്മണി നിത്യം സമർപ്പിച്ചുകൊള്ളണം.

ജീവിതോപദേശങ്ങളുടെ അക്ഷയഖനിയായ അധ്യാത്മരാമായണത്തിന്റെ മധുരപദാവലികളിലൂടെ കണ്ണും മനസ്സുമർപ്പിച്ചു നമുക്കു മുന്നോട്ടു നീങ്ങാം. ●

## PP & TDT അംഗങ്ങളുടെ വാർഷിക പൊതുയോഗം

Pisharody Pilgrimage & Tourism Development Trust അംഗങ്ങളുടെ വാർഷിക പൊതുയോഗം 2025 ആഗസ്റ്റ് 15ന് രാവിലെ 10 മണിക്ക് ഗുരുവായൂർ പിഷാരോടി സമാജം ഗസ്റ്റ് ഹൗസിൽ വച്ചു സമാജം പ്രസിഡണ്ടിൻെറ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. എല്ലാ PP& TDT അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

യോഗത്തിൻെറ നോട്ടീസും മറ്റു വിശദാംശങ്ങളും ശാഖാ സെക്രട്ടറിമാർ മുഖേന എല്ലാ PP& TDT അംഗങ്ങളിലും എത്തിക്കുന്നതാണ്.

എന്ന്,
**കെ.പി. രവി**
സെക്രട്ടറി, PP & TDT

ലേഖനം

# ഗണിതം സുന്ദരം



രാജഗോപാലൻ ആനായത്ത്


ഒരു പുതിയ അദ്ധ്യയനവർഷംകൂടി ഏറെ പ്രതീക്ഷയോടെ തുടങ്ങിക്കഴിഞ്ഞു. പത്താംതരവും പന്ത്രണ്ടാംതരവും കഴിഞ്ഞ കുട്ടികളെ ഇനി എന്തു പഠിപ്പിക്കണമെന്നത് മാതാപിതാക്കളുടെ സ്ഥിരം സംശയമാണ്. സാഹിത്യം, കല, ശാസ്ത്രം, സാങ്കേതികവിദ്യ തുടങ്ങി നിരവധി പഠന മേഖലകൾ. പലർക്കും താൻ പഠിക്കേണ്ട വിഷയം തിരഞ്ഞെടുക്കാൻ തന്നെ കഴിയുന്നില്ല. വീട്ടുകാരുടേയും, കൂട്ടുകാരുടേയും പിന്നെ നാട്ടുകാരുടേയും ഉപദേശങ്ങൾ കേട്ട് ഒരു വിധം ആശയക്കുഴപ്പത്തിലായിട്ടുണ്ട്. ഇതിനിടയിൽ, എന്നാൽ ഗണിതശാസ്ത്രം പഠിക്കാം എന്നോ മറ്റോ പറഞ്ഞാൽ, അതു മാത്രം മതി ഒരു കലഹം തന്നെ നടക്കാൻ. ഓ, കണക്കോ, അത് പഠിച്ചിട്ട് എന്ത് കിട്ടാൻ? പഠിക്കാനും വിഷമം എന്ന സ്ഥിരം മറുചോദ്യം. ശരാശരി മനുഷ്യൻ എന്നും ഇഷ്ടപ്പെടാത്ത ഒരു വിഷയമാണ് ഗണിതം. പച്ച മലയാളത്തിൽ നമ്മൾ അതിനെ കണക്ക് എന്നും പറയും. എന്നാൽ എല്ലാ മനുഷ്യരും ദിവസവും വീട്ടിലോ ജോലി സ്ഥലത്തോ ആയി ഏതെങ്കിലും രൂപത്തിൽ കണക്ക് ഉപയോഗിക്കുന്നുണ്ടാവും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മളെല്ലാം കണക്കറിവുള്ളവർ തന്നെയാണ്. മലയാളികൾക്ക് പരിചിതനായ ചാക്കോ മാഷടെ ഭാഷയിൽ പറഞ്ഞാൽ, “ഈ ഭൂഗോളത്തിന്റെ സ്പന്ദനം തന്നെ മാത്തമാറ്റിക്സിലാണ്‘. പക്ഷേ, ഇന്ന് നമ്മൾ ‘കണക്ക്’ എന്ന പദം വിവിധ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. ഒന്നും ശരിയല്ല എന്നതിന് ‘എല്ലാം ഒരു കണക്കാ’ എന്നും ധാരാളം എന്നതിന് ‘കണക്കില്ലാത്ത’ എന്നും സർവ്വസാധാരണമായി ഉപയോഗിക്കുന്നു. ഇങ്ങനെ കണക്ക് എന്ന പദമുപയോഗിച്ച് നമ്മൾ ഭാഷയിലെ വിവിധ സന്ദർഭങ്ങളെ വ്യക്തമാക്കുന്നു. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ തന്നെ അദ്ദേഹത്തിന്റെ കൃതിയിൽ “ഇക്കണ്ടതൊന്നും കണക്കല്ല മന്നവാ..” എന്ന് പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ കണക്ക് അഥവാ ഗണിതം എന്നത് എന്നും കൃത്യവും സ്പഷ്ടവുമാണ്. അതുകൊണ്ടാണ് ഏതുകാര്യവും വ്യക്തതയോടെ പറയുവാൻ വേണ്ടി നമ്മൾ സംഖ്യകളെ കൂട്ടുപിടിക്കുന്നത്. വലിയ, ചെറിയ, കുറെ, കുറച്ച് തുടങ്ങിയ വിശേഷണപദങ്ങൾ നമ്മൾ സംഭാഷണങ്ങളിൽ ധാരാളം ഉപയോഗിക്കുമെങ്കിലും, ആശയങ്ങളിൽ കൃത്യതയും വ്യക്തതയും വരുത്തുന്നതിനായി സംഖ്യകളെയാണ് ആശ്രയിക്കുന്നത്. ദൈനംദിന ജീവിതത്തിൽ എല്ലാവരും അറിഞ്ഞും അറിയാതെയും ഇത്തരം കണക്കുകൾ അവതരിപ്പിക്കുന്നു. പലരും അവരുപയോഗിക്കുന്ന കണക്കുകളെക്കുറിച്ച് അറിയുന്നില്ല എന്ന് മാത്രം. നമ്മളറിയാതെ അത് ജിവിതത്തിന്റെ ഭാഗമാവുകയാണ് ചെയ്യുന്നത്. സംഖ്യകളില്ലാത്ത ഒരു ലോകം സങ്കൽപ്പിച്ചു നോക്കൂ, എന്തൊരു വിരസമായിരിക്കും അത്. എണ്ണാൻ പഠിക്കുന്നതിന് മുൻപ് ആദിമ മനുഷ്യന് പൊരുത്തങ്ങൾ മാത്രമായിരുന്നു ആശ്രയം. പൊരുത്തത്തിനായി ആദിമമനുഷ്യൻ കല്ലുകളാണ് ഉപയോഗിച്ചിരുന്നത്. കല്ലുകൾക്ക് ലാറ്റിൻ ഭാഷയിൽ കാൽക്കുലസ് എന്നാണ് പറയുന്നത്. അതിൽ നിന്നാണ് കണക്ക് കൂട്ടൽ എന്നർത്ഥം വരുന്ന കാൽക്കുലേഷൻ എന്ന ആംഗലേയ പദം രൂപപ്പെട്ടത്. മനുഷ്യന്റെ സാംസ്ക്കാരിക പരിണാമ ചരിത്രത്തിൽ എണ്ണൽ സംഖ്യകളുടെ പങ്ക് വളരെ വലുതാണ്. എണ്ണൽ സംഖ്യകളിൽ നിന്നാണ് ഇന്ന് കാണുന്ന ഗണിതശാസ്ത്രം പടിപടിയായി രൂപപ്പെട്ടുവന്നത്. അതിനാൽ ജിവിതത്തിലെ എല്ലാ കാലത്തും നമ്മൾ ഗണിതം ഏതെങ്കിലും രൂപത്തിൽ ഉപയോഗിക്കുന്നു.

മനുഷ്യന് നിർമ്മിക്കാനോ മാറ്റാനോ കഴിയാത്ത ഒരു ഉണ്മയാണ് സമയം. സമയത്തെ എങ്ങിനെ നിർവ്വചിക്കാം? കൃത്യമായ നിർവ്വചനമില്ലെങ്കിലും, രണ്ടു സംഭവങ്ങൾ തമ്മിലുള്ള ഇടവേളയായി സമയത്തെ കണക്കാക്കാം. കണക്കില്ലെങ്കിൽ സമയമെന്നൊരു ആശയത്തിനു തന്നെ നിലനില്പ്പില്ല. സൂര്യനുദിക്കുന്ന സമയം, അസ്തമിക്കുന്ന സമയം. ഭൂമി സ്വയം തിരിയാൻ എടുക്കുന്ന സമയം (ദിവസം), ഭൂമി സൂര്യനെ ഒരു വട്ടം ചുറ്റാൻ എടുക്കുന്ന സമയം (വർഷം) തുടങ്ങി നമ്മൾ നി

ത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഒട്ടനവധി പദങ്ങൾ കണക്കുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടുതന്നെ കുറഞ്ഞത് ഒരു സംഖ്യയെങ്കിലും ഉപയോഗിക്കാതെ ആർക്കും ഒരു ദിവസവും മുന്നോട്ട് കൊണ്ടുപോകാനാവില്ല. സാധനങ്ങൾ വാങ്ങുന്ന കടയിലായാലും, യാത്രയിലായാലും, ആശുപത്രിയിലായാലും സംഖ്യകളും, കണക്കും പ്രധാനമാണ്. രോഗഗ്രസ്തനായി അബോധാവസ്ഥയിൽ ആശുപത്രിയിൽ കഴിയുമ്പോഴും ഹൃദയമിടിപ്പിന്റെ അളവ്, പ്രാണവായുവിന്റെ അളവ്, രക്തത്തിലെ ഹീമോഗ്ളോബിന്റെ അളവ്, പഞ്ചസാരയുടെ അളവ് തുടങ്ങിയ വിവിധ തരം സംഖ്യകളിലാണ് നമ്മുടെ ജീവന്റെ തുടിപ്പ് തന്നെ നിലനിൽക്കുന്നത്. അതിനാൽ സംഖ്യകളും കണക്കും ഒഴിവാക്കിയുള്ള ഒരു നിമിഷം നമുക്ക് ചിന്തിക്കാൻ പോലും കഴിയില്ല. മനുഷ്യജീവിതത്തിൽ അത്രത്തോളം പ്രധാനമാണ് സംഖ്യകളും ഗണിതവും.

ഗണിതത്തെ പേടികൂടാതെ കൈകാര്യം ചെയ്യാനാണ് നാം പഠിക്കേണ്ടത്. ഇഷ്ടത്തോടെ കൈകാര്യം ചെയ്യാൻ പഠിച്ചാൽ ഗണിത പഠനവും പ്രയോഗവും അതി സുന്ദരമാണ്. സൗന്ദര്യത്തിനുതന്നെ ഒരു ഗണിതമുണ്ട്. പ്രകൃതിയിലെ സുന്ദരമായ എല്ലാ വസ്തുക്കളുടേയും അനുപാതം ഒരു പ്രത്യേക രീതിയിലാണെന്ന് കാണാം. ഈ അനുപാതത്തെ സുവർണ്ണാനുപാതം (golden ratio) എന്ന് പറയുന്നു. ആ അനുപാതം ഏകദേശം 1.618 ആണ്. ഈ അനുപാതത്തിന്റെ ഗണിതശാസ്ത്ര വിശകലനങ്ങളിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. പ്രകൃതിയിലെ നയനാന്ദകരമായ എല്ലാ വസ്തുക്കളിലും നിർമ്മിതികളിലും ഈ അനുപാതം പ്രകടമായി കാണാൻ കഴിയും. ലോകം കണ്ട ഏറ്റവും സുന്ദരിയായ ക്ലിയോപാട്രയുടേയും, ലോകത്തെ ആദ്യത്തെ ഗണിതശാസ്ത്രജ്ഞയായ ഹിപ്പേഷ്യയുടേയും സൗന്ദര്യത്തിന്റെ രഹസ്യം തന്നെ അവരുടെ അവയവങ്ങളുടെ ഈ അനുപാതമാണെന്നാണ് പറയുന്നത്. മനുഷ്യന്റെ സൗന്ദര്യത്തിന് മാത്രമല്ല, ലോകത്തിലെ ഭംഗിയുള്ള പല നിർമ്മിതികളും പരിശോധിച്ചാൽ അവയുടെ ആകൃതിയിൽ ഒളിഞ്ഞു കിടക്കുന്ന ഈ അനുപാതം കാണാൻ കഴിയും. ഭംഗിയുള്ള പുഷപങ്ങളുടെ ഇതളുകളുടെ വിന്യാസം, വൃക്ഷങ്ങളിൽ ഇലകളുടെ വിന്യാസം എന്നിവയും സുവർണ്ണാനുപാതവുമായി ഇഴചേർന്ന് നിൽക്കുന്ന ഫിബനോക്കി സംഖ്യകൾ എന്ന മറ്റൊരു സംഖ്യാ ശ്രേണികളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇങ്ങനെ നോക്കിയാൽ നമ്മൾ കാണുന്ന സൗന്ദര്യത്തിലെല്ലാം ഒരു കണക്കുണ്ടെന്ന് പറയാം.

ഇത് കൂടാതെ സംഗീതം, താളം, മേളം നൃത്തം എന്നിവക്കെല്ലാം കൃത്യമായ കണക്കുകളുണ്ട്, ഗണിതമുണ്ട്. സ്വരങ്ങൾ, രാഗങ്ങൾ തുടങ്ങി സംഗീത ലോകത്തെ സർവ്വതും ഗണിതശാസ്ത്ര സംബന്ധിയാണ്. സപതസ്വരങ്ങൾ, 72 മേളകർത്താ രാഗങ്ങൾ എന്നിവ സംഗീത ലോകത്തെ കണക്കുകളാണ്. മേളങ്ങളിലെ അക്ഷരകാലവും നമ്മെ കണക്കിന്റെ ലോകത്തേക്കാണ് കൊണ്ടുപോകുന്നത്. പഞ്ചാരിമേളം പൊതുവെ 96 അക്ഷരകാലങ്ങളുള്ള പതികാലത്തിൽ തുടങ്ങി 6 അക്ഷരകാലങ്ങളുള്ള അഞ്ചാം കാലത്തിലാണ് അവസാനിക്കുന്നത്. ഇങ്ങനെ നോക്കുമ്പോൾ എല്ലാ മേളങ്ങളും ശ്രുതിമധുരവും കർണ്ണാനന്ദകരവുമാവുന്നത് ഇത്തരം കണക്കുകൾ കൊണ്ടാണ്. അതിനാൽ മനുഷ്യന് ആനന്ദം നൽകുന്ന ഇത്തരം ദൃശ്യശ്രാവ്യ രംഗങ്ങളിലെല്ലാം ഗണിതശസ്ത്രത്തിലെ സൂത്രങ്ങളുണ്ട്. ഈ രംഗങ്ങളിലെ പല പ്രവർത്തികളിലും പ്രയോഗങ്ങളിലും നമ്മളറിയാതെ ഈ സൂത്രങ്ങൾ ഉപയോഗിക്കുന്നു എന്ന് മാത്രം.



ഗണിതശാസ്ത്രം എല്ലാവരും കരുതുന്നതുപോലെ അകറ്റിനിർത്തേണ്ട ഒരു പഠന വിഷയമല്ല. ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യക്തമായ പ്രയോഗവും ശക്തമായ സാന്നിധ്യവുമുള്ള ശാസ്ത്രമാണ് ഗണിതം. അതിനാൽ ഗണിതശാസ്ത്രത്തിൽ ആവശ്യമുള്ള അറിവ് നേടുന്നത് വളരെ പ്രധാനമാണ്. കമ്പ്യൂട്ടറുകൾ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്വാധീനം ചെലുത്തിയതോടെ ഗണിതശാസ്ത്രത്തിലെ അറിവുകൾ ഏറെ ആവശ്യമുള്ളതായി. അറിവ് ഏറ്റവും വലിയ സമ്പത്തായി മാറുന്ന ഈ കാലത്ത് ഗണിതശാസ്ത്രത്തിലെ അറിവുകൾ മാനവരാശിക്ക് ഏറ്റവും പ്രയോജനപ്രദമായി ഉപയോഗിക്കനാവണം ഇനി നമ്മൾ ശ്രമിക്കേണ്ടത്. അതിനായി പുതുതലമുറയിലെ കുറച്ചുപേരെങ്കിലും തയ്യാറാവുമെന്ന പ്രത്യാശയോടെ. ●

കവിത



# മഹാഭാരതം

ദേവേശ പിഷാരോടി ഇ.പി.

മഹാഭാരത സപ്താഹം: മനസ്സിന്റെ ശുദ്ധി
ധർമ്മത്തിൻ തേരിലേറി, നീതിയുടെ പാതകളിൽ,
മഹാഭാരത കഥ കേൾക്കവേ, മനമുണരുന്നു.
അർത്ഥ കാമ മോക്ഷത്തിൻ, സങ്കീർണ്ണ നൂലിഴകൾ,
സപ്താഹമാം യാനത്തിൽ, ആത്മാവിൽ തെളിയുന്നു.
ധാർമ്മിക പ്രതിസന്ധികൾ, കർമ്മത്തിൻ ഫലങ്ങളെ,
ആഴത്തിൽ ഗ്രഹിക്കുമ്പോൾ, ചിന്തകൾ ശുദ്ധമാം.
ശരിയും തെറ്റും തമ്മിൽ, തിരിച്ചറിവായ് മിന്നുന്നു,
നീതി ദയ കടമതൻ, വെളിച്ചം മനസ്സിൽ നിറയുന്നു.
മനുഷ്യന്റെ ഭാവങ്ങൾ, വികാരത്തിൻ തിരകൾ,
നന്മയും തിന്മയുമെല്ലാം, കഥകളിൽ കാണുന്നു.
സഹാനുഭൂതിയോടെ, മറ്റുള്ളവരെ അറിയുന്നു,
വിധി കുറയ്ക്കുവാൻ പഠിപ്പൂ, ഹൃദയം ശാന്തമാകുന്നു.
അത്യാഗ്രഹം, അസൂയ, ക്രോധത്തിൻ വിഷബീജം,
വിനാശത്തിൻ പാതയതിൽ, കഥാപാത്രങ്ങൾ വീഴുന്നു.
ദുർഗുണങ്ങളറിയുമ്പോൾ, സ്വയം തിരുത്തുവാൻ തോന്നുന്നു,
നെഗറ്റീവ് ചിന്തകളെല്ലാം, അകന്നുപോവതെളുപ്പമാം.
ലോകത്തിൻ മിഥ്യാബോധം, ബന്ധങ്ങളിലെ നശ്വരത,
വിരക്തിതൻ പാഠങ്ങൾ, സപ്താഹം ഓർമ്മിപ്പിക്കുന്നു.
ഭൗതിക ചിന്തകളകന്നു, സമചിത്തത കൈവരുന്നു,
ജീവിതത്തിൻ താളത്തിൽ, മനസ്സ് ലയിച്ചൊഴുകുന്നു.
ഭക്തിയുടെ മന്ത്രധ്വനി, പ്രാർത്ഥനതൻ നിർവൃതിയിൽ,
വിശ്വാസത്തിൻ ആഴമറിയുന്നു, ഹൃദയം തെളിയുന്നു.
ഉയർന്ന ശക്തിയുമായുള്ള, ബന്ധം ദൃഢമാവുന്നു,
ആത്മീയ ശുദ്ധീകരണത്തിൻ, അനുഭൂതിയിലാറാടുന്നു.
സ്വയം വിചിന്തനത്തിൻ, വാതിലുകൾ തുറക്കുന്നു,
ചിന്തകളെയും വിശ്വാസങ്ങളെയും, ചോദ്യം ചെയ്യാൻ പഠിപ്പൂ.
സ്വയം അവബോധത്തിൻ, വെളിച്ചം ഉള്ളിൽ നിറയുന്നു,
നല്ല മാറ്റങ്ങൾക്കായി, മനസ്സ് തയ്യാറെടുക്കുന്നു.
പുണ്യകർമ്മമതല്ലോ, മഹാഭാരത ശ്രവണം,
പാപങ്ങൾ കഴുകി നീക്കി, ആത്മാവിനു തേജസ്സേകുന്നു.
മാനസിക സന്തോഷവും, വൈകാരിക സൗഖ്യവും,
സപ്താഹ ശ്രവണത്താൽ, ജീവിതം ധന്യമാകുന്നു.
അങ്ങനെ സപ്താഹമാം, ജ്ഞാനത്തിൻ അമൃതധാര,
മഹാഭാരത കഥകളാൽ, മനസ്സിനെ ശുദ്ധീകരിക്കുന്നു.
ധാർമ്മികതയുടെ വെളിച്ചം, ഹൃദയത്തിൽ നിറയുന്നു,
ശാന്തവും നിർമ്മലവുമായ, ഒരു മനസ്സിനായ് ഉണരുന്നു.

# ക്രിസ് കദളീവനം-വിദേശത്തു ശ്രദ്ധേയനാകുന്ന പിഷാരോടി

**കേ**വലം 21 വയസ്സുള്ള ഒരു പിഷാരടി ഇന്ന് ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞരുടെ ശ്രദ്ധയിൽ കടന്നു കയറിയിരിക്കുന്നു. ഒരു പ്രബന്ധത്തിലൂടെ. പ്രബന്ധത്തിന്റെ ശീർഷകം Multidimensional Valuation of Trees at Thomposn Rivers University. An Ecological, Cultural and Socio-Economic Exploration. പ്രബന്ധം പ്രസിദ്ധീകരിച്ചു എന്നതിലല്ല പ്രാധാന്യം. പ്രസിദ്ധീകരിച്ചത് Future Earth Journal എന്ന പ്രസിദ്ധീകരണത്തിലാണ് എന്നതാണ്. പരിസ്ഥിതി, ജലവായു മാറ്റം, ജൈവ വൈവിദ്ധ്യം, സുസ്ഥിര വികസനം തുടങ്ങിയവയിലുള്ള ആഗോള വെല്ലുവിളികൾക്ക് സമഗ്രമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞർ, നയ നിർമ്മാതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർ തമ്മിലുള്ള സഹകരണം വിദഗ്ദമായി വളർത്തിയെടുക്കാനുള്ള ഒരു അന്താരാഷ്ട്ര ഗവേഷണ പ്രസിദ്ധീകരണമാണ് Future Earth Journal. ഈ പ്രസിദ്ധീകരണത്തിൽ സാധാരണ എഴുത്തുകാരുടെ ഒരു കുറിപ്പ് പോലും പ്രസിദ്ധീകരിക്കാൻ കഴിയില്ല. അവിടെയാണ് നമ്മുടെ 21 വയസ്സുകാരൻ പിഷാരടി യുവാവിന്റെ ലേഖനം വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടത്.

ഇനി ഈ യുവാവ് ആരെന്നല്ലേ? കനേഡിയൻ ജനതക്ക് ഇദ്ദേഹം ക്രിസ് കദളീവനം. മലയാളികൾക്ക് ഉണ്ണികൃഷ്ണൻ കദളീവനം. കാനഡയിൽ തോംസൺ റിവേഴ്സ് യൂണിവേഴ്സിറ്റിയിൽ സാമ്പത്തിക ശാസ്ത്രത്തിൽ മേജറായി ജോലി ചെയ്യുന്ന ഉണ്ണികൃഷ്ണൻ പ്രായോഗീക സാമ്പത്തിക ശാസ്ത്രം, പരിസ്ഥിതി സാമ്പത്തിക ശാസ്ത്രം, പൊതുനയം എന്നിവയിൽ പ്രത്യേക താൽപ്പര്യമെടുത്ത് ഗവേഷണം ചെയ്യുന്നു. അതിൽത്തന്നെ സുസ്ഥിരത, സമൂഹവികസനം എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടാൻ സാമ്പത്തികമായ ഉപകരണങ്ങളും ഡാറ്റ വിശകലനവും എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിൽ പ്രത്യേകം പ്രാധാന്യം കൊടുത്തിരിക്കുന്നു.

ശ്രീ. ഉണ്ണികൃഷ്ണൻ നിലവിൽ സ്റ്റാറ്റിസ്റ്റിക്സ് ഇക്കണോമിക്സ് കോഴ്സുകളുടെ ടീച്ചിങ്ങ് അസിസ്റ്റന്റ് ആയി കൂടി സേവനമനുഷ്ഠിക്കുന്നു. TRU ഓപ്പൺ പ്രസ്സ് പ്രസിദ്ധീകരിച്ച In the shadow of the Hills: Socio-Economic Struggles in Kamloops എന്ന പുസ്തകത്തിന്റെ സഹ രചയിതാവ് കൂടിയാണ് ശ്രീ. ഉണ്ണികൃഷ്ണൻ.



TRU ഇക്കണോമിക്സ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്നത് ഉൾപ്പെടെ നിരവധി നേതൃപാടവങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. നിലവിൽ ഡീൻസ് സ്റ്റുഡന്റ് അഡ്വൈസറി കൗൺസിൽ അംഗമായ അദ്ദേഹം ബാങ്ക് ഓഫ് കാനഡ ഗവർണറുടെ ചലഞ്ചിൽ പങ്കെടുത്തു, അവിടെ അദ്ദേഹം മാക്രോ ഇക്കണോമിക് പ്രവചനത്തിലും നയ വിശകലനത്തിലും പ്രവർത്തിച്ചു.

തെളിവുകൾ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ഗവേഷണത്തിനും നയ വിലയിരുത്തലിനും പിന്തുണ നൽകുന്നതിനായി വിപുലമായ അളവ് കഴിവുകൾ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ, ഇക്കണോമെട്രിക്സിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ബിരുദാനന്തര പഠനം നടത്താനാണ് ശ്രീ. ഉണ്ണികൃഷ്ണൻ ലക്ഷ്യമിടുന്നത്.

മഹാദേവമംഗലം പിഷാരത്ത് ശ്രീമതി രമണിയുടെയും പാലൂർ കദളീവനത്തിൽ ശ്രീ. മധുവിന്റെയും രണ്ടാമത്തെ മകൻ ആണ് ശ്രീ. ഉണ്ണികൃഷ്ണൻ. ജ്യേഷ്ഠൻ അർജുൻ കദളീവനം കാനഡ മിനിസ്ട്രിയിൽ എക്കണോമിക്സ് റിസർച്ച് അനലിസ് ആയി പ്രവർത്തിക്കുന്നു.

ശ്രീ. ഉണ്ണികൃഷ്ണൻ കദളീവനത്തിന് (ക്രിസ് കദളീവനം) പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ്സൈറ്റിന്റെയും അഭിനന്ദനങ്ങൾ. ●

കഥ

# ഭാഗ്യം



**ടി.ആർ. രഘുനന്ദനൻ**
**ഫോൺ: 9847169725**

**പ**തിവുപോലെ റേഡിയോവിലെ പാട്ടുകേട്ട് ഉറങ്ങാൻ കിടന്നു. വാതിലിനരുകിൽ കാൽപെരുമാറ്റം കേട്ട് പെട്ടെന്ന് എഴുന്നേറ്റു. മുത്തശ്ശി!

എന്താ മുത്തശ്ശി? ഞാൻ ആകാംക്ഷയോടെ ചോദിച്ചു.

നിയ്യ് കാലത്ത് ഗുരുവായൂരു നിന്ന് തൊഴുതു മടങ്ങുമ്പോ അമ്പലത്തിന്റെ കിഴക്കേനടയിൽ നിന്ന് തന്നെ ടിക്കറ്റ് വാങ്ങണം.

എന്ത് ടിക്കറ്റ്? ഞാൻ ഉദ്വേഗത്തോടെ ചോദിച്ചു. (മറന്നതല്ല. മുത്തശ്ശി അതു മറക്കാൻ ഒരവസരം തന്നിട്ടില്ല്യ മുത്തശ്ശിയെ ഒന്നു ശുണ്ഠി പിടിപ്പിക്കാൻ പറഞ്ഞതാ)

ഭാഗ്യക്കുറി ടിക്കറ്റേ.... ഇത്രവേഗം മറന്നോ?..

ഞാൻ മറക്ക്വോ മുത്തശ്ശി... ഞാൻ മുത്തശ്ശിയെ വെറുതെയൊന്നു....

ഉള്ളിലൂറിയ ചിരി പുറത്തുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

മുത്തശ്ശിക്കു പ്രായം എൺപതു കഴിഞ്ഞിരിക്കുന്നു. ധനമോഹം ഇനിയും അടങ്ങിയിട്ടില്ല ഈ പ്രായത്തിലും ഭാഗ്യാന്വേഷണം തന്നെ. എന്തു ചെയ്യാം. മുത്തശ്ശിക്ക് നല്ല സമ്പാദ്യമുണ്ട്.... മാസം നല്ല പെൻഷനും കിട്ടും ഏതോ ഒരു നറുക്കെടുപ്പിൽ ഒരു ലക്ഷം രൂപസമ്മാനം കിട്ടി. അതിലെ പകുതി തുക അന്നദാനത്തിനും ബാക്കി പകുതി ഭാഗവത സപ്താഹത്തിനും കൊടുത്തു.

കാലത്ത് നേരത്തെ എഴുനേറ്റ് കുളിയും ജപവുമൊക്കെ കഴിഞ്ഞ് പോകാനൊരുങ്ങിയപ്പോഴും മുത്തശ്ശി ഓർമ്മക്കുറിപ്പെന്നപോലെ വാതിലിന്റെ മുന്നിലെത്തി തിരക്കിനിടയിൽ മറക്കരുത് ട്ടോ...

ഇല്ല മുത്തശ്ശി ഗുരുവായൂരപ്പനാണെ ഞാൻ മറക്കില്ല.

മുത്തശ്ശി അകത്തേക്ക് പോയപ്പോൾ സുനന്ദ പറഞ്ഞു.

ഈ മുത്തശ്ശിക്കന്താ ഭ്രാന്താ.... ഈ വയസ്സുകാലത്തും ഭാഗ്യാമ്പഷണം. രണ്ടു ബമ്പർ ടിക്കറ്റു വാങ്ങുന്ന കാശോണ്ട് ഒരു മാസത്തേക്കുള്ള പിണ്ഡ തൈലം വാങ്ങാം.

സുനന്ദയുടെ ശബ്ദം ഉയരാൻ തുടങ്ങിയപ്പോൾ ഞാൻ ഇടപെട്ടു.

പോട്ടെ സാരംല്യ.

അമ്പലത്തിൽ നല്ല തിരക്ക്. സമയം ഉറപ്പുവരുത്തി വെർച്വൽ ക്യൂവിൽ ബുക്ക് ചെയ്തിരുന്നതാണ്. പക്ഷെ അതൊന്നും ഉദ്ദേശിച്ച ഗുണം ചെയ്തില്ല

മൂന്നു മണിക്കൂറോളം കാത്തിരുപ്പ് തുടർന്നു. മണ്ഡലകാലമായതു കൊണ്ട്, കൂടുതലും അയ്യപ്പൻമാരുടെ തിരക്കു തന്നെ. ഒരുവിധം തൊഴുതു പുറത്തിറങ്ങി.

പുറത്തിറങ്ങിയപ്പൊൾ മനസ്സൊന്നു കുളിർത്തു. ശരീരവും വിശപ്പ് അതിന്റെ പാരമ്യ ഭവത്തിലെത്തിയിരിക്കുന്നു. എന്തെങ്കിലും കഴിക്കണം

അന്നദാനത്തിന്റെ ക്യൂവിൽ കയറണോ? ക്യൂവിന്റ നീളം കണ്ടപ്പോൾ ആ ഉദ്യമം ഉപേക്ഷിച്ചു.

കിഴക്കേ നടയിലുള്ള ലഞ്ച് ഹോമിൽ നിന്ന് ഭക്ഷണം കഴിച്ച് ധൃതിയിൽ നടന്നു. മുത്തശ്ശിയുടെ ഓർമ്മപ്പെടുത്തലുകൾ പെട്ടെന്ന് മനസ്സിലേക്ക് ഓടി വന്നു. ബസ്സ് സ്റ്റോപ്പിലെത്തും വരെയും ഒരു ലോട്ടറി കച്ചവടക്കാരനെയും കണ്ടില്ല. പുറപ്പെട്ടുനിന്നിരുന്ന ബസ്സിൽ ചാടിക്കയറി. ഭാഗ്യം! സീറ്റ് കിട്ടി. ചൂടിന്റെയും തണുപ്പിന്റെയും സമ്മിശ്രമായ കാറ്റ് കണ്ണുകളെ തഴുകി. കലശലായക്ഷീണം കാരണം ഒന്നു മയങ്ങി കണ്ണുതുറന്നപ്പോൾ ബസ്സ് കുന്നംകുളം സ്റ്റാൻഡിൽ.

ഇതിനിടയിൽ ബസ്സിന്റെ മുൻവാതിലിലൂടെ ഒരു ലോട്ടറികച്ചവടക്കാരൻ ബസ്സിൽ കയറി. പതിവുപോലെ അയാൾ യാത്രക്കാരോട് ടിക്കറ്റ് വാങ്ങാൻ യാചിച്ചുകൊണ്ടിരുന്നു. ആരും ടിക്കറ്റ് വാങ്ങിയില്ല. ആരും വാങ്ങാതിരിക്കാനുള്ള കാരണം ടിക്കറ്റിന്റെ അമിതവിലയാണെന്നു തോന്നി. അയാളെ അതിശയിപ്പിക്കുവാനായി ഞാൻ 500 രൂപയെടുത്ത് കൈയിൽപിടിച്ചു കാത്തിരുന്നു

ആ പാവം അതിശയകരമായ സന്തോഷത്തിലെത്തുന്നതിന്റെ ദൃശ്യം ഭാവനയിൽ കണ്ടു. ബസ്സ് പതുക്കെ നീങ്ങിത്തുടങ്ങിയപ്പോൾ നിരാശനാ

യി അയാൾ മുൻവാതിലിലൂടെ ചാടിയിറങ്ങി. സീറ്റിൽ എഴുന്നേറ്റു നിന്ന് അയാളെ വിളിക്കാൻ ശ്രമിച്ചെങ്കിലും അയാൾ നടന്നു നീങ്ങിയിരുന്നു.

മനസ്സിൽ അകാരണമായ ഒരു നിരാശ തോന്നി. ബസ്സിൽ കയറുമ്പോൾ തന്നെ മുൻ സീറ്റുകളിലൊന്നിൽ ഇരുന്നാൽ മതിയായിരുന്നു. ഒഴിഞ്ഞു കിടക്കുന്ന പിൻസീറ്റിലായതു കൊണ്ട് ടിക്കറ്റു വാങ്ങാൻ പറ്റിയില്ല. സാരമില്ല! വടക്കാഞ്ചേരിയിലെത്തുമ്പോഴേക്കും ഇനിയും ആരെങ്കിലും വരാതിരിക്കില്ല! മനസ്സ് ആശ്വസിച്ചു.

ബസ്സ് അധികം താമസിയാതെ വടക്കാഞ്ചേരി സ്റ്റാൻഡിലെത്തി. വടക്കാഞ്ചേരിയിലും ഒരു ലോട്ടറിക്കാരനും വന്നില്ല. നിർഭാഗ്യം അതോ ഭാഗ്യമോ?

മുത്തശ്ശിയോടെന്തു സമാധാനം പറയും. മുത്തശ്ശി 500 രൂപ നോട്ടാണ് തന്നിരിക്കുന്നത്. 2 ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങി ബാക്കി 100 രൂപ മുത്തശ്ശിക്കു തിരിച്ചു കൊടുക്കണം.

ബസ്സ് അമ്പലനടയിലെത്തി. ഭാഗ്യം! അന്നപൂർണ്ണ സ്റ്റോറിന്റെ ഓരംചാരി ഒരു ലോട്ടറിക്കാരനിരിക്കുന്നു എന്തൊരു ദൈവാധീനം!

തേടിയ വള്ളി കാലിൽ ചുറ്റിയിരിക്കുന്നു. പള്ളിപ്പുറത്തപ്പനെയും ഭഗവതിയെയും മനസ്സിൽ ധ്യാനിച്ചു. ശരിക്കും പറഞ്ഞാൽ അതാണ് ഭാഗ്യം. ലോട്ടറി ടിക്കറ്റുകാരന്റെ അടുത്തേക്ക് കുതിച്ചു. അയാൾ ആവേശത്തോടെ ഏറെ സന്തോഷത്തോടെ മാസ്ക് മാറ്റി നീട്ടിയൊന്ന് മൂക്ക് ചീറ്റി.

ദൈവമേ ഇതോന്തൊരു പരീക്ഷണമാണ്? ഇതോടെ ഭാഗ്യക്കുറി ഉദ്യമം ഉപേക്ഷിച്ചു നടന്നു. ലോട്ടറിക്കാരന്റെ മുഖത്തുണ്ടായ പ്രസാദം പെട്ടന്നു മങ്ങി.

പാവം ഇന്ന് അധികം ടിക്കറ്റുകളൊന്നും. വിറ്റിട്ടില്ലെന്നു ആ മുഖഭാവം പ്രകടമാക്കുന്നു. മുത്തശ്ശിയോട് എന്തു സമാധാനം പറയുമെന്ന് ആലോചിച്ചു നടന്നു.

മുത്തശ്ശിയോടു പറയേണ്ട സമാധാനത്തെ കുറിച്ചോർത്തപ്പോൾ നടത്തത്തിന്റെ വേഗത കുറഞ്ഞു.

വീട്ടുമുറ്റത്തെത്തി. പടിവതിൽക്കൽ ആരോ നിൽപ്പുണ്ട്. മുത്തശ്ശിയായിരിക്കുമോ? മനസ്സൊന്നിടറി.

അല്ല ഭാഗ്യം! സുനന്ദയാണ്.

ബാലേട്ടന്റെ മൊബൈലിനെന്തുപറ്റി? എപ്പോ വിളിക്കുമ്പോഴും ഓഫാണല്ലോ?

സുനന്ദ ആവലാതി പറഞ്ഞു.

ഒന്നും പറയേണ്ട ചാർജ് ചെയ്യാൻ മറന്നു. എന്താ മുത്തശ്ശിയെന്തെങ്കിലും...

വിഷയം അതു തന്നെ. മുത്തശ്ശി അന്വേഷിച്ചത് ടിക്കറ്റ് വാങ്ങണ്ടാ എന്ന് പറയാനാ.

വൃക്ഷങ്ങളെ തഴുകിവന്ന കാറ്റ് കുറെനേരം അവിടെ തങ്ങി. ഇതിനകം മുത്തശ്ശിയും എത്തി.

നീയ് ടിക്കറ്റ് വാങ്ങിയിട്ടില്ല്യാലോ അല്ലേ. ആ രൂപ ഇങ്ങോട്ട് കൊണ്ട്വാ. അപ്പുറത്തെ ഗോപിക്ക് സുഖം ഇല്ലാത്രെ ആശുപത്രിപോണംന്ന്. അവന്റെ ഭാര്യ രണ്ടു പ്രാവശ്യം വന്നിരുന്നു. ഞാൻ ഗുരുവായൂരപ്പനോട് പ്രാർത്ഥിക്കുകയായിരുന്നു നീ ആ രൂപ ചെലവാക്കാതെ തിരിച്ചു കൊണ്ടവരണേന്ന്.

വീടിന്റെ മുമ്പിലുള്ള ഗുരുവായൂരപ്പന്റെ ഫോട്ടോയിലേക്ക് നോക്കി പ്രസന്നമായ ആ മുഖം ഒന്നുകൂടി പ്രസാദാത്മകമായോ? ●

# ഡോക്ടർ അച്യുത് വേണുഗോപാലിന് അഭിനന്ദനങ്ങൾ



Earth and Climate Science ൽ ശ്രീ. അച്യുത് വേണുഗോപാൽ Doctor of Philosophy നേടി. പ്രധാനമന്ത്രിയുടെ ഗവേഷണ ഫെല്ലോഷിപ്പോടെ (PMRF) പൂനെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ചിൽ (IISER) ആയിരുന്നു ഗവേഷണം.

പാലക്കാട് പുതുശ്ശേരി ജവഹർ നഗർ ഇന്ദീവരത്തിൽ കരിമ്പുഴ പഴയപിഷാരത്ത് വേണുഗോപാലന്റെയും ആമയൂർ പിഷാരത്ത് ശ്രീമതി ഉഷയുടെയും മകനായ ശ്രീ. അച്യുത് ഇപ്പോൾ ഗോവ നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷ്യൻ റിസർച്ചിൽ (NCPOR) പ്രോജക്ട് സയന്റിസ്റ്റ് ആയി ജോലി ചെയ്യുന്നു. സഹോദരി ആർദ്ര വേണുഗോപാൽ അയർലന്റ് JLR ൽ എഞ്ചിനീയർ ആണ്.

ഡോക്ടർ അച്യുത് വേണുഗോപാലിന് പിഷാരോടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ്സൈറ്റിന്റെയും അഭിനന്ദനങ്ങൾ.

# അമ്മ

സതി ചെറുകാട്ടുപിഷാരം



ഘടികാരചക്രങ്ങൾ
പുലർകാലമറിയിച്ച
നേരത്തുണർന്നിരുന്നമ്മ
തൂമഞ്ഞു തുള്ളികളെ
വെയിൽകോരി മാറ്റിയ-
തറിഞ്ഞിരുന്നെന്നുമമ്മ
കുന്നോളമുയരും വിഴുപ്പലക്കി
വിയർത്തൊട്ടിയ ദേഹമാണമ്മ
അച്ഛൻ വഴക്കടിച്ചകലുമ്പൊ-
ഴെപ്പൊഴും തേങ്ങിക്കരഞ്ഞിരുന്നമ്മ
ഉപ്പില്ല, മുളകില്ല, കറികൾക്ക്
രുചിയില്ല കേട്ടു സഹിച്ചിരുന്നമ്മ
വിദ്യാലയം കഴിഞ്ഞെത്തുന്ന
നേരത്ത് വാതിൽക്കലെത്തി-
വയർനിറച്ചുണ്ണാതെ ഉണ്ണിയെ
ഊട്ടിയ നന്മയാണെന്നുമെന്നമ്മ
ദാരിദ്ര്യദുഃഖത്തെ മാലോകരറിയാതെ
കാത്തൊരു മൗനമാണമ്മ
ഓടിക്കിതച്ചുണ്ണി വാടിത്തളർന്നൊ
രാസമയത്ത് പാലൂട്ടിയമ്മ
പനിപിടിച്ചെന്തിനോ കരയുന്ന-
നേരത്തെ ജീവനായമ്മ
സ്നേഹം പകുത്തിടും നേരത്ത്
കൈവിറക്കൊത്തൊരാവാത്സല്യമമ്മ
രാവേറെ വൈകിലും സമയത്ത്
പാടിയുറക്കിയൊരമ്മ
താളം മറന്നിട്ടു താരാട്ടുചൊല്ലിയ
നേരത്ത് വായ്ത്താരിയാണമ്മ
തന്നിഷ്ടമെന്നും മറന്നുവെച്ചിട്ട്
ജീവിതം തീർത്തതെന്റെയമ്മ
പേറ്റുനോവിന്റെ കണക്കുമായെ-
ത്താതെ അറിയാതെയുരുകിയതെന്റെയമ്മ
മാനത്ത് താരകപൂക്കൾ വിരിഞ്ഞത്
കാണിച്ചു തന്നതെന്റെയമ്മ
പണിയെടുത്തിട്ട് തളർന്നിരുന്നപ്പോഴും
നടുനിവർത്താത്തതെന്റെയമ്മ
കഷ്ടകാലത്തിന്റെ വഴിയടച്ചീടുകിൽ
തേവരെ കൈകൂപ്പിയമ്മ
ദിക്കറിയാതെയീജീവിതസാഗരം
താണ്ടിയ പായ്‌വഞ്ചിയാമമ്മ
നിറമുള്ള സ്വപ്നങ്ങൾ കാണാൻ
കഴിയാതെ ഉഴറിയയേഴയെന്റമ്മ
അശ്രുബിന്ദുക്കളെ മന്ദസ്മിതം-
കൊണ്ടുമൂടിയ പൂനിലാവമ്മ
അമ്മക്കു തുല്യമീ അമ്മമാത്രം
എന്നു പറയാതെ അറിയിച്ചൊരമ്മ
എന്നെ ഞാനാക്കിമാറ്റിയോരമ്മ
എന്നെ ഞാനാക്കിമാറ്റിയോരമ്മ....

## പിഷാരോടി സമാജം ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | : | ശ്രീ. എ. രാമചന്ദ്ര പിഷാരോടി |
| വൈസ് പ്രസിഡണ്ടുമാർ | : | ശ്രീ. കെ.പി. മുരളി |
| | | ശ്രീ. സി.പി. രാമചന്ദ്രൻ |
| ജനറൽ സെക്രട്ടറി | : | ശ്രീ. കെ.പി. ഹരികൃഷ്ണൻ |
| ജോയന്റ് സെക്രട്ടറിമാർ | : | ശ്രീ. വി എം ഉണ്ണികൃഷ്ണൻ |
| | | ശ്രീ. മുരളി പിഷാരോടി, മാപ്രാണം |
| ട്രഷറർ | : | ശ്രീ. സി.ജി. കുട്ടി |
| തുളസീദളം മാനേജർ | : | ശ്രീ. ആർ.പി. രഘുനന്ദനൻ |

## പിഷാരോടി എജ്യുക്കേഷണൽ & വെൽഫയർ സൊസൈറ്റി

| | | |
|---|---|---|
| വൈസ് പ്രസിഡണ്ട് | : | ശ്രീ. വി.പി. മധു |
| സെക്രട്ടറി | : | ശ്രീ. എ. അജയകുമാർ |
| ജോയന്റ് സെക്രട്ടറി | : | ശ്രീ. കെ.പി. ആനന്ദ് കുമാർ |
| ട്രഷറർ | : | ശ്രീ. രാജൻ എ. പിഷാരോടി |
| അംഗങ്ങൾ | : | ശ്രീമതി എ.പി. ഗീത, ശ്രീ ഋഷികേശ് പിഷാരടി |
| | | ശ്രീ ടി.പി. ഗോപാലകൃഷ്ണൻ, ശ്രീ എ.ആർ. ഉണ്ണി |

## പിഷാരോടി പിൽഗ്രിമേജ് & ടൂറിസം ഡെവലപ്പ്മെന്റ് ട്രസ്റ്റ്

| | | |
|---|---|---|
| വൈസ് പ്രസിഡണ്ട് | : | ശ്രീ. രാജൻ രാഘവൻ |
| സെക്രട്ടറി | : | ശ്രീ. കെ.പി. രവി |
| ജോയന്റ് സെക്രട്ടറി | : | ശ്രീ. പി. മോഹനൻ |
| ട്രഷറർ | : | ശ്രീ. എ.പി. ഗോപി |
| അംഗങ്ങൾ | : | ശ്രീ. ഐ.പി. ഉണ്ണികൃഷ്ണൻ, ഡോ. വി.എം. വാസുദേവൻ |
| | | ശ്രീ. അശോക് കുമാർ, ശ്രീ. എം.ഡി. രാധാകൃഷ്ണൻ |
| | | ശ്രീ. കെ.പി. ഹരികൃഷ്ണൻ (ജന. സെക്രട്ടറി) |
| | | ശ്രീ. എ. അജയകുമാർ (സെക്രട്ടറി, PE&WS) |

## തുളസീദളം

| | | |
|---|---|---|
| മുഖ്യ പത്രാധിപർ | : | ശ്രീമതി എ.പി. സരസ്വതി |
| പത്രാധിപർ | : | ശ്രീ. ഗോപൻ പഴുവിൽ |
| സഹ പത്രാധിപർ | : | ശ്രീ. ഗോകുലകൃഷ്ണൻ |
| അസി. മാനേജർ | : | ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം |



***With best compliments from***

LL 04872320835
Mob: 9633898468
Mob: 9744187674

# GK GROUP

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# കേന്ദ്ര സംയുക്ത ഭരണസമിതി യോഗ റിപ്പോർട്ട്

**പി**ഷാരോടി സമാജം, PE & WS, PP & TDT, തുളസീദളം എന്നിവയുടെ ഭരണസമി അംഗങ്ങളുടെയും ശാഖാ സെക്രട്ടറി പ്രസിഡണ്ടുമാരുടെയും സംയുക്ത ഭരണസമിതി യോഗം 22/06/2025 ഞായറാഴ്ച്ച രാവിലെ 10.30 സമാജം ആസ്ഥാനമന്ദിരത്തിൽ പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

പുതിയ ഭരണസമിതിയുടെ ആദ്യ സംയുക്ത ഭരണസമിതി യോഗമായതിനാൽ സമാജം പ്രസിഡണ്ടിൻെറ നേതൃത്വത്തിൽ നിലവിളക്ക് കൊളുത്തി യോഗനടപടികൾ ആരംഭിച്ചു.

PP&TDT വൈസ് പ്രസിഡണ്ട് ശ്രീ. രാജൻ രാഘവന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

ജനറൽ സെക്രട്ടറി കെ.പി. ഹരികൃഷ്ണൻ പങ്കെടുക്കുന്ന എല്ലാ ഭരണസമിതി അംഗങ്ങളേയും സ്വാഗതം ചെയ്തു.

ഇക്കഴിഞ്ഞ കാലയളവിൽ നമ്മെവിട്ടു പിരിഞ്ഞ ബന്ധുജനങ്ങളുടെ വിയോഗത്തിലും അഹമ്മദാബാദ് വിമാനാപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും വേണ്ടി മൗനപ്രാർത്ഥനയോടെ അനുശോചനം രേഖപ്പെടുത്തി.

ശ്രീ. എ. രാമചന്ദ്ര പിഷാരോടി തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ മെയ് 25ന് ഇരിഞ്ഞാലക്കുടയിൽ വച്ച് സമയ ബന്ധിതമായും ഭംഗിയായും നടത്തിയ വാർഷികയോഗത്തിൻെറ സംഘാടകരെ അനുമോദിച്ചു.

കൂട്ടായ പ്രവർത്തനമാണ് ഇനി വേണ്ടത് എന്നും സമാജപ്രവർത്തനത്തിൽ നിന്നും ആരും അകന്നു പോകാതെ നോക്കേണ്ടത് ഭരണസമിതിയുടെ കടമയാണെന്നും പറഞ്ഞു.

2027ൽ പിഷാരോടി സമാജത്തിന്റെ 50-ാം വാർഷികം നടത്തേണ്ടത് ഈ ഭരണസമിതിയുടെ നേതൃത്വത്തിൽ ആവും. അതിൻെറ തയ്യാറെടുപ്പുകൾ ആരംഭിക്കണമെന്നും പ്രസിഡണ്ട് ആഹ്വാനം ചെയ്തു.

കേന്ദ്ര ഭരണസമിതിയിൽ പ്രാതിനിധ്യം ഇല്ലാത്ത ശാഖകളുടെ പ്രതിധികളെ ഉൾപ്പെടുത്തൽ, വനിത പ്രാതിനിധ്യം, നിർജ്ജീവമായ ശാഖകളെ പുനരുദ്ധരിക്കൽ, പെൻഷൻ പദ്ധതി, അവാർഡ് & സ്കോളർഷിപ്പ്, ഗുരുവായൂർ ഗസ്റ്റ് ഹൗസ് പ്രവർത്തനങ്ങൾ, തുളസീദളം, വെബ്സൈറ്റ്, രാമായണമാസാചരണം തുടങ്ങി നിരവധി വിഷയങ്ങൾ ചർച്ചചെയ്യാനുണ്ട്. അതിൽ എല്ലാവരും സജീവമായി പങ്കെടുക്കണം എന്നും പ്രസിഡണ്ട് പറഞ്ഞു.

തുടർന്ന് താഴെ പറയുന്ന വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

### 1) കേന്ദ്ര വാർഷിക അവലോകനം

ഇരിഞ്ഞാലക്കുടയിൽ വച്ച് മെയ് 25ന് നടന്ന വാർഷികം സമയബന്ധിതമായി നടന്ന ഔദ്യോഗിക ചടങ്ങുകളെക്കൊണ്ടും കലാപരിപാടികളുടെ നിറവുകൊണ്ടും വളരെ ഭംഗിയായി എന്ന് കേന്ദ്ര ഭരണസമിതി അഭിപ്രായപ്പെട്ടു.

സംഘാടകരായ ഇരിഞ്ഞാലക്കുട ശാഖാ ഭാരവാഹികളേയും അംഗങ്ങളേയും അനുമോദിച്ചു.

സൗണ്ട് & ലൈറ്റ് കുറച്ചു കൂടി നല്ലതാക്കാമായിരുന്നു എന്നും യോഗം വിലയിരുത്തി.

സംഭാവന കൂപ്പണുകൾ മുഴുവനായും തിരിച്ചു കിട്ടിയ ശേഷം അടുത്ത യോഗത്തിൽ വാർഷികാഘോഷത്തിൻെറ കണക്ക് അവതരിപ്പിക്കാം എന്ന് ഇരിഞ്ഞാലക്കുട ശാഖക്ക് വേണ്ടി ശ്രീ. രാജൻ എം പിഷാരോടി പറഞ്ഞു.

ശ്രീ. രാജൻ രാഘവൻ (കൊടകര), ശ്രീ. വി.പി. മധു (ചൊവ്വര), ശ്രീമതി ഐ.പി. വിജയലക്ഷ്മി (ഗുരുവായൂർ), ശ്രീ. കെ.പി. ആനന്ദ്കുമാർ (ആലത്തൂർ), ശ്രീ. ദേവദാസ് (തിരുവനന്തപുരം) എന്നിവർ വാർഷികാഘോഷത്തിന്റെ അവലോകനം നടത്തി.

### 2) കേന്ദ്ര ഭരണസമിതിയിൽ ശാഖകളുടെ പ്രാതിനിധ്യം

പുതിയ ഭരണസമിതിയിൽ പ്രാതിനിധ്യമില്ലാത്ത (ശാഖാ പ്രസിഡണ്ട്, സെക്രട്ടറി എന്നിവർക്ക് പുറമെ) ശാഖകളെ ഉൾപ്പെടുത്തണം എന്നും ഇന്റേണൽ ആഡിറ്റർ, മേഖലാ കോർഡിനേറ്റർമാർ വനിത പ്രതിധികൾ എന്നിവരെയും നിർദ്ദേശിക്കണം എന്ന സമാജം ഉന്നതാധികാര സമിയിൽ തീരുമാനിച്ച പ്രകാരം ഇന്റേണൽ ആഡിറ്റർ ആയി ശ്രീ. എം.പി. ഹരിദാസ് (കോങ്ങാട്), ശ്രീ. ജെ. സി. പിഷാരോടി (തിരുവനന്തപുരം) ദക്ഷിണ മേ

ഖല കോർഡിനേറ്റർ ശ്രീ. ടി.പി. ശശികുമാർ (മുംബൈ) വെബ്സൈറ്റ് പ്രതിനിധി ശ്രീമതി എം.പി. ഉഷ (കോങ്ങാട്), വനിത പ്രതിനിധി ശ്രീ. എം.പി. രാമചന്ദ്രൻ (പാലക്കാട്), ഉത്തരമേഖല കോർഡിനേറ്റർ ശ്രീ. സി.ജി. മോഹനൻ (ഇരിഞ്ഞാലക്കുട) മദ്ധ്യമേഖല കോർഡിനേറ്റർ ശ്രീമതി രഞ്ജിനി ഗോപി (തൃശൂർ), വനിത പ്രതിനിധി എന്നിവരെ യോഗം നിർദ്ദേശിച്ച് അംഗീകരിച്ചു.

കേരളേതര മേഖലകോർഡിനേറ്ററായി മുംബൈ ശാഖയിൽ നിന്നും പ്രതിനിധിയെ നിർദ്ദേശിക്കുവാൻ മുംബൈശാഖയോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

സജീവമല്ലാതെയിരിക്കുന്ന ശാഖകളെ പുന:സംഘടിപ്പിക്കാൻ പിഷാരോടി സമാജം വൈസ് പ്രസിഡണ്ട് ശ്രീ. സി.പി. രാമചന്ദ്രൻ ചെയർമാനായും ശ്രീ. അശോക് കുമാർ (കോട്ടയം) ശ്രീ. എ.ആർ. ഉണ്ണി (മഞ്ചേരി) എന്നിവർ അംഗങ്ങളും ആയ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

ശ്രീ. കെ.പി. ഗോപകുമാർ (തൃശൂർ) നെ പ്രത്യേക ക്ഷണിതവായി കേന്ദ്ര സംയുക്ത ഭരണ സമിതി യോഗങ്ങളിൽ ഉൾപ്പെടുത്തണം എന്ന് പ്രസിഡണ്ട് നിർദ്ദേശിച്ചത് യോഗം അംഗീകരിച്ചു.

### 3) തുളസീദളം

തുളസീദളത്തിൻെറ പത്രാധിപസമിതി അംഗങ്ങളായി –

ചീഫ് എഡിറ്റർ: ശ്രീമതി എ.പി. സരസ്വതി

എഡിറ്റർ: ശ്രീ. ഗോപൻ പഴുവിൽ

സബ് എഡിറ്റർ: ശ്രീ. ഗോകുലകൃഷ്ണൻ

അംഗങ്ങൾ: ശ്രീ. സി.പി. അച്യുതൻ, ശ്രീ. മുരളി മാന്നന്നൂർ, ശ്രീ. കെ.എൻ. വിജയൻ, ശ്രീമതി വൈക സതീഷ്, ശ്രീ. അനൂപ് രാഘവൻ (കവർ ഡിസൈനിങ്), ശ്രീ രാമചന്ദ്രൻ മാങ്കുറ്റിപ്പാടം (അസി. മാനേജർ) എന്നിവരെ യോഗം അംഗീകരിച്ചു.

തുളസീദളം ഒണപ്പതിപ്പ് ഭംഗിയായി ഇറക്കേണ്ടകാര്യത്തെക്കുറിച്ച് എഡിറ്റർ ശ്രീ. ഗോപൻ പഴുവിൽ പറഞ്ഞു.

### 4) PE & WS

PET 2000 പെൻഷൻ പദ്ധതിയിലെ രണ്ട് ഒഴിവുകളിലേക്ക് വന്ന അപേക്ഷകളും കേന്ദ്ര വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. മുരളിയുടെ നേതൃത്വത്തിൽ ശ്രീ. വി.പി. രാധാകൃഷ്ണൻ, PE&WS സെക്രട്ടറി ശ്രീ. അജയകുമാർ, PE & WS ട്രഷറർ ശ്രീ. രാജൻ എ. പിഷാരോടി എന്നിർ നേരിട്ട് പോയി അന്വേഷിച്ചതിൻെറ വിവരങ്ങൾ ശ്രീ. കെ.പി. മുരളി വിശദീകരിച്ചു. അതിൻ പ്രകാരം ആലത്തൂർ ശാഖയിലെ ശ്രീമതി പാർവ്വതി പിഷാരസ്യാർ, തിരുവനന്തപുരം ശാഖയിലെ ശ്രീമതി പത്മാവതി പിഷാരസ്യാർ എന്നിവരെ പെൻഷൻപദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

ഇതിൽ ആലത്തൂർ ശാഖയിലെ ശ്രീമതി പാർവ്വതി പിഷാരസ്യാർക്ക് താമസിക്കാൻ സുരക്ഷിതമായ ഒരു സംവിധാനം കൂടി ചെയ്തു കൊടുക്കേണ്ടതാണ് എന്ന ശുപാർശപ്രകാരം കേന്ദ്ര പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, PE&WS വൈസ് പ്രസിഡണ്ട്, PP & TDT സെക്രട്ടറി എന്നിവർ അടങ്ങുന്ന സമിതി ആലത്തൂർ ശാഖാ ഭാരവാഹികളോടൊപ്പം നേരിട്ട് പോയി വിലയിരുത്തുവാൻ തീരുമാനിച്ചു

കോട്ടയം ശാഖയിൽ നിന്നും വൃക്ക സംബന്ധമായ രോഗത്തിനുള്ള ചികിത്സാസഹായ അപേക്ഷയും ഹൃദയ ശസ്ത്രക്രിയ നടത്തുവാൻ ചികിത്സാസഹായത്തിന് വന്ന അപേക്ഷയും അംഗീകരിച്ച് പതിനായിരം രൂപവീതം അനുവദിച്ചു.

അവാർഡ് & സ്കോളർഷിപ്പ് നിർണയ സമിതിയിൽ മുൻ PE & WS സെക്രട്ടറി ഡോ. പി.ബി. രാംകുമാർ, കൊടകരശാഖയിലെ ഡോ. എം.പി. രാജൻ എന്നിവരെ ഉൾപ്പെടുത്തണം എന്ന് യോഗം നിർദ്ദേശിച്ചു.

### 5) PP & TDT

ഗുരുവായൂർ ഗസ്റ്റ് ഹൗസിൻെറ കാര്യങ്ങളും PP & TDT ഭരണസമിതി യോഗ വിവരങ്ങളും സെക്രട്ടറി ശ്രീ. കെ.പി. രവി വിശദീകരിച്ചു

ഡെപ്പോസിറ്റ് നല്കിയ അംഗങ്ങൾക്ക് പലിശകൊടുക്കേണ്ട കാര്യങ്ങളും ബിസിനസ് പരമായ കണക്കുകളുടെ കാര്യങ്ങൾ എന്നിവ എത്രയും വേഗം സാമ്പത്തിക വിദഗ്ധരുമായി വിശദമായി ചർച്ചചെയ്യാൻ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, PP & TDT സെക്രട്ടറി, PP & TDT ട്രഷറർ എന്നിവരെ ചുമതലപ്പെടുത്തി.

ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ നാലാം നിലയിൽ പുതിയ സ്യൂട്ട് റൂമുകൾ പണിയിപ്പിക്കുവാൻ അതുമായി ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിദഗ്ധരോട് ചർച്ച ചെയ്തു റിപ്പോർട്ട് തേടാനും മേൽപ്പറഞ്ഞവരെ ചുമതലപ്പെടുത്തി.

2025 ആഗസ്റ്റ് 15ന് PP & TDT മെമ്പർമാരുടെ വാർഷിക പൊതുയോഗം ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു.

### 6) സമാജം വെബ്സൈറ്റ്

കഴിഞ്ഞ കുറെ വർഷങ്ങളായി സമാജം വെബ്സൈറ്റ് അഡ്മിൻ ആയിരുന്ന ശ്രീ. വി.പി. മുര

ളീധരന് ഔദ്യോഗികവും വ്യക്തിപരവുമായ കാരണങ്ങളാൽ തുടരാൻ പറ്റാത്ത സാഹചര്യത്തിൽ നേരത്തെ മുതൽ തന്നെ വെബ്ടീമിൽ ഉണ്ടായിരുന്ന ശ്രീ. ടി.പി. ശശികുമാർ (മുംബൈ) ആണ് അദ്ദേഹത്തിൻെറ ഔദ്യോഗിക തിരക്കുകൾക്കിടയിലും തല്ക്കാലം കാര്യങ്ങൾ മേൽനോട്ടം വഹിക്കുന്നത്.

ശ്രീ. മനീഷ് മോഹനൻ, ശ്രീ. സരീഷ് എന്നിവരെക്കൂടി വെബ് ടീമിൽ ഉൾപ്പെടുത്തുവാനും കഴിവും താല്പര്യവുമുള്ള കുറച്ചു യുവജനങ്ങളെ ക്കൂടി ഇതിൽ ചേർക്കാനും തീരുമാനിച്ചവിവരം ശ്രീ. രാജൻ രാഘവൻ യോഗത്തെ അറിയിച്ചു.

### 7) രാമായണമാസാചരണം

കഴിഞ്ഞ നാലുവർഷങ്ങളായി കർക്കടകത്തിൽ സമാജം വെബ്സൈറ്റിൻെറയും തുളസീദളത്തിൻെറയും നേതൃത്വത്തിൽ online ആയി നടത്തുന്ന രാമായണമാസാചരണം ഈ വർഷവും നടത്തുവാൻ തീരുമാനിച്ചു

ഈ വർഷത്തെ രാമായണമാസാചരണം കർക്കടകം 1ന് (ജൂലൈ 17) ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ വെച്ച് ഉദ്ഘാടനം ചെയ്യാൻ തീരുമാനിച്ചു.

അന്നേദിവസം രാവിലെ 10 മണിമുതൽ സമ്പൂർണ നാരായണീയ പാരായണവും വൈകുന്നേരം 5 മണിക്ക് ശേഷം ഉദ്ഘാടനവും എന്നരീതിയിൽ ആണ് നിശ്ചയിച്ചത്.

ഉദ്ഘാടനം കഴിഞ്ഞു രാത്രി തിരിച്ചു പോവാൻ ബുദ്ധിമുട്ടുള്ളവർക്ക് അവിടെ താമസ സൗകര്യം ഏർപ്പെടുത്തുവാനും തീരുമാനിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ മുൻ വർഷങ്ങളെ പോലെ online ആയി പാരായണം നടത്തും.

### 8) മറ്റിനങ്ങൾ

മഞ്ചേരി ശാഖാ മന്ദിരത്തിൽ മരണാനന്തര ക്രിയകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായും, വെജിറ്റേറിയൻ ഗ്രാമം, വയോജനങ്ങൾക്ക് വേണ്ടിയുള്ള സല്ലാപസായാഹ്നം തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതായും അതിന് കേന്ദ്രത്തിന്റെയും മറ്റു ശാഖകളുടെയും നിർദ്ദേശങ്ങളും സഹകരണങ്ങളും വേണമെന്നും ശ്രീ. എ.ആർ. ഉണ്ണി, ശ്രീ. കെ.പി. മുരളി എന്നിവർ പറഞ്ഞു.

സമാജം ആസ്ഥാനമന്ദിരത്തിൽ പുതിയ സ്റ്റാഫിനെ വെച്ച വിവരം ജനറൽ സെക്രട്ടറി പറഞ്ഞു.

ശ്രീ. വിവേക് തെക്കേടത്തിനെ ഭരണസമിതി അംഗങ്ങൾക്ക് പരിചയപ്പെടുത്തി.

PE & WS വൈസ് പ്രസിഡണ്ട് ശ്രീ. വി.പി. മധു യോഗത്തിന് എത്തിച്ചേർന്നവർക്ക് നന്ദി പറഞ്ഞു.

**കെ.പി. ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി

## ഓണപ്പതിപ്പ് ഓഗസ്റ്റ് അവസാനം പ്രസിദ്ധീകരിക്കുന്നു

**തു**ളസീദളം ഓണപ്പതിപ്പ് മുഴുവൻ കളർ പേജുകളോടെ 2025 ഓഗസ്റ്റ് അവസാനം പ്രസിദ്ധീകരിക്കുന്നു.

ഇതുവരെ നമ്മൾ പ്രസിദ്ധീകരിച്ച ഓണപ്പതിപ്പുകളെല്ലാം വളരെ ശ്രദ്ധിക്കപ്പെടുകയും മികച്ച അഭിപ്രായങ്ങൾ നേടുകയും ചെയ്ത വിവരം ഏവർക്കും അറിയാവുന്നതാണല്ലോ. നിങ്ങളോരോരുത്തരുടേയും ശാഖാപരമായും വ്യക്തിപരമായും ഉണ്ടായ അകമഴിഞ്ഞ സഹകരണങ്ങൾ കൊണ്ട് മാത്രമാണ് ഈ വിജയങ്ങൾ നേടാനായത് എന്ന് നന്ദിപൂർവം സ്മരിക്കുന്നു.

ഈ വർഷത്തെ ഓണപ്പതിപ്പും കൂടുതൽ മികവുറ്റതാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ശാഖകൾ വഴിയും വ്യക്തിപരമായും കഴിയുന്നത്ര പരസ്യങ്ങൾ ഓഗസ്റ്റ് 15 നകമെങ്കിലും സംഘടിപ്പിച്ചു തന്ന് ഓണപ്പതിപ്പ് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നന്ദിയോടെ,
**ആർ.പി. രഘുനന്ദനൻ**
മാനേജർ, തുളസീദളം
ഫോൺ : 9892240547

# 2025-ലെ അവാർഡുകൾ, സ്കോളർഷിപ്പുകൾ, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയവക്കുള്ള

# അപേക്ഷകൾ ക്ഷണിക്കുന്നു

**എല്ലാ അപേക്ഷകളും PE & WS സെക്രട്ടറിക്ക് ലഭിക്കേണ്ട അവസാന തിയ്യതി 2025 ആഗസ്റ്റ് 15**

## നിബന്ധനകൾ

1. 2024-25 അദ്ധ്യയന വർഷത്തെ ഫൈനൽ പരീക്ഷയുടെ മാർക്ക് മാത്രമേ അവാർഡ്/സ്കോളർഷിപ്പിനു പരിഗണിക്കുകയുള്ളൂ.
2. അപേക്ഷകൾ വെള്ള കടലാസിൽ തയ്യാറാക്കി അറ്റസ്റ്റ് ചെയ്ത മാർക്ക് ഷീറ്റ് സഹിതം (2 കോപ്പി - 1 കോപ്പി ശാഖക്ക്) അപേക്ഷകർ താമസിക്കുന്ന സ്ഥലത്തെ ശാഖ മുഖാന്തിരം അയക്കേണ്ടതാണ്.
3. കേരളത്തിന് പുറത്തു ശാഖകൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിൽ നിന്നുള്ളവർ അപേക്ഷകൾ നേരിട്ട് സെക്രട്ടറിക്ക് അയക്കാവുന്നതാണ്. കേരളത്തിനകത്ത് ശാഖകൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിലുള്ളവർക്ക് തൊട്ടടുത്ത ശാഖ മുഖാന്തിരം സമർപ്പിക്കാവുന്നതാണ്.
4. മാർക്കില്ലാത്ത ഗ്രേഡ് സമ്പ്രദായമായതിനാൽ ഒരേ ഗ്രേഡുള്ള ഒന്നിലധികം അപേക്ഷകൾ വന്നാൽ എക്സ്ട്രാ കരിക്കുലർ ആക്റ്റിവിറ്റീസ് കൂടി പരിഗണിച്ചായിരിക്കും അവാർഡ് നിർണ്ണയം നടത്തുക. അതുകൊണ്ട് 2024-25 വർഷത്തിൽ സ്കൂൾ, സബ്ബ് ജില്ല, ജില്ല, സംസ്ഥാന യുവജനോത്സവങ്ങൾ, സ്പോർട്സ് & ഗെയിംസ്, എൻ.സി.സി., സ്കൗട്ട് തുടങ്ങിയവയുടെ സർട്ടിഫിക്കറ്റുകൾ ഉണ്ടെങ്കിൽ അതും അറ്റസ്റ്റ് ചെയ്തു അപേക്ഷയുടെ ഒപ്പം വെക്കണം.
5. വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി മാർക്ക് ഷീറ്റിന്റെ കോപ്പി അടക്കം ശാഖയിൽ സമർപ്പിക്കണം.
6. കിട്ടുന്ന അപേക്ഷകൾ എല്ലാം ശാഖകൾ പരിശോധിച്ചു ചർച്ച ചെയ്തു (ധനസഹായത്തിന്റെ അപേക്ഷകരുടെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ) പ്രസിഡണ്ട്/സെക്രട്ടറി എന്നിവരുടെ ഒപ്പോടുകൂടി PE & WS സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതാണ്.
7. ശാഖാ ഭാരവാഹികൾ അപേക്ഷകൾ പരിഗണിക്കുമ്പോൾ അവാർഡ്/സ്കോളർഷിപ്പ് നിബന്ധനകൾ (അപേക്ഷകന്റെ ഭവനത്തിലെ പ്രായപൂർത്തിയായ എല്ലാവരും പിഷാരടി സമാജം, PE & WS എന്നിവയുടെ മെമ്പർമാർ ആയിരിക്കണം, ഭവനത്തിൽ 'തുളസീദളം' വരുത്തണം എന്നിവ) പൂർണ്ണമായും പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം.
8. ഓരോ അവാർഡിനും വെവ്വേറെ അപേക്ഷകൾ അയക്കേണ്ട ആവശ്യം ഇല്ല. ഒരു അപേക്ഷ മതി.

   PE & WS കമ്മിറ്റി കിട്ടിയ അപേക്ഷകൾ എല്ലാ അവാർഡിലേക്കും പരിഗണിക്കുന്നതായിരിക്കും.
9. അവാർഡ് നിർണ്ണയത്തിൽ അന്തിമ തീരുമാനം PE & WS കമ്മിറ്റിയുടേതായിരിക്കും.

**അപേക്ഷകൾ അയക്കേണ്ട വിലാസം:**

**MR. AJAYAKUMAR. A**

**VRINDAVANAM, PULAMANTHOLE P.O.**

**MALAPPURA DIST., KERALA, PIN - 679323**

**Phone: 9946647757, 6238406497**

## SSLC AWARDS

1. **M.P. GOPALA PISHARODY MEMORIAL AWARD**

   (Sponsored by (Late) Ancheri Pisharath Madhavikkutty Pisharasisiar)

   SSLC - Kerala State / CBSE എന്നീ രണ്ടു വിഭാഗത്തിലും പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന 2 കുട്ടികൾക്ക് 14,000 രൂപ വീതം നൽകുന്നു.

2. **KOOTTALA MADHAVA PISHARODY (USA) AWARD** (Sponsored by Smt. Shantha Pisharody)

   കേരള ഗവൺമെന്റിന്റെ SSLC പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 2 കുട്ടികൾക്ക് 8500 രൂപ വീതം നൽകുന്നു. (നിശ്ചിത ഫോറത്തിലാണ് അപേക്ഷിക്കേണ്ടത്. അപേക്ഷാ ഫോറത്തിന്, സെക്രട്ടറിയുമായി ബന്ധപ്പെടുകയോ പിഷാരടി സമാജം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ ആകാം). ഇവയിൽ ഒന്ന് അവാർഡ് സ്പോൺസറിന്റെ പത്നി ശ്രീമതി ശാന്ത പിഷാരോടി തന്നെ നാമനിർദ്ദേശം ചെയ്യുമെന്നുള്ളതാണ് വ്യവസ്ഥ. ആയതിനാൽ ശേഷിക്കുന്ന ഒരു അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിക്കുന്നത്. സ്പോൺസർ ആരെയും നിർദ്ദേശിക്കുന്നില്ലെങ്കിൽ ആ അവാർഡും പരിഗണിക്കുന്നതായിരിക്കും.

3. **K.P.K. PRISHARODY MEMORIAL AWARD (Rs.1000)**

   SSLC യിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

4. **MUNGATH SATHYABHAMA PISHARASSIAR MEMORIAL AWARD (Rs.3500)**

   SSLC യിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

5. **A.K. AMMINI PISHARASSIAR MEMORIAL (SANSKRIT) AWARD (Rs.1500)**

   SSLC യിൽ സംസ്കൃതത്തിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

6. **K. KRISHNA PISHARODY MEMORIAL (MALAYALAM) AWARD (Rs.3000)**

   SSLC യിൽ മലയാളത്തിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

7. **T.P. ROHINI MEMORIAL (MALAYALAM) AWARD (Rs.1000)**

   SSLC യിൽ മലയാളത്തിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

8. **Dr. S.K. PISHARODY MEMORIAL (SCIENCE) AWARD (Rs.2000)**

   SSLC യിൽ സയൻസിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

9. **A.D. PRISHARODY MEMORIAL (ENGLISH) AWARD (Rs.2000)**

   SSLC യിൽ ഇംഗ്ലീഷിന് ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

10. **KARANJERI MEENAKSHI AMMA MEMORIAL (SANSKRIT) AWARD) (Rs.2000)**

    SSLC യിൽ സംസ്കൃതത്തിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

11. **RASHTRABHASHA AWARD (Rs.1000)**

    SSLC യിൽ ഹിന്ദിക്ക് ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

12. **N. RAMA PISHARODY (MATHS) AWARD (Rs.3000)**

    SSC യിൽ കണക്കിന് ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

13. **KANDIYOOR PISHARATH RAGHAVA PISHARODY (MATHS) AWARD (Rs.1000)**

    SSLC യിൽ കണക്കിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

## +2 AWARD

14. **KATTOOR BALAKRISHNA PISHARODY & PADINJAAROOTTU VIJAYALAKSHMI PISHARASSIAR MEMORIAL AWARD:**

    Computer Science, Biology, Commerce, Humanities എന്നീ 4 വിഭാഗത്തിലെ ഓരോ വിഭാഗത്തിലും കൂടുതൽ മാർക്ക് കിട്ടുന്ന ഓരോ കുട്ടിക്കും 10,000 രൂപ വീതം നൽകുന്ന അവാർഡ്.

**15. Dr. A.P. GOVINDANKUTTY AWARD:**

+2 Physics നു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക് 10,000 രൂപയുടെ അവാർഡ്.

**16. T. BHARATHA PISHARODY MEMORIAL AWARD (Rs.1000)**

+2 ൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

**17. A.P. VASUMATHI MEMORIAL (MALAYALAM) AWARD (Rs.1000)**

+2 ൽ മലയാളത്തിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

**18. ATTOOR KRISHNA PISHARODY MEMORIAL (SANSKRIT) AWARD (Rs.1000)**

+2 ൽ സംസ്കൃതത്തിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

**19. KARALAM KAINILA PISHARATH MADHAVI PISHARASSIAR (SCIENCE) AWARD (Rs.1000)**

+2 ൽ സയൻസിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

**20. M.G. MOHANAN PISHARODY PHYSICS AWARD (Rs.3000)**

+2 ൽ ഫിസിക്സിനു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

## DEGREE AWARD

**21. Dr. SAROJINI PISHARASSIAR MEMORIAL AWARD (Rs.2000)**

B.Sc ക്ക് ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

**22. LAKSHMIKUTTY PISHARASSIAR MEMORIAL AWARD (Rs.1000)**

B.Com നു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

**23. SUKAPURATHU PISHARATH RAJAGOPAL MEMORIAL AWARD (Rs.1000)**

B.Com നു ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടിക്ക്.

**24. NAYATHOD SARADA PISHARASSIAR MEMORIAL DEGREE AWARD (Rs.3000)**

(Sponsored by Mrs. Sandhya Ramesh, Mumbai)

ഇന്ത്യൻ ശാസ്ത്രീയസംഗീതത്തിൽ (കർണാടക/ഹിന്ദുസ്ഥാനി) ഉന്നത വിജയം കരസ്ഥമാക്കിയ സമുദായ അംഗങ്ങൾക്ക് മാർക്ക്/ഗ്രേഡ് എന്നിവയുടെ അടിസ്ഥാനത്തിൽ നൽകുന്ന അവാർഡ്. ഇന്ത്യൻ ശാസ്ത്രീയ സംഗതത്തിൽ അപേക്ഷകൾ ഇല്ലാത്തപക്ഷം ഇന്ത്യൻ ശാസ്ത്രീയ നൃത്തത്തിൽ ബിരുദം നേടിയവരെ പരിഗണിക്കും.

**25. DEGREE AWARD (Rs.3000)** (Sponsored by Irinjalakuda Shakha)

മാനേജ്മെന്റ്, ഹ്യുമാനിറ്റീസ് വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ബിരുദതലത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ സമുദായ അംഗങ്ങൾക്ക് മാർക്ക്/ഗ്രേഡ് എന്നിവയുടെ അടിസ്ഥാനത്തിൽ നൽകുന്ന അവാർഡ്.

## PG AWARD

**26. D. ACHUTHA PISHARODY (NAYATHOD) MEMORIAL PG AWARD (Rs.5000)**

(Sponsored by wife K.P. Nalini)

സയൻസ് വിഷയത്തിൽ ബിരുദാനന്തര ബിരുദ തലത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ സമുദായ അംഗങ്ങൾക്ക് മാർക്ക്/ഗ്രേഡ് എന്നിവയുടെ അടിസ്ഥാനത്തിൽ നൽകുന്ന അവാർഡ്.

**27. KUNISSERY POOKULANGARA PISHARATH RAGHAVA PISHARODY & KATTUSSERY PISHARATH (LALITHANILAYAM) PADMAVATHY PISHARASSIAR MEMORIAL PG AWARD (Rs.5000)**

(Sponsored by their son, Kattussery Pisharath Muralidharan)

ആർട്ട്, മാനേജ്മെന്റ്, കോമേഴ്സ് വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തര ബിരുദ തലത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ സമുദായ അംഗങ്ങൾക്ക് മാർക്ക്/ഗ്രേഡ് എന്നിവയുടെ അടിസ്ഥാനത്തിൽ നൽകുന്ന അവാർഡ് (നൃത്തം, സംഗീതം ഒഴിച്ച്).

## ENDOWMENT SCHOLARSHIPS

1. **ACHUTHA PISHARODY & VISALAKSHY PISHARODY SCHOLARSHIP:**
   രണ്ടോ മൂന്നോ വർഷം നീണ്ടുനിൽക്കുന്ന ടെക്നിക്കൽ ഡിപ്ലോമ കോഴ്സുകൾക്ക് ചേരുന്ന രണ്ട് വിദ്യാർത്ഥികൾക്ക് 3500 രൂപ വീതം. ഈ വകയിൽ അപേക്ഷകൾ വന്നിട്ടില്ലെങ്കിൽ ഡിഗ്രിക്ക് പഠിക്കുന്ന 2 കുട്ടികൾക്ക് 3500 രൂപ വീതം ധനസഹായം നൽകും.
2. **A.P. & N.P. SCHOLARSHIP**
   ഡിഗ്രിക്ക് പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുട്ടിക്ക് 3000 രൂപ നൽകും.
3. **പി. രാമപിഷാരടി സ്മാരക വിദ്യാഭ്യാസ സഹായ നിധി (Rs.1000)**
   +1 നു ചേർന്ന് പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു വിദ്യാർത്ഥിക്ക്.
4. **എ.എസ്. പിഷാരോടി (തൃപ്പൂണിത്തുറ) സ്മാരക വിദ്യാഭ്യാസ സഹായ നിധി (Rs.3000)**
   +1 നു ചേർന്ന് പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു വിദ്യാർത്ഥിക്ക്.
5. **ആര്യവൈദ്യൻ എൻ.പി. കൃഷ്ണപിഷാരോടി സ്മാരക വിദ്യാഭ്യാസ സഹായ നിധി (Rs.5000)** (Sponsored by K.P. Balakrishnan, Retd. Ambassador)
   +1 നു ചേർന്ന് പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു വിദ്യാർത്ഥിക്ക്.
6. **പ്രദീപ് സ്മാരക വിദ്യാഭ്യാസ സഹായ നിധി:**
   ഭിന്നശേഷിക്കാരനും പഠിക്കാൻ താൽപ്പര്യവുമുള്ള കുട്ടിക്ക് കൊടുക്കുന്ന സഹായനിധി. ഈ വകയിൽ അപേക്ഷകർ ഇല്ലെങ്കിൽ സാമ്പത്തികമായി അർഹിക്കുന്ന മൂന്നു കുട്ടികൾക്ക് 3000 രൂപ വീതം നൽകും.
7. **നാൻജി കിംജി പട്ടേൽ മെമ്മോറിയൽ എൻഡോവ്മെന്റ് (Rs.1000)**
   8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുട്ടിക്ക് നൽകുന്ന സഹായം.
8. **കെ.പി. രാമ പിഷാരോടി സ്മാരക വിദ്യാഭ്യാസ സഹായ നിധി (Rs.1000)**
   8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുട്ടിക്ക് നൽകുന്ന സഹായം.
9. **കെ.പി. ഭാസ്കരൻ സ്മാരക വിദ്യാഭ്യാസ സഹായ നിധി (Rs.1000)**
   8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുട്ടിക്ക് നൽകുന്ന സഹായം.
10. **കണ്ടിയൂർ പിഷാരത്ത് എൻ.എൻ. പിഷാരോടി സ്മാരക ധനസഹായം.**
    ഡിഗ്രി (സയൻസ്) ഒന്നാം വർഷം പഠിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടിക്ക് ഒന്നാം വർഷവും രണ്ടാം വർഷവും മൂന്നാം വർഷവും തുടർച്ചയായി 10,000 (പതിനായിരം) രൂപ വീതം കൊടുക്കുന്ന ധനസഹായം.
11. **തുളസി അവാർഡ് (ചെറുകഥക്കുള്ള അവാർഡ്) (Rs.1000)**
    (സ്പോൺസർ ചെയ്യുന്നത് കോങ്ങാട് ശാഖ)

### കെ.പി. ശ്രീധര പിഷാരോടി സ്മാരക വിദ്യ നിധി

പഠിക്കാൻ താൽപ്പര്യമുണ്ടായിട്ടും +2 കഴിഞ്ഞു എൻട്രൻസ് പരീക്ഷയിൽ വിജയിച്ചിട്ടും തുടർ പഠനം നടത്താൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പഠിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സ് കഴിയുന്നതുവരെ പരമാവധി ഒരു ലക്ഷം രൂപ വരെ നൽകുന്ന സഹായ നിധി.

**നിലവിൽ കൊടുക്കുന്ന പല അവാർഡ് തുകകളും കാലോചിതമായി പുതുക്കുവാൻ താല്പര്യമുള്ള, അവാർഡ് സ്പോൺസർ ചെയ്തിരിക്കുന്ന വ്യക്തികളും, ശാഖകളും ആ വിവരം സെക്രട്ടറിയേയോ, ട്രഷററെയോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**അജയകുമാർ എ.**
സെക്രട്ടറി, PE & WS
ഫോൺ: 9947746160

**രാജൻ പിഷാരോടി**
ട്രഷറർ, PE & WS
ഫോൺ: 9819512811

# ചികിത്സാ സഹായം

താഴെ കൊടുത്തിരിക്കുന്ന ചികിത്സാ സഹായ പദ്ധതികൾ നിലവിൽ ഉണ്ട്.

1. മഞ്ഞളൂർ പടിഞ്ഞാറെ പിഷാരത്ത് അമ്മുക്കുട്ടി പിഷാരസ്യാർ ചികിത്സാ സഹായം (സ്പോൺസർ : ശ്രീ. പീതാംബര പിഷാരോടി, മുളങ്കുന്നത്തുകാവ്).
2. ഒമാൻ ശാഖ സ്പോൺസർ ചെയ്തിട്ടുള്ള ചികിത്സാ സഹായം.
3. പെരുവാരത്ത് പിഷാരത്ത് പ്രൊഫ. ജി. കേശവ പിഷാരോടി & കുട്ടമശ്ശേരി പിഷാരത്ത് കുഞ്ഞിക്കാവ് പിഷാരസ്യാർ ചികിത്സാ സഹായം.
4. പെരുവാരത്ത് പിഷാരത്ത് ജി. കൃഷ്ണ പിഷാരോടി & ആലങ്ങാട് കല്ലങ്കര പിഷാരത്ത് മങ്കക്കുട്ടി സ്മാരക ചികിത്സാ സഹായം.
5. ഓണംതുരുത്ത് പിഷാരത്ത് ജോത്സ്യൻ രാമ പിഷാരോടി & പെരുവാരത്ത് പിഷാരത്ത് കുഞ്ചുക്കുട്ടി പിഷാരസ്യാർ സ്മാരക ചികിത്സാ സഹായം.
6. സി.പി. സരോജിനി പിഷാരസ്യാർ സ്മാരക കാൻസർ ചികിത്സാ സഹായം.
7. ഡോ. സി.കെ. ഉണ്ണി സ്മാരക ചികിത്സാ സഹായം.
8. ചെറുകര ചെറിയ നാരായണനുണ്ണി നേത്ര ചികിത്സാ സഹായം.
9. എം.പി. ഭരതപിഷാരോടി സ്മാരക ചികിത്സാ സഹായ പദ്ധതി

# രാമായണ മാസാചരണം
## ജൂലൈ 17 മുതൽ

**ക**ർക്കിടക പുണ്യമാസത്തിൽ രാമായണപാരായണ സത്സംഗത്തിന് വീണ്ടും പിഷാരടി സമാജം അരങ്ങൊരുക്കുന്നു.

കർക്കിടകം 1 (ജൂലൈ 17) രാവിലെ 10 മണി മുതൽ ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ വച്ച് സമ്പൂർണ്ണ നാരായണീയ പാരായണത്തോടെ ആരംഭിക്കുന്ന രാമായണ പാരായണ സത്സംഗം വൈകിട്ട് അഞ്ചിന് ഉദ്ഘാടനം നടത്തുന്നു.

ആദ്ധ്യാത്മിക ആചാര്യന്മാരുടെയും സമാജം ഭാരവാഹികളുടെയും സാന്നിധ്യത്തിൽ അദ്ധ്യാത്മ സംബന്ധിയായ കലാപരിപാടികളോടെ രാമായണ സത്സംഗത്തിന് തുടക്കം കുറിക്കും.

രാമായണ പാരായണത്തിലും പ്രഭാഷണത്തിലും തുടർന്നുള്ള ഓൺലൈൻ സത്സംഗത്തിലും പങ്കെടുക്കുന്നവർ അവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

പിഷാരോടി സമാജം ദേവധേയം ഹാളിൽ നടത്തുന്ന ആധ്യാത്മിക സത്സംഗത്തിൽ പങ്കുചേർന്ന് അന്ന് രാത്രി തിരിച്ചു പോവാൻ ബുദ്ധിമുട്ടുണ്ട് എന്ന് നേരത്തെ അറിയിക്കുന്നവർക്ക് ജൂലൈ 17 രാത്രി അവിടെ താമസ സൗകര്യം ഏർപ്പെടുത്തുന്നതാണ്.

ഓരോ ശാഖയിൽ നിന്നും 10 പേരെങ്കിലും സമ്പൂർണ്ണ നാരായണീയ പാരായണത്തിൽ പങ്കെടുക്കുവാൻ ഗുരുവായൂർക്ക് എത്തിക്കുവാനും തുടർന്ന് എല്ലാദിവസവും രാത്രി എട്ടുമണിക്ക് നടത്തുന്ന രാമായണ പാരായണ സത്സംഗത്തിലേക്ക് പേര് കൊടുത്തു എന്ന് ഉറപ്പുവരുത്തുവാനും ശാഖാ ഭാരവാഹികൾ മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജനറൽ സെക്രട്ടറി.**

NB: പാരായണത്തിന് താല്പര്യമുള്ള എല്ലാ അംഗങ്ങളും ജൂലൈ 10 ന് മുൻപായി ശ്രീ. രാജൻ രാഘവനെ അറിയിക്കേണ്ടതാണ്. (മൊബൈൽ: 9947264777)

# പ്രതികരണം

**ജൂ**ൺ മാസത്തെ തുളസീദളം കിട്ടി. വായിച്ചു. പിഷാരോടി സമാജം 48–ാമത് വാർഷികത്തിന്റെ കെ.പി. ഹരികൃഷ്ണൻ (ജനറൽ സെക്രട്ടറി) തയ്യാറാക്കിയ റിപ്പോർട്ടും, 'ഇരിങ്ങാലക്കുട ഗായത്രി ഓഡിറ്റോറിയത്തിൽ പെയ്തിറങ്ങിയ കലയുടെ ചൈതന്യ മഴയേറ്റ്' ഗോപൻ പഴുവിൽ സെക്രട്ടറി, തുളസീദളം കലാ സാംസ്കാരിക സമിതി തയ്യാറാക്കിയ റിപ്പോർട്ടും വളരെ നന്നായിട്ടുണ്ട്. ശരിക്കും ഗോപൻ പഴുവിൽ എഴുതിയത് വാർഷികത്തിൽ എത്തുവാൻ സാധിക്കാത്തവർക്ക് നേരിൽ കണ്ട അനുഭൂതി ഉളവാക്കിയിട്ടുണ്ടാകും. അതിൽ സംശയം ഇല്ല. രണ്ട് സെക്രട്ടറിമാർക്കും ഇരിങ്ങാലക്കുട ശാഖയുടെ അഭിനന്ദനങ്ങൾ അറിയിക്കട്ടെ. നന്ദി...

**മോഹനൻ സി.ജി., സെക്രട്ടറി**
സമാജം ഇരിങ്ങാലക്കുട ശാഖ


ജനം ടിവിയിൽ ഭാഗവതഗംഗ ഒരുക്കിയ
ഗുരുകൃപയുടെ തീർത്ഥയാത്രകൾ

ഗോവയിലെ ക്ഷേത്രങ്ങളിലേക്കും
തീരങ്ങളിലേക്കും


നേപ്പാൾ
സെപ്റ്റംബർ 9 മുതൽ 23 വരെ


ഗോവ
ആഗസ്റ്റ് 7 മുതൽ 13 വരെ.
ഒക്ടോബർ 9 മുൽ 15 വരെ.
ഒക്ടോബർ 27 മുതൽ നവംബർ 2 വരെ.
നവംബർ 27 മുതൽ ഡിസംബർ 4 വരെ


വൃന്ദാവനം
ആഗസ്റ്റ് 15 മുതൽ 25 വരെ.
സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 5 വരെ.
ഒക്ടോബർ 17 മുതൽ 26 വരെ.
നവംബർ 16 മുതൽ 25 വരെ.


കാശ്മീർ
നവംബർ 3 മുതൽ 14 വരെ

Contact: 9400124048, 9188182384
Email: gurukripatelevision@gmail.com

*With best compliments from :*

**P. KARUNAKARAN**
**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

# വിവാഹമംഗളാശംസകൾ



## ദിനേശ് ❤ മാലിനി

ആലുവ തോട്ടക്കാട്ടുകര റോസ് ലൈൻ അഞ്ജനത്തിൽ ശ്രീമതി എ.പി. ജയയുടെയും ശ്രീ. കെ.എൻ. മധുസൂദനന്റെയും മകൾ **എം. മാലിനിയും** എറണാകുളം കടവന്ത്ര സുഭാഷ് ചന്ദ്രബോസ് റോഡിൽ പിഷാരം ഭവനത്തിൽ ശ്രീമതി എ.കെ. മാലതിയുടെയും ശ്രീ. ഇ.കെ. ഗോകുലന്റെയും മകൻ **ജി. ദിനേശും** തമ്മിലുള്ള വിവാഹം 24–05–2025ന് ആലുവ ദേശം ഗ്രീൻ പാർക്ക് ഓഡിറ്റോറിയത്തിൽ വെച്ച് രാവിലെ 11നും 11.30നും ഇടയിലുള്ള ശുഭ മുഹൂർത്തത്തിൽ സംമംഗളം നടന്നു.

# വിവാഹമംഗളാശംസകൾ



## വിജയ് രഘുനാഥ് ♥ അശ്വതി

മാപ്രാണം പുത്തൻ പിഷാരത്ത് ശ്രീമതി സീതയുടെയും ആളൂർ ചെങ്ങാനിക്കാട്ട് പിഷാരത്ത് ശ്രീ. രഘുനാഥന്റെയും, (ശ്രീശൈലം, കഴക്കൂട്ടം, തിരുവനന്തപുരം) മകൻ **വിജയ് രഘുനാഥും** കൊണ്ടയൂർ പിഷാരത്ത് ശ്രീമതി സുജയയുടെയും, ആറ്റൂർ പിഷാരത്ത് ശ്രീ. സന്തോഷിന്റെയും (മുക്കോട്ടിൽ തെക്കേ പിഷാരം, തേവക്കൽ, എറണാകുളം) മകൾ **അശ്വതിയും** തമ്മിലുള്ള വിവാഹം 31–05–2025 ശനിയാഴ്ച തൃക്കാക്കര തിരുവോണം ഓഡിറ്റോറിയത്തിൽ വച്ച് ബന്ധുമിത്രാദികളുടെ സാന്നിധ്യത്തിൽ സമംഗളം നടന്നു.

# എൺപതാം പിറന്നാളാശംസകൾ



# സുശീല പിഷാരസ്യാർ

**വെള്ളാരപ്പിള്ളി പടിഞ്ഞാറെ പിഷാരം**

**ഭർത്താവ് : മാങ്കുറ്റിപ്പാടം തെക്കേ പിഷാരത്ത് പരേതനായ രാമ പിഷാരോടി.**



സ്നേഹാശംസകളോടെ...

മക്കൾ:

**മിനി രവികുമാർ**

**ഷൈനി രാധാകൃഷ്ണൻ**

**സോണി രമേഷ് കുമാർ**

മരുമക്കളും പേരക്കുട്ടികളും.



ജനനം: 1950
മരണം: 04-07-2024

# സ്മരണാഞ്ജലി

## 1-ാം ചരമവാർഷികം
## (04.07.2025)

# ആർ.പി. രാധാമണി

ദുഃഖപൂർവ്വം....

ഭർത്താവ് : ഇ. പി ഉണ്ണിക്കണ്ണൻ
പഴയ പിഷാരം, ശ്രീകൃഷ്ണപുരം

മക്കൾ: പ്രസന്ന, ഹേമ, സന്തോഷ്.

മരുമക്കൾ: രാമചന്ദ്രൻ, ശ്രീകുമാർ, ധന്യ

പേരക്കുട്ടികളും

ദു:ഖങ്ങളുടെയും വെറുപ്പിന്റെയും
വിദ്വേഷത്തിന്റെയും **'രാ' മായണം**
അതിനായ് പരസ്പര സ്നേഹത്തിന്റെ
ഭക്തിസാന്ദ്രമായ **രാമായണമാസം**



## ആശംസകളോടെ...

# തുളസീദളം

യാത്ര ഭാഗം 12

# രജ്പുത്താന



**മുരളി ആനായത്ത്**
ഫോൺ: 9495708403

**ഏ**ഴരയോടെ ഞങ്ങൾ റിസോർട്ടിൽ തിരിച്ചെത്തി. അപ്പോൾ അവിടെയുള്ള തുറന്ന വേദിയിൽ സഞ്ചാരികൾക്കായി, രാജസ്ഥാനി നാടോടി സംഗീതവും, നൃത്തവുമെല്ലാമുണ്ട്. നർത്ത കീവേഷത്തിലുള്ള രണ്ടു യുവതികൾ ഞങ്ങളെ ഓരോരുത്തരേയും സിന്ദൂരതിലകമണിയിച്ച് സദസ്സിലേയ്ക്ക് ആനയിച്ചു.

അർദ്ധവൃത്താകൃതിയിലുള്ള തുറന്ന ഓഡിറ്റോറിയം! ഇരിയ്ക്കാൻ ചെറിയ വിരിപ്പുകളും അരികെ ഉരുളൻ തലയിണകളും! സ്റ്റേജിൽ ഒരു ഹർമോണിയവും ഡോലക്കും വെച്ചിട്ടുണ്ട്. ഞങ്ങളെല്ലാവരും ഇരുന്ന ശേഷം അല്പം കഴിഞ്ഞപ്പോഴേയ്ക്കും പരമ്പ രാഗത രാജസ്ഥാനി വേഷത്തിൽ മെലിഞ്ഞു നീണ്ട രണ്ടുപേർ സ്റ്റേജിൽ വന്നിരുന്നു. ഒരാൾ ഹർമോണിയത്തിനു മുമ്പിലും അപരൻ ഡോലക്കിനു മുമ്പിലും. രണ്ടു പേരും മദ്ധ്യവയസ്സു പിന്നിട്ടവരാണെന്ന് തോന്നും. ഒരു പയ്യൻ വന്ന് മൈക്ക് ശരിയാക്കി.

പാട്ടുകാരൻ ഹർമോ ണിയത്തിൽ വിരലോടിച്ചു കൊണ്ട് മൈക്കിൽ ഒന്നു മൂളിനോക്കി. മറ്റേയാൾ ഡോലക്കിൽ താളമിട്ടു നോക്കി. പാട്ടുകാരൻ തുടങ്ങി

‘കേസരിയാ ബാലം ആവോനി പധാരോ...’
വളരെ ഹൃദ്യമായ പാട്ട്. ഇമ്പമുള്ള ശബ്ദത്തിൽ മനോഹരമായ ആലാപനം! ഈപാട്ട് ഞാനാദ്യമായി കേൾക്കുകയാണ്.

യുദ്ധത്തിനു പോയ പ്രിയതമനായ രജപുത്ര വീരനെ കാത്തിരിയ്ക്കുന്ന പ്രിയതമയുടെ പാട്ടാണെന്നോമറ്റോ ആരോപറഞ്ഞ് തന്നു. അർത്ഥം ഒന്നുമറിയില്ലെങ്കിലും പാട്ട് ഉള്ളിൽ തട്ടുന്നുണ്ട്. ഗായകൻ വളരെ അനായാസം

താരസ്ഥായി പഞ്ചമത്തിയിലേയ്ക്ക് കയറിപ്പോകയും ഇറങ്ങിവരികയും ചെയ്യാൻ കഴിയുന്നയാളാണ്. നൃത്തമണ്ഡപം സ്റ്റേജിനു താഴെയാണ്. രണ്ടു പാട്ടുകൾ കഴിയുമ്പോഴേയ്ക്കും നർത്തകിമാർ രണ്ടു പേരും ഒന്നു കൂടി ഒരുങ്ങിവന്നു. അവർ സഹോദരിമാരായിരിക്കും എന്നു തോന്നി. നൃത്തം നന്നായിരുന്നു.

പക്ഷേ പാട്ടുകാരൻ സ്വയം മറന്നു പാടുന്നപോലെ, ഇവർ സ്വയം മറന്ന് ആടുകയല്ല എന്ന് തീർച്ച. ഈ കലാപ്രകടനങ്ങൾ അവർക്ക് ഒരു ജീവനോപാധിയാണ്! വീട്ടിൽ ഒരു പക്ഷേ ചെറിയ കുട്ടി ഉണ്ടായിരിയ്ക്കും, വയ്യാത്ത മാതാപിതാക്കൾ ഉണ്ടായിരിയ്ക്കാം. അവനവനു തന്നെ എന്തെങ്കിലും വയ്യായ്ക ഉണ്ടായിരിയ്ക്കാം. എന്നൊക്കെ ഓർത്തപ്പോൾ വിഷമം തോന്നി.

ഇത്തിരി കഴിഞ്ഞപ്പോൾ നാട്ടുകാരായ സഞ്ചാരികളാണെന്നു തോന്നുന്നു, കുറേപ്പേർ വന്നു. ഓഡിറ്റോറിയം കാണികളാൽ നിറഞ്ഞു. അവരിൽ ചിലർ ആവശ്യപ്പെട്ട് ചില പാട്ടുകളൊക്കെ പാടിച്ചു. അന്നേരത്ത് ഒരു യുവാവും നർത്തകവേഷത്തിൽ എത്തിച്ചേർന്നു. വേറെയേതോ റിസോർട്ടിലെ വേദിയിലെ പ്രകടനം കഴിഞ്ഞ് വേഷമഴിയ്ക്കാതെ വന്നതുപോലെ തോന്നി. അയാളും നൃത്തത്തിൽ പങ്കുചേർന്നു. അഴകാർന്ന നടനം! അയാൾ പിന്നീട് രണ്ടറ്റവും പന്തം കെട്ടി അഗ്നിപകർന്ന ഒരു ദണ്ഡുകയ്യിലേന്തി നൃത്തമാരംഭിച്ചു. നൃത്ത ചലനത്തിനൊപ്പം പലവിധത്തിലും അതിവേഗം ആ ദണ്ഡു വീശി കാണികളെ അതിശയിപ്പിച്ചു. ഇരുട്ടിൽ അത് അഗ്നിവൃത്തങ്ങൾ തീർത്തു. കൂട്ടത്തിൽ മുതിർന്നവൾ എന്നു തോന്നിച്ച യുവതി, ഒരു ഗ്ലാസ്സിൽ കുത്തി നിർത്തിയ, സൂചി നിന്ന നിൽപ്പിൽ പുറകോട്ടു വളഞ്ഞ് അവളുടെ കണ്ണു കൊണ്ട് എടുത്തു കാണിച്ചു. നാടൻ സഞ്ചാരികളുടെ ഇടയിൽനിന്ന് വാഹ് വാഹ് കേൾക്കുന്നുണ്ടായിരുന്നു. നൃത്തമല്ല ഇതൊക്കെ കായികാ ഭ്യാസങ്ങളാണ്!

പിന്നീട് നർത്തകിമാരിൽ ഒരുവൾ വേദിവിട്ട് കാണികൾക്കിടയിലേയ്ക്ക് വന്ന് ഒരു താലം കാണിച്ച് നടന്നു. അതിൽ പലരും പൈസയിട്ടു. താലം തിരികെ വെച്ച് അവൾ വീണ്ടും വന്നു നൃത്തം ചെയ്യാൻ ക്ഷണിച്ചുകൊണ്ട് കൈ നീട്ടി. ചി

ലരെല്ലാം ഇറങ്ങിച്ചെന്ന് നൃത്തത്തിൽ പങ്കുചേർന്നു. ഇത്തിരി താമസിച്ച് ഞങ്ങളുടെ കൂട്ടത്തിൽനിന്നും രണ്ടു നർത്തകർ- ശിവജിയേട്ടനും മാത്യൂവേട്ടനും പോയി നൃത്തത്തിൽ ചേർന്നു. ക്ഷണിയ്ക്കപ്പെട്ട് ചെന്നവരുടെ കൂട്ടത്തിൽ വെറും നാലോ അഞ്ചോ വയസ്സു പ്രായമുള്ള ഒരുകുഞ്ഞിമോൾ അതിമനോഹരമായി താളനിബദ്ധമായ ചുവടുകളോടെയും ഉടൽ ചലനങ്ങളോടെയും കളിച്ചത് എനിയ്ക്ക് വളരെ ഇഷ്ടപ്പെട്ടു. നൃത്തം കഴിഞ്ഞ് വാമേട്ടൻ എന്നോട് പറഞ്ഞു ഏറ്റവും ഇഷ്ടപ്പെട്ടത് ആ കുഞ്ഞിന്റെ കളിയാണ് എന്ന്. വാമേട്ടനും അതു ശ്രദ്ധിച്ചിരുന്നു!

ഒമ്പതു മണിയോടെ കലാപ്രകടനങ്ങൾ അവസാനിച്ചു. ഞങ്ങൾ കുറച്ചു പേർ അത്താഴം കഴിച്ച് മണലിൽ അല്പം നടന്നു. ശുക്ലപക്ഷ പഞ്ചമിയുടെ നിലാവ് വീണുകിടക്കുന്ന അനന്തമായ മണൽപ്പരപ്പ്. നക്ഷത്ര നിബിഡമായ വാനം! ഒരന്തശ്ശീതളത നിറയുന്നുണ്ട്. ഇനി ശാന്തമായുറങ്ങാം എന്നുതോന്നുന്നു. ഞങ്ങൾ തിരിച്ചു നടന്നു. കാലത്ത് ആറുമണിയ്ക്ക് തന്നെ എല്ലാവരോടും തയ്യാറായിരിയ്ക്കാൻ ക്യാപ്റ്റന്റെ നിർദ്ദേശമുണ്ട്. രാവിലെ മരുഭൂമിയിലേയ്ക്ക് ഇത്തിരി ദൂരം ഒട്ടകസ്സവാരിയുണ്ട്. മരുഭൂമിയിലെ ഉദയം കാണുകയുമാവാം എന്നാണ് പറഞ്ഞത്. ആറരയ്ക്കാണ് ഉദയം! കിടക്കുംമുമ്പ് മൊബൈലെടുത്തു 5.10ന് അലാം സെറ്റ് ചെയ്തു വെച്ചു. പത്തരയോടെ ഞങ്ങൾ ഉറങ്ങി.

ഞാനുണർന്നപ്പോൾ അഞ്ചു മണിയായിരിയ്ക്കുന്നു! എപ്പോഴുമങ്ങനെയാണ് പതിവ്, അലാം വെച്ചാൽ അതടിയ്ക്കുന്നതിന് അല്പം മുമ്പ് ഞാനുണരും! വേഗം മോണിംഗ് എ ബി സി ഡികളൊക്കെ കഴിഞ്ഞ് തയ്യാറായി. ഏട്ടൻ സവാരി കഴിഞ്ഞുവന്നേ കുളിയ്ക്കുന്നുള്ളൂ എന്ന് ഇന്നലെത്തന്നെ പറഞ്ഞിരുന്നു. ഞങ്ങൾ ആറുമണിയായപ്പോഴേയ്ക്കും തയ്യാറായി ഇറങ്ങി. പിന്നെ ഓരോരുത്തരായി പുറത്തുവന്നു. ഞങ്ങൾ എല്ലാവരും ചേർന്ന് സവാരി തുടങ്ങുന്നിടത്തേയ്ക്ക് നടന്നു. ഒരൊട്ടകത്തിന്മേൽ രണ്ടു പേർ കയറണം. അതിന്റെ മുതുകിൽ, മുന്നിലും പിന്നിലുമായി രണ്ടു പേർക്ക് ഇരിയ്ക്കാൻ പാകത്തിലുള്ള വലിയ തലയിണ പോലുള്ള ഇരിപ്പിടം കെട്ടിവെച്ചിട്ടുണ്ട്. അതിനെ കിടത്തിയിട്ടാണ് നമ്മളെ കയറ്റുന്നത്. നമ്മൾ കയറിക്കഴിഞ്ഞാൽ ഒട്ടകത്തിനെ എണീപ്പിയ്ക്കും. ഞാനാദ്യം കുറച്ചു പേർ കയറുന്നതും ഒട്ടകം എണീയ്ക്കുന്നതും പതുക്കെ നടക്കാൻ തുടങ്ങുന്നതും എല്ലാം നോക്കി കണ്ടു. ഒടുവിൽ കയറാൻ ചെന്നപ്പോൾ വെറും അഞ്ചടി മനുഷ്യനായ എനിയ്ക്ക് കിടക്കുന്ന ഒട്ടകത്തിൽ കയറാനും ചെറിയ ഒരു കോണി വേണം എന്നു തോന്നി. ഏട്ടൻ കൂളായി പിന്നിലെ സീറ്റിൽ കയറി. അതിന്റെ മൂക്കുകയർ പിടിച്ച കറുത്തു മെലിഞ്ഞ പയ്യൻ ചിരിച്ചുകൊണ്ട് അതിന്റെ മേൽ ചവിട്ടിക്കൊണ്ട് കയറിക്കോളാൻ പറഞ്ഞു. ചെരുപ്പിട്ട് അതിനെ എങ്ങനെയാണ് ചവിട്ടുക എന്ന് സന്ദേഹം വന്നപ്പോൾ ആ പയ്യൻ താഴെ ഇരുന്ന് അവന്റെ ഇടതുകൈ ഒരു ചവിട്ടുപടിയാക്കി കാണിച്ചു തന്നുകൊണ്ട് അതിൽ ചവിട്ടി കയറിക്കോളാൻ പറഞ്ഞു. ഈശ്വരാ! ഒട്ടകത്തിനെ ചവിട്ടാൻ വയ്യാ എന്നു വെച്ച് നില്ക്കുമ്പോൾ ഈ പയ്യൻ അവനെ ചവിട്ടി കയറാൻ പറയുന്നു. ഏട്ടൻ പെട്ടെന്ന് ചോദിച്ചു, ആനപ്പുറത്തൊക്കെ ആളുകൾ കയറുന്നത് അതിനെ ചവിട്ടാതെയാണോ? ഞാൻ വേഗം ഇടതുകാൽ ചെരുപ്പ് ഊരി ഒട്ടകത്തിന്റെ ദേഹത്ത് ഒരു സ്റ്റെപ്പ് വെച്ച് മറ്റേകാൽ കവച്ചുവെച്ച് ഒട്ടകാരൂഢനായി! അതിന്റെ ശരീരത്തിൽ ചവിട്ടുന്ന നിമിഷം ഞാനാ ജീവിയുടെ കണ്ണുകളിലേയ്ക്കൊന്നു നോക്കിയിരുന്നു. ഈശ്വരാ, അവിടെക്കണ്ട ആ ഭാവം ഉയിരുള്ളകാലം ഞാൻ മറക്കില്ല! എന്തൊരു മഹാ നിസ്സംഗത! വിഢ്ഢിയായ മനുഷ്യാ നീയെന്തറിഞ്ഞു എന്ന ഇത്തിരി പുച്ഛം കലർന്ന ഒരു ചോദ്യം ആ കണ്ണുകളിൽ മിന്നി മറഞ്ഞുവോ!? എന്റെ ഉള്ളിൽ കുറ്റബോധമുറഞ്ഞു.

പുരാണത്തിലെ ഋഭു മഹർഷിയേയും അദ്ദേഹത്തിന്റെ ശിഷ്യൻ നിദാഘനേയും ഓർമ്മ വന്നു. അതിന്മേലിരിയ്ക്കെ ആ പയ്യൻ ചെരുപ്പു കാലിലിട്ടുതന്നു. എന്നോട് ഹാന്റിൽ കാണിച്ച് തന്ന് അതിൽ പിടിച്ചിരിക്കാൻ പറഞ്ഞു. ഒട്ടകം എണീയ്ക്കുമ്പോൾ പിടിച്ചിരിക്കണം. എന്നാൽപ്പോലും അതിന്റെ എഴുന്നേൽപ്പ് മുകളിലിരിക്കുന്ന നമ്മളെ ശരിക്കും ഒന്നുലക്കും.

കൂട്ടത്തിലുള്ളവരൊക്കെ സഞ്ചാരം തുടങ്ങിക്കഴിഞ്ഞു. ഇനി രാമുവേട്ടൻ മാത്രമേ കയറാനുള്ളൂ. ഞങ്ങൾ കയറിയ ഒട്ടകം ശ്രമപ്പെട്ട് എണീറ്റു. പെട്ടെന്ന് ഞങ്ങൾ ഉയരത്തിലെത്തി. ഇതിന്റെ കാലുകൾക്കെന്തൊരു നീളമാണ്! മൂക്കു കയറുപിടിച്ച പയ്യൻ മുന്നിൽ നടന്നു ഒട്ടകം ഞങ്ങളേയും വഹിച്ച് പുറകേയും. ഞങ്ങളുടെയും പുറകെ രാമുവേട്ടൻ കയറിയ ഒട്ടകം. ഉദയത്തിന് മുന്നെയുള്ള മങ്ങിയ വെളിച്ചത്തിൽ മുന്നിൽ നീങ്ങുന്ന ഒട്ടകസഞ്ചാരികളുടെ നിര കണ്ട പ്പോൾ ഒരു അറേബ്യൻ സാർത്ഥവാഹകസംഘത്തിന്റെ കലണ്ടർ ചിത്രം പോലെ തോന്നി.

ഒരൊന്നര കിലോമീറ്ററോളം ചെന്നപ്പോഴേയ്ക്കും ആറരയാവാറായി. ഞങ്ങൾ അവിടെ യാത്ര അവസാനിപ്പിച്ചു. കിഴക്കൻ മാനം ചെമ്പൊന്നിൻ നിറമായിരിക്കുന്നു. മനസ്സിലൊരു മുരളിതൻ ഭൂപാളം നിറയുന്നു. പ്രാചിയുടെ സീമയിൽ സവിതാവിൻ തിരനോട്ടം! ഒട്ടകപ്പുറത്തിരുന്ന് എല്ലാവരും മനോഹരമായ ഉദയം കണ്ടു, ഫോട്ടോകളെടുത്തു! പിന്നെ അന്യോന്യം ഫോട്ടോകളെടുത്തു. ഇത്തിരിനേരം അവിടെ തങ്ങി ഞങ്ങൾ മടക്കയാത്ര തുടങ്ങി.

വഴിയിൽ ചില ഇറക്കങ്ങളും കയറ്റങ്ങളുമൊക്കെയുണ്ട്. ഒട്ടകം ഇറക്കമിറങ്ങുമ്പോൾ ഒന്നു കരുതിയിരുന്നില്ലെങ്കിൽ നമ്മൾ വീണുപോവാൻ സാദ്ധ്യതയുണ്ട്. ഞങ്ങളുടെ ഒട്ടകത്തെ പയ്യൻ വേഗം നടത്തി. വലിയ ലോഡ് ഇല്ലാത്തപ്പോൾ ഈ ഒട്ടകത്തിന് എന്തു വേഗതയുണ്ട് എന്ന് ചോദിച്ചപ്പോൾ മണിക്കൂറിൽ ഏകദേശം 20 കിലോമീറ്റർ വേഗത്തിൽ നടക്കാൻ കഴിയും എന്ന് പറഞ്ഞു. തിരിച്ചെത്തി അവൻ ഒട്ടകത്തെ കിടത്തി. ആദ്യം ഏട്ടൻ ഇറങ്ങി. ഞാൻ ചെരുപ്പുകൾ ഊരി താഴെയിട്ടു. കയറിയപ്പോൾ ചവിട്ടിയ പോലെ അതിന്റെ ദേഹത്ത് ചവിട്ടി ഇറങ്ങി. ഭീരുവായ ഞാൻ ഇപ്പൊഴാ കണ്ണുകളിലേയ്ക്ക് നോക്കിയില്ല! കുഴമണലിൽ കാലു പൂണ്ടപ്പോൾ മണലിനെന്തൊരു തണുപ്പാണ്!

ഞാൻ ഒട്ടകത്തെ ചവിട്ടിയേടത്ത് തൊട്ടു തലയിൽ വെച്ചു കൊണ്ട് അതിനോട് 'പ്യാരീ ദോസ്ത് മാഫ് കീജിയെ' എന്നു പറഞ്ഞു. അതുകണ്ട് പയ്യൻ ചിരിച്ചു! ഞാൻ ചെരിപ്പുകൾ എടുത്തു കാലിലിടും മുമ്പ് വീണ്ടും രണ്ടു പാദങ്ങളും മണലിൽ പൂഴ്ത്തിനോക്കി. ആശ്ചര്യം നല്ല തണുപ്പു തന്നെ! എന്തായിരിയ്ക്കും കാരണം എന്ന് അറിയാഞ്ഞ് ഉള്ളിൽചെറിയൊരലോസരം! ഞങ്ങൾ തിരിച്ച് റിസോർട്ടിലെത്തി. പ്രാതൽ കഴിഞ്ഞ് ഒരൊമ്പതു മണിയോടെ ചെക്കൗട്ട് ചെയ്ത് ജയ്സാൽമേർ കാഴ്ചകളിലേയ്ക്ക് പോകാമെന്ന് ക്യാപ്റ്റന്റെ നിർദ്ദേശം വന്നു.

എല്ലാവരും അവരവരുടെ കോട്ടേജുകളിലേയ്ക്ക് പോയി. ഞാൻ പോയി ആദ്യം മണലിൽ പൂഴ്ത്തിയ കാലുകൾ രണ്ടും നന്നായി കഴുകിവന്നു. ഏട്ടൻ കുളിയ്ക്കാൻ കയറി. ഞാൻ പുറത്ത് വന്ന് അവിടെ മുറ്റത്ത് കെട്ടിയ ഊഞ്ഞാലിലിരുന്ന് മൊബൈലിൽ കുറച്ചു സന്ദേശങ്ങളൊക്കെ അയച്ചു.

പിന്നെ മണലിന്റെ തണുപ്പിന്റെ കാരണം ഗൂഗിളിൽ തേടി. മരുഭൂമിയിലെ അന്തരീക്ഷത്തിൽ ഈർപ്പം ഒട്ടുമില്ലാത്തതു കൊണ്ട് പകൽച്ചൂടിൽ മണൽ പ്രസരിപ്പിയ്ക്കുന്ന ചൂട് നിലനിർത്താൻ അവിടത്തെ വായുമണ്ഡലത്തിന് ശേഷിയില്ല. അതുകൊണ്ട് രാത്രിയിൽ മരുഭൂമിയിൽ അതിവേഗം ഊഷ്മാവ് താഴും. കാര്യകാരണ ബന്ധം അറിഞ്ഞു കഴിഞ്ഞതും, അലോസരം നീങ്ങിപ്പോയി!

എല്ലാവരും തയ്യാറായി വന്നപ്പോൾ പോയി ബ്രേക്ക്ഫാസ്റ്റ് കഴിച്ചു. ഞങ്ങൾ ഒമ്പതേകാലോടെ റോജാനി റിസോർട്ടിനോടു വിട പറഞ്ഞു.

ആദ്യം പോയത് ജയ്സാൽമേർ കോട്ട കാണാനായിരുന്നു. ഇത്തിരി അകലെനിന്നു തന്നെ കോട്ട കാണാനായി. സാന്റ്സ്റ്റോണിൽ നിർമ്മിച്ചതാണ് എന്ന് വെയിലിൽ തിളങ്ങുന്ന ഇളംമഞ്ഞ നിറം കണ്ടാൽ തോന്നുന്നുണ്ട്. ഇതാ ഞങ്ങളെത്തി! ഒരു ഗൈഡ് ഞങ്ങളെ കാത്തുനിന്നിരുന്നു. പ്രവേശനപാസ്സിന് ആളൊന്നിന് അമ്പത് രൂപയാണ്. ഞങ്ങൾ പാസ്സെടുത്ത് അകത്തു കയറി. ഗൈഡ് ഒരു പ്രാഥമിക വിവരണം നല്കി. ത്രികൂടമലയുടെ മേലാണ് ഈ കോട്ട പണിതിരിയ്ക്കുന്നത്. വെയിലേറ്റു തിളങ്ങുന്ന ഈ കോട്ടയ്ക്ക് സ്വർണ്ണത്തോടടുത്ത നിറമുള്ളതിനാൽ സ്വർണ്ണ ദുർഗ്ഗം (സോനാർ കില) എന്ന പേരു കൂടിയുണ്ട്. ഇരുനൂറ്റമ്പത് അടിയോളം ഉയരമുണ്ട് ഈ കോട്ടയ്ക്ക്. കോട്ടമതിലിന് 30 അടി ഉയരമാണ്. മതിലിൽ 99 കൊത്തളങ്ങൾ ഉണ്ടത്രെ. ഇവയിൽ 92ഉം 1633- 1647 കാലഘട്ടത്തിൽ ഉണ്ടാക്കിയതാണ് എന്നു പറയുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലിയ കോട്ടയാണത്രെ ഇത്. ഇവിടേയ്ക്ക് കയറാൻ നാലു കവാടങ്ങളുണ്ട്. 1.ഗണേശ് പോൾ, 2.അക്ഷയ് പോൾ, 3.സൂരജ്പോൾ, 4.ഹവാപോൾ - ഈ നഗരത്തിലെ നാലിലൊന്ന് ജനം ഈ കോട്ടയ്ക്കകത്താണത്രെ താമസം. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടിയിട്ടുണ്ട് ഈ കോട്ട. സുധീർ പടിയ്ക്കൽ എന്ന എന്റെ സ്കൂൾ-കോളേജ് കൂട്ടുകാരൻ വർഷങ്ങൾക്ക് മുമ്പ്, എംടെക് പഠനശേഷം ഈ കോട്ടയിൽ വന്ന് എന്തോ പഠനം നടത്തിയിട്ടുണ്ട്. അന്ന് അദ്ദേഹം മാതൃഭൂമി വാരാന്തപ്പതിപ്പിൽ ഒരു ഫീച്ചറെഴുതിയിരുന്നതും ഓർക്കുന്നു.

ഇതിനകത്ത് രാജ്മഹൽ (റോയൽപാലസ്) ലക്ഷ്മിനാഥക്ഷേത്രം, 12-15 നൂറ്റാണ്ടുകളിൽ നിർമ്മിയ്ക്കപ്പെട്ട ചില ജൈനക്ഷേത്രങ്ങൾ ഒക്കെയുണ്ട്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവ ശാന്തിനാഥക്ഷേത്രവും, പാർശ്വനാഥക്ഷേത്രവുമാണ്. മറ്റൊന്ന് എട്ടാമത്തെ തീർത്ഥങ്കരനായ ചന്ദ്രപ്രഭുസ്വാമിജിയുടെ ക്ഷേത്രമാണ്. എല്ലാക്ഷേത്രങ്ങളിലും സമൃദ്ധമായ കൊത്തു പണികളുണ്ട്. കൂടാതെ, മ്യൂ

സിയമുണ്ട്, കടകളുണ്ട്, ഹോട്ടലുണ്ട്, റെസ്റ്റോറന്റുകളുണ്ട്. ഇടുങ്ങിയവഴികളിൽ സ്കൂട്ടർ യാത്രികർ ധാരാളം. ചിലപ്പോൾ പശുക്കളും.

ഞങ്ങൾ പിന്നീട് അടുത്തുതന്നെയുള്ള പടവാ ഹവേലിയിലേയ്ക്കാണ് പോയത്. ആർക്കിയോളജി ഏന്റ് മ്യൂസിയം വകുപ്പിന്റെ കീഴിലാണിത്. അകത്തു കയറാൻ പാസ്സിന് ഒരാൾക്ക് അമ്പതു രൂപയാണ്. 1805ലെ നിർമ്മിതിയാണാത്രെ.

ഗുമൻചന്ദ് പട്വ എന്ന അതീവ ധനാഢ്യനായ ഒരു വ്യാപാരി തന്റെ അഞ്ചു മക്കൾക്കുമായി പണിത അഞ്ചു കൊട്ടാരങ്ങൾ തന്നെയാണിത്. അദ്ദേഹത്തിന് സ്വർണ്ണാഭരണങ്ങൾ, രത്നങ്ങൾ, വെള്ളി യാഭരണങ്ങൾ, ചിത്രപട്ടാംബരങ്ങൾ, വസ്ത്രങ്ങളിൽ പിടിപ്പിയ്ക്കാനുള്ള കസവുകൾ എന്നിവയുടെയൊക്കെ വ്യാപാരമായിരുന്നു എന്ന് പറയുന്നു. അമ്പതു വർഷത്തോളം എടുത്താണത്രെ ഇതിന്റെ പണി തീർത്തത്. അച്ഛന്റെ കാലശേഷം മക്കളാണ് പണി പൂർത്തീകരിച്ചത്. അതിമനോഹരമായ കൊത്തുവേലകൾകൊണ്ട് സമൃദ്ധമാണീ നിർമ്മിതി. അറുപതോളം ബാൽക്കണികളുണ്ട്. ഓരോന്നും മനോഹരം!

സലീംസിംഗ് കി ഹവേലിയും അടുത്തു തന്നെ. ജയ്സാൽമേറിന്റെ പ്രധാനമന്ത്രിയായിരുന്ന സലിംസിംഗ് 1815ൽ ഉണ്ടാക്കിയതാണത്രെ ഈ ഹാവേലി. രാജാവിനോടുള്ള മത്സരബുദ്ധിയിൽ, ഇതിന് രാജകൊട്ടാരത്തോളം തന്നെ നിലകളുണ്ടാക്കിയത്രെ. എന്നാൽ രാജശാസനം വന്നു രണ്ടു നിലകൾ പൊളിച്ചുകളയാൻ. അങ്ങനെ രണ്ടുനിലകൾപൊളിച്ചു കളഞ്ഞതായിട്ടും അതീവ മനോഹരം തന്നെയാണിത്. ആകൃതി ഒരു കപ്പലിന്റെ പുറകുവശം പോലെ തോന്നുന്നത് കൊണ്ട് ഇതിനെ ജഗാസ് മഹൽ എന്നും പറയുമത്രെ. ബാൽക്കണികളും ജാലകങ്ങളും കൊത്തുപണികളാലും ചുമരുകളും മേൽത്തട്ടും ചിത്രപ്പണികളാലും നിറഞ്ഞതാണീ മന്ദിരം. ഇതിന്റെ നിർമ്മിതിയിൽ സിമന്റോ, കുമ്മായമോ ഒന്നും ഉപയോഗിച്ചിട്ടില്ല. വലിയ സാന്റ്സ്റ്റോണുകൾ ഉറപ്പുള്ള ഇരുമ്പ് ദണ്ഡുകൾ കൊണ്ട് അന്യോന്യം ബന്ധിച്ചാണ് ഇത് നിർമ്മിച്ചിട്ടുള്ളത്.

ഏപ്രിൽ മാസ സൂര്യൻ ഞങ്ങളെ ശരിയ്ക്കും കുഴക്കുന്നുണ്ട്. ഗൈഡ് ഞങ്ങളോട് ഒരു പരിഹാരം നിർദ്ദേശിച്ചു. അല്പം ഭാംഗ് ചേർത്ത പാലു കുടിച്ചാൽ നിലാവിൽ നടക്കുംപോലെ നടക്കാമത്രെ! വേണമെങ്കിൽ അയാൾ സൗകര്യമൊരുക്കാം എന്നും പറഞ്ഞു. തല്ക്കാലം ആരും വേണമെന്ന് നടിച്ചില്ല. ഞങ്ങൾ അധികം കറങ്ങാതെ പുറത്തു വന്ന് ഗഡിസർ തടാകം കാണാനായി നീങ്ങി.

ഗഡിസർ 1156ൽ റാവു ജയ്സാൽസിംഗിന്റെ കാലത്തുണ്ടാക്കിയ ഒരു കൃത്രിമ തടാകമാണ്. ഞങ്ങൾ അതിനടുത്തെത്തി.ഒ രുകാലത്ത് ജയ്സാല് മേറിന്റെ മുഴുവൻ ജലസ്രോതസ്സ് ഈ തടാകമായിരുന്നു. ആദ്യകാലത്ത് ഇത് ജയ്സാൽസർ തടാകം എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ 1367ൽ ഇത് ഗഢ്സി സിംഗിനാൽ പുനർനിർമ്മിക്കപ്പെടുകയുണ്ടായി. അതിനുശേഷം ഇത് ഗഡിസർ തടാകം എന്നറിയപ്പെട്ടു തുടങ്ങി. തടാകത്തിലേക്കുള്ള കവാടങ്ങളിൽ പ്രസിദ്ധമായത് തിലോൻ കി പോൾ ആണ്. ഇത് നിർമ്മിച്ചത് തിലോൻ എന്ന ധനികയായ വേശ്യാസ്ത്രീയാണത്രേ. രാജാവിന്റെ അനുമതിയില്ലാത്ത നിർമ്മിതിയായതുകൊണ്ട് പൊളിച്ചു കളയാൻ പറയും എന്ന് ഏറെക്കുറെ തീർച്ചയുണ്ടായിരുന്നതിനാൽ തിലോൻ എന്ന ബുദ്ധിമതിയായസ്ത്രീ കവാടത്തിനുമുകളിൽ ഒരു കൃഷ്ണവിഗ്രവും പണിതു വെപ്പിച്ചു. അതുകാരണം രാജാവിന് ഇതു പൊളിച്ചു കളയാൻ പറ്റാതെയായി. അങ്ങനെ ആ ഗേറ്റ് ഇപ്പൊഴും നിലനില്ക്കുന്നു.

ഞങ്ങളാരും ഒരു ബോട്ടിംഗിന് താല്പര്യപ്പെട്ടില്ല. ആളുകൾ മീനുകൾക്ക് തീറ്റയിട്ടുകൊടുക്കുന്നത് കണ്ടു. മീനൂട്ട്! ഞങ്ങൾ കുറച്ചു ഫോട്ടോകളൊക്കെ എടുത്തു. ഗ്രൂപ്പൊന്നിച്ചെടുക്കാൻ കഷ്ടപ്പെടുമ്പോൾ ഒരു പയ്യൻ സ്വയം തയ്യാറായിവന്ന്, ഫോട്ടോസ് എടുത്തുതന്നു. ഞാനയാളെ പരിചയപ്പെട്ടു. സുഖ്യാത്ത് എന്ന പയ്യൻ ബെംഗളൂരുകാരനാണ്. ഒറ്റയ്ക്ക് ഒരു ബൈക്ക് ഓടിച്ചു വന്നതാണ്. ഒരാഴ്ചത്തെ പരിപാടിയാണത്രേ. ഇവിടന്ന് മൗണ്ട് ആബു വഴി ഗുജറാത്തിൽ കയറി, മുംബയ്, ഗോവ വഴിയാണ് തിരിച്ചുള്ള യാത്ര എന്ന് പറഞ്ഞു. പിരിയും മുമ്പ് ഞങ്ങൾ ഫോൺ നമ്പറുകൾ കൈമാറി. കേരളത്തിൽ വരുമ്പോൾ വിളിയ്ക്കൂ എന്നു പറഞ്ഞു ഞാൻ. സുഖ്യാത്ത് ഇപ്പൊഴും ഓണത്തിന്, പുതുവർഷത്തിന് ദീപാവലിയ്ക്ക് ഒക്കെ ഡിയർ അങ്ക്ൾ എന്ന് പറഞ്ഞ് ആശംസകളയക്കാറുണ്ട്. ബെംഗലൂരുവിൽ വരുമ്പോൾ വിളിയ്ക്കണേ എന്നോർമ്മപ്പെടുത്തും! ഓർത്തുവെയ്ക്കാൻ യാത്രകളിലെ അലക്ഷ്യസൗഹൃദങ്ങളിലൊന്ന്!

തടാകക്കരയിൽനിന്ന് പുറത്തു കടക്കുമ്പോൾ, രാജസ്ഥാനി പരമ്പരാഗത വേഷങ്ങളിട്ട് ഫോട്ടോ എടുക്കാനുള്ള സൗകര്യമൊരുക്കുന്നവർ ഞങ്ങളെ വട്ടമിട്ടു. ഞങ്ങളുടെ കൂട്ടത്തിൽ പലരും റാണാ രത്തൻസിംഗും, റാണി പത്മിനിയുമൊക്കെയായി വേഷം പകർന്ന് ഫോട്ടോകളെടുത്തു. അഞ്ചുപത്തു നിമിഷം കൊണ്ട് പ്രിന്റ് തരും എന്നു

പറഞ്ഞു കാത്തു. എല്ലാവരുടെയും പ്രിന്റൊക്കെ കിട്ടിയപ്പോഴെയ്ക്കും സമയം ഒന്നേകാലായി. ഉച്ച ഭക്ഷണത്തിന് ഒരിടം തേടാറായി! അങ്ങനെ ഞങ്ങൾ രാജു ജൈൻ നടത്തുന്ന സസ്യഭോജനശാല ഡിലൈറ്റ് റെസ്റ്റൊറന്റിലെത്തി. ഗംഭീരമായ ഉച്ചഭക്ഷണത്തിന് ശേഷം ഞങ്ങൾ 2 മണിയോടെ ജയ്സാൽമേറിനോട് വിടപറഞ്ഞ്, ബിക്കാനീറിലേയ്ക്ക് യാത്രയായി. ഇവിടെനിന്ന് 350 കിലോമീറ്റർ ദൂരമുണ്ട്. ഏകദേശം 7 മണിക്കൂർ എടുക്കും എന്ന് ഡ്രൈവർ കൈലാസ്ചന്ദർ. ചൂടും തളർച്ചയും കാരണം ആദ്യ ഒരു മണിക്കൂർ എല്ലാവരും ബസ്സിലിരുന്ന് മയങ്ങി. പിന്നീട് എല്ലാവരും മയക്കംവിട്ടുണർന്ന് പൂർവ്വാധികം ഊർജ്ജസ്വലരായി. അഞ്ചുമണിയോടെ ഒരിടത്ത് ചായകുടിയ്ക്കാനായി നിർത്തി. ഹോട്ടൽ റോയൽ പാർക്കിൽ നിന്ന് ചായ കുടിച്ച് വാഷ്റൂമിലൊക്കെ പോയിവന്ന് ഞങ്ങൾ വീണ്ടും യാത്രയായി. രാത്രി എട്ടരയോടെ ഞങ്ങൾ ബിക്കാനീറിലെ ഹോട്ടൽ കോണ്ടിനെന്റൽ ബ്ലൂവിലെത്തി. എല്ലാവരും റൂമുകളിൽ പോയി 9 മണികഴിയുമ്പോഴേയ്ക്കും അത്താഴത്തിന് ഹാജരാവണം എന്ന് പറഞ്ഞ് പിരിഞ്ഞു. അന്നത്തെ അത്താഴവും ഗംഭീരമായിരുന്നു! അതിന് ശേഷം ഇത്തിരി നടത്തവും കഴിഞ്ഞ് വന്ന് പരസ്പരം ശുഭരാത്രി പറഞ്ഞ് പിരിഞ്ഞു. റൂമിൽ കയറി കിടന്നുറങ്ങി!

(തുടരും...)

## വിഷ്ണുദത്തൻ എച്ച്. പിഷാരടിക്ക് അഭിനന്ദനങ്ങൾ




സനാതന ധർമ്മ പഠന കേന്ദ്രത്തിന്റെ ഈ വർഷത്തെ പണ്ഡിത രത്നം ജി. വിശ്വനാഥ ശർമ്മ സ്മാരക സംഗീത പുരസ്കാരം മേയ് 25 ന് മാസ്റ്റർ വിഷ്ണുദത്തൻ എച്ച്. പിഷാരടിക്ക് സമ്മാനിച്ചു.

കഥകളിക്ക് കേന്ദ്ര സർക്കാരിന്റെ ജൂനിയർ സ്ക്കോളർഷിപ്പ് ലഭിച്ചിട്ടുള്ള വിഷ്ണു തുളസീദളം മാസികയുടെ ആദ്യത്തെ നവമുകുളം സാഹിത്യ പുരസ്കാരം നേടിയിട്ടുണ്ട്.

കോട്ടയം വിജയപുരം പിഷാരത്ത് ശ്രീ. ഹരികുമാറിന്റെയും മഹാദേവമംഗലം പിഷാരത്ത് ശ്രീമതി ശാലിനി ഹരികുമാറിന്റെയും മകനാണ് ഈ മിടുക്കൻ. മാസ്റ്റർ വിഷ്ണുദത്തനു പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ.

## ഓണപ്പതിപ്പിലേക്ക് കഥകൾ, കവിതകൾ ക്ഷണിക്കുന്നു

ഓഗസ്റ്റ് അവസാനം പ്രസിദ്ധീകരിക്കുന്ന തുളസീദളം ഓണപ്പതിപ്പിലേക്ക് കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ ക്ഷണിക്കുന്നു. കൃതികൾ 2025 ഓഗസ്റ്റ് 10-നകം താഴെ കൊടുക്കുന്ന നമ്പറുകളിൽ വാട്സപ്പ് വഴിയോ അല്ലെങ്കിൽ ഇമെയിലുകൾ വഴിയോ അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നന്ദിയോടെ,

**ഗോപൻ പഴുവിൽ**
പത്രാധിപർ
Email : gopanpazhuvil@gmail.com
Phone : 9495225979

**കെ.പി. ഗോകുലകൃഷ്ണൻ**
സഹ പത്രാധിപർ
Email : gokulmanorama@gmail.com
Phone : 9207462867

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | | രസ | | ഗു | |
| | | ലഗ്നം ശി | | | |
| കു | മ മാ | ഗ്രഹനില അകത്ത് അംശകം പുറത്ത് | | കു | ലഗ്നം |
| മശു | | | | | സ |
| ച | ച | | രബു ശുഗു സ | | |
| | | ബു | ശിമാ | | |

Proposals are invited from parents of educated and preferably working Pisharody girl for a Pisharody boy aged 30 years, 165 cm height, CA, LLB, currently working in a Law Firm (Tax Litigation) in Mumbai. Interested parents may contact-

**Mob: 9769919845**
**8850498319**

1170 തുലാം 22 (1994 നവംബർ 8), ചൊവ്വാഴ്ച IST 5.14 PM ഉത്രാടം നക്ഷത്രം പ്രഥമപാദം പുരുഷജനനം. 4–6–28–0 രവിദശാ. പുണർതം, അനിഴം, മൂലം, പൂരം, തൃക്കേട്ട ഇവ ചേരില്ല.

---

| | | | | | |
|---|---|---|---|---|---|
| | ബുശു | | ചമാ | രശി | |
| | മ | ശി | | രബു ശു | |
| കു | ച | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | മ |
| | | | | | ല |
| | ലമാ | ഗു | സ | കു | |
| | സ | | ഗു | | |

Proposals invited from parents of Pisharody Girls for a Pisharody boy, 28 yrs, 173 cm height, B.Com with MBA, Senior Consultant EY GDS. Interested parents please contact-

**Mobile No. 8943196765**

കൊല്ലവർഷം 1170–ാമാണ്ട് മിഥുനമാസം 31–ാം തിയ്യതി, 1995 ജൂലൈമാസം 16–ാം തിയ്യതി രവിവാരെ അസ്തമാനാൽപൂർവ്വം 2 നാഴിക 22.5 നാഴിക അസ്തമിപ്പാനുള്ളപ്പോൾ പൂരോരുട്ടാതി നക്ഷത്രത്തിൽ പുരുഷജനനം. 10 വർഷവും 07 മാസവും 19 ദിവസവും 30 നാഴികയും നിൽക്കും നക്ഷത്രപക്ഷെ ജന്മതാരാധിപ ഗുരുശിഷ്ടദശ.

---

| | | | | | |
|---|---|---|---|---|---|
| | | | ശി | മ | |
| | ച | ശി | | | |
| ലഗ്നം | മ | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | ബു |
| മാ | മാ | | | രഭൃ | |
| | | ഗു | ലഗ്നം സകു | ബു | |
| | ഭൃചകു | ഗുരസ | | | |

Proposals invited from parents of Pisharody Girls for a Pisharody boy, 29 yrs, 168 cm height, Graduate, working in Private Sector. Interested parents please contact-

**Mobile Nos. 9048867288**
**9645804818**

കൊല്ലവർഷം 1171–ാമാണ്ട് ചിങ്ങമാസം 26–ാം തിയ്യതി, 1995 സെപ്തംബർമാസം 11–ാം തിയ്യതി തിങ്കൾ (IST 10 AM) രേവതി നക്ഷത്രത്തിൽ പുരുഷജനനം. ജനനാൽപരം 13 വയസ്സും 4 മാസം 11 ദിവസം 51 നാഴിക നിൽക്കും ജന്മശിഷ്ട ജന്മതാരാധിപ ബുധദശാ.

| | | | | | |
|---|---|---|---|---|---|
| | ഗു | ശി | ലമ | കു | |
| | ച | | ല | | |
| മാ ച | മ | ഗ്രഹനില അകത്ത് അംശകം പുറത്ത് | | കു | ശു |
| ബു | | | | | |
| | ശുകു | രഗു മാബു | സ | | |
| | | ര | സ | | |

Proposal invited from parents of Pisharody girls for a Pisharody boy, Aged 29, BTec Engineer (E&I), 169 cms, working at Banglore in a MNC Company. Interested parents may please contact-

**Mob: 9947489071**

1171 വൃശ്ചികം 16ന് (1995 ഡിസംബർ 2), ശനിയാഴ്ച, IST 6.17 PM ന് രേവതി നക്ഷത്രത്തിൽ, അസ്തമയാൽപരം 55 നാഴിക ചെന്ന് പുരുഷജനനം. വിഷ്ണു നാമധേയം. ജനനാദുപരി 5 വർഷം 11 മാസം 3 ദിവസം നിൽക്കും ബുധദശാ.

| | | | | | |
|---|---|---|---|---|---|
| | ശു | | ശിമാ | കു | |
| കു സ | ബു | ഗ്രഹനില അകത്ത് അംശകം പുറത്ത് | | ല | ഗു മാ |
| | രമ | | | | ശി |
| ബു | | സ | | ച ഗു | |
| | | | ശു | ലര ചമ | |

Alliance is invited from well educated Pisharody boys for a Pisharody girl, age 32 yrs, CA + MBA, working as Senior Finance Manager in an MNC in Mumbai. Interested parents may please contact-

**Mob: 9821110232**

ജനനം: 27-06-1168 (09-02-1993), നക്ഷത്രം: ഉത്രം. ജന്മശിഷ്ടം: 3-6-9.

## പെൻഷൻ/സാന്ത്വനം ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| 1. | വല്ലച്ചിറ പിഷാരത്ത് ശ്രീമതി സരള പിഷാരസ്യാർ (തന്റെ ഭർത്താവ് വി. മാധവപിഷാരടിയുടെ ചരമവാർഷികത്തോടനുബന്ധിച്ച്) | - | 2,000.00 |
| 2. | ചൊവ്വര സ്വാതിയിൽ ശ്രീമതി ഉഷ രാമചന്ദ്രൻ (തന്റെ ഭർത്താവ് കെ. രാമചന്ദ്രന്റെ ചരമവാർഷികതൊടനുബന്ധിച്ച്) | - | 2,000.00 |
| 3. | കുമാരി നവിക അജയ് പിഷാരോടി, പറളി | - | 2,000.00 |
| 4. | കെ. ഭരതൻ, മുംബൈ | - | 25,000.00 |
| 5. | എം. പി.സോമൻ, മുംബൈ | - | 25,000.00 |
| 6. | എ.പി. രഘുപതി, മുംബൈ | - | 12,500.00 |
| 7 | വി.പി. മുരളീധരൻ, മുംബൈ | - | 25,000.00 |
| 8. | രവി പിഷാരോടി, മുംബൈ | - | 25,000.00 |
| 9. | ശ്രീമതി രത്നം ശ്രീകുമാർ, ചിത്രശാല, തൃശൂർ | - | 25,000.00 |
| 10. | കേണൽ ഡോ. വി.പി. ഗോപിനാഥൻ, തൃശൂർ | - | 25,000.00 |
| 11. | ശ്രീമതി രാധ പിഷാരോടി, തൃശൂർ | - | 25,000.00 |
| 12. | ശ്രീമതി ലക്ഷ്മിക്കുട്ടി പിഷാരസ്യാർ, അഞ്ചേരി പിഷാരം, തൃശൂർ | - | 25,000.00 |
| 13. | അഹമ്മദാബാദിൽ നിന്ന് ഒരു അഭ്യുദയകാംക്ഷി (ചികിത്സാസഹായം) | - | 10,000.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**സെക്രട്ടറി, PE & WS**

# ശാഖാവാർത്തകൾ

## തൃശൂർ

തൃശൂർ ശാഖയുടെ ജൂൺ മാസത്തെ യോഗം 15/06/2025ന് തൃശൂർ ഷൊർണ്ണൂർ റോഡിൽ ശ്രീമതി രത്നം ശ്രീകുമാറിന്റെ വസതി ചിത്രശാലയിൽ വൈസ് പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്ര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. കുമാരി മീരയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീമതി എ.പി. സരസ്വതി, ശ്രീമതി ഉഷ ചന്ദ്രൻ, ശ്രീ. സി.പി. അച്യുതൻ എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം 13–ാമത് ദശകം എല്ലാവരും ചേർന്ന് ചൊല്ലി. ഡോക്ടർ പ്രവീൺ എല്ലാവർക്കും സ്വാഗതം പറഞ്ഞു. ഭാരതം കണ്ട ഏറ്റവും വലിയ വിമാനാപകടത്തിൽ മരണമടഞ്ഞ എല്ലാവരുടെയും അതോടൊപ്പം കഴിഞ്ഞ മാസക്കാലയളവിൽ ഈ ലോകം വിട്ടുപോയ നമ്മുടെ കുടുംബാംഗങ്ങളുടെയും ആത്മ ശാന്തിക്കായി എല്ലാവരും ചേർന്ന് മൗന പ്രാർത്ഥന നടത്തി.

പിഷാരടി സമാജത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തകരിൽ ഒരാളും വർഷാവർഷം തൃശൂർ ശാഖ നടത്തി വരുന്ന മെഡിക്കൽ ക്യാമ്പിന്റെ ആരംഭത്തിന് നേതൃത്വം നൽകിയ പ്രമുഖരിൽ ഒരാളുമായ ഡോക്ടർ ശ്രീകുമാറിന്റെ വസതിയിൽ വെച്ച് വർഷങ്ങൾക്ക് ശേഷം ശാഖാ യോഗം ചേരുവാൻ സാധിച്ചതിൽ വലിയ സന്തോഷമുണ്ടെന്നും അതിനു സമ്മതം നൽകിയ ശ്രീമതി രത്നം ശ്രീകുമാറിനോടും ഡോക്ടർ പ്രവീൺ ശ്രീകുമാറിനോടും പ്രത്യേകം നന്ദി പറയുന്നു എന്നും അദ്ധ്യക്ഷഭാഷണത്തിൽ വൈസ് പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്ര പിഷാരോടി പറഞ്ഞു. ഇരിഞ്ഞാലക്കുട വെച്ച് നടന്ന കേന്ദ്ര വാർഷികം വളരെ ഗംഭീരമായി നടന്നു. പുതിയ കേന്ദ്ര ഭരണ സമിതി നിലവിൽ വന്നു. തൃശൂർ ശാഖയെ പ്രതിനിധീകരിച്ചു കൊണ്ട് കുട്ടികൾ അവതരിപ്പിച്ച നൃത്ത നൃത്ത്യങ്ങൾ എല്ലാം മനോഹരമായി. അവർക്കെല്ലാം അഭിനന്ദനങ്ങൾ. ഏപ്രിൽ 16ന് ശ്രീ. രമേഷ് പിഷാരോടി ഉദ്ഘാടനം ചെയ്ത തുളസീദളം കലാസാംസ്കാരിക സമിതിയിൽ ഇതിനകം കുറെ പേർ അംഗങ്ങളായി ചേർന്നു കഴിഞ്ഞു. ഇപ്പോഴും ചേർന്ന് കൊണ്ടിരിക്കുന്നു. സമാജം ആസ്ഥാന മന്ദിരത്തിൽ നമ്മുടെ ശാഖയുടെ നേതൃത്വത്തിൽ തന്നെ നടന്നു വരുന്ന മരണാനന്തര ക്രിയകൾ, വാദ്യ മേളം, കഥകളി ക്ലാസ്സുകൾ എല്ലാം നന്നായി നടന്നു വരുന്നു. കേന്ദ്ര പെൻഷൻ പദ്ധതിയിലേക്ക് തുടക്കങ്ങളിൽ തൃശൂർ ശാഖയിൽ നിന്നും വലിയൊരു തുക നൽകാൻ സാധിച്ചിരുന്നു. ഏറ്റവും കൂടുതൽ സംഖ്യ കൊടുക്കാൻ കഴിഞ്ഞതും തൃശൂർ ശാഖക്കാണ്. ഓരോരുത്തരിൽ നിന്നും 25000 രൂപ വീതമാണ് നമ്മൾ പിരിച്ചു നൽകിയിരുന്നത്. എന്നാൽ ഈയിടെയായി സംഭാവനകൾ വളരെ കുറഞ്ഞിരിക്കുന്നു. വീണ്ടും സംഭാവനകൾ പിരിക്കാനുള്ള പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ 20 പേർക്കാണ് പെൻഷൻ നൽകി വരുന്നത്. താമസിക്കാൻ സ്വന്തം വീട് പോലുമില്ലാത്ത പലരും ഇന്നും നമ്മുടെ ഇടയിൽ ഉണ്ട് എന്നറിയുന്നു. അവരെയെല്ലാം സഹായിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. തൃശൂർ ശാഖയുടെ പുതിയ വർഷത്തെ പിരിവ് ഉടനെ ആരംഭിക്കേണ്ടതുണ്ട്. വല്ലച്ചിറ ട്രസ്റ്റ് പ്രവർത്തങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയും ശ്രീ. രാമചന്ദ്ര പിഷാരോടി യോഗത്തോട് വിശദീകരിച്ചു.

തുടർന്ന് സെക്രട്ടറി ശ്രീ. എ.പി. ജയദേവൻ കഴിഞ്ഞ മാസത്തെ യോഗ റിപ്പോർട്ട് വായിച്ചത് കയ്യടികളോടെ പാസാക്കി. ട്രഷറർക്കു യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നതിനാൽ കണക്കുകൾ അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണനും ഡോക്ടർ ശ്രീകുമാറിന്റെ ഭവനത്തിൽ വെച്ച് യോഗം കൂടാൻ, അതും മുൻ പ്രസിഡണ്ടുമാരായ കേണൽ ഡോക്ടർ വി.പി. ഗോപിനാഥൻ, ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരാൻ സാധിച്ചതിൽ പ്രത്യേകം സന്തോഷിക്കുന്നു എന്നറിയിച്ചു. ഇരിഞ്ഞാലക്കുട വെച്ച് നടന്ന കേന്ദ്ര വാർഷികത്തിൽ ആദ്യന്തം തൃശൂർ ശാഖ വളരെ സജീവമായി പ്രവർത്തിച്ചതിൽ ശാഖയെ അഭിനന്ദിക്കുന്നു. നമുക്ക് ധാരാളം കലാകാരന്മാരും കലാകാരികളും മറ്റു പ്രവർത്തകരും ഉണ്ട്. എന്നാൽ നല്ല സംഘടകർ നമ്മുടെ ഇടയിൽ വിരളമാണ് എന്നതൊരു പോരായ്മയായി കാണേണ്ടതുണ്ട്. ആ കുറവുകൾ കൂടി പരിഹരിക്കണം എന്ന ഉദ്ദേശം കൂടി തുളസീദളം കലാസാംസ്കാരിക സമിതിക്കുണ്ട്. പെൻഷൻ പദ്ധതിയിൽ സാമ്പത്തിക വരുമാനം കുറഞ്ഞതിന്റെ പ്രധാന കാരണം പിന്നീട് അതിന്റെ തുടർനടപടികൾ ഉണ്ടാകാതെ പോയതാണ്. അത് നമ്മൾ വീണ്ടും ആരംഭിക്കുന്നു. വിവിധ ശാഖകളിലായി സാമ്പത്തീകമായി എല്ലാ തരത്തിലും

ബുദ്ധിമുട്ട് അനുഭവിക്കുന്ന കുറെ പേരുണ്ട്. ഒരു പാട് അംഗങ്ങളുണ്ടെങ്കിലും ഭാഗം നടത്താതെ സാമ്പത്തികമായി ദരിദ്രരെങ്കിലും എ.പി.എൽ കാർഡുടമസ്ഥരായി കൂട്ടുകുടുംബമായി താമസിക്കുന്ന പല കുടുംബങ്ങളും ഇപ്പോഴും ഉണ്ട്. ദേവസ്വം ബോർഡുകൾ, ചില ക്ഷേത്രോപദേശകസമിതികൾ എന്നിവരൊക്കെ കാരായ്മ കഴക പ്രവർത്തി ചെയ്തു വരുന്നവരോട് ചെയ്തു വരുന്ന അനീതികളും ദ്രോഹങ്ങളും നമ്മുടെ ശ്രദ്ധയിൽ ഉണ്ട്. ഇവരെയെല്ലാം സഹായിക്കേണ്ടത് നമ്മടെ കടമയാണ്. ഇതിനെല്ലാം തൃശൂർ ശാഖയുടെ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. വയോജനങ്ങളുടെ അധിവാസം, സുരക്ഷിതത്വം, മാനസികോല്ലാസം എന്നിവക്കെല്ലാമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. തുല്യ പ്രാധാന്യത്തോടെ തന്നെ യുവജനങ്ങളെ ബാധിക്കുന്ന പല പ്രശ്നങ്ങൾക്കും കൃത്യമായ പരിഹാരങ്ങൾ നല്കാനും നമുക്ക് സാധിക്കണം. അതിനുള്ള പദ്ധതികളും ഭരണസമിതിക്ക് മുന്നിൽ ഉണ്ട്. ഗുരുവായൂർ ഗസ്റ്റ് ഹൌസ് പ്രവർത്തനങ്ങൾ പ്രശംസാർഹമായി മുന്നോട്ട് പോകുന്നുണ്ട്. അഞ്ചു വർഷമായി കർക്കിടകത്തിൽ നടത്തിവരുന്ന രാമായണമാസാചരണം ഇപ്രാവശ്യം ജൂലൈ 17ന് ( കർക്കിടകം 1) ഗുരുവായൂർ ഗസ്റ്റ് ഹൌസിൽ വെച്ചാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നതെന്നും അതിന്റെ വിജയത്തിനും തൃശൂർ ശാഖയുടെ സഹകരണങ്ങൾ ഉണ്ടാകണമെന്നും ശ്രീ. ഹരികൃഷ്ണൻ പറഞ്ഞു.

മുൻ ജനറൽ സെക്രട്ടറിയും മുൻ പ്രസിഡണ്ടുമായ ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി അദ്ദേഹം ജനറൽ സെക്രട്ടറി ആയിരുന്ന സമയത്ത് അന്തരിച്ച ബാബു നാരായണനെ ചെയർമാനാക്കി ഒരു കലാസമിതി രൂപീകരിക്കാൻ ശ്രമം നടത്തിയ വിവരം യോഗത്തോട് പങ്ക് വെച്ചു. തുളസീദളം കലാസാംസ്കാരിക സമിതി എന്ന പേരിൽ തൃശൂർ ശാഖയുടെ നേതൃത്വത്തിൽ തന്നെ ഇപ്പോൾ ഒരു കലാ സംഘടന രൂപീകൃതമായതിൽ സന്തോഷിക്കുന്നു. അദ്ദേഹം പ്രസിഡന്റ് ആയിരുന്ന കാലത്ത് ആണ് ആദ്യമായി സമാജത്തിന് തൃശൂർ നിന്ന് ഒരു ശാഖ ഉണ്ടായതും തുടർന്ന് അത് 28 ശാഖയായി വളർന്നതും അവരുടെയെല്ലാം സഹകരണങ്ങൾ കൊണ്ട് ഗുരുവായൂർ ഗസ്റ്റ് ഹൌസ് യാഥാർഥ്യമായതുമെല്ലാം ശ്രീ. ബാലകൃഷ്ണ പിഷാരടി വിവരിച്ചു. എന്നാൽ ഇപ്പോൾ പല ശാഖകളും ഇല്ലാതായി. പുതിയ ഭരണസമിതിക്ക് അത്തരം ശാഖകളെ പുനർജീവിപ്പിക്കാനും പഴയതു പോലെ കർമ്മ നിരതരാക്കാനും സാധിക്കട്ടെ എന്നാശംസിക്കുന്നു. കേന്ദ്ര പെൻഷൻ ഫണ്ട്, വല്ലച്ചിറ ട്രസ്റ്റ് സ്ഥലം, വയോജനങ്ങളെ പാർപ്പിക്കാനുള്ള സ്ഥലം, ഗുരുവായൂർ ഗസ്റ്റ് എന്നിവയെ പറ്റിയൊക്കെ ശ്രീ. ബാലകൃഷ്ണ പിഷാരോടി അഭിപ്രായം പങ്ക് വെച്ചു.

സ്വന്തമായി വീട് പോലും ഇല്ലാത്തവരും സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നവരും നമ്മുടെ ഇടയിൽ ഉണ്ടെന്നുള്ള വിവരം വളരെ വേദന ഉണ്ടാക്കുന്നതാണെന്ന് ശ്രീ. സി.പി. അച്യുതൻ പറഞ്ഞു. ഇനിയും അങ്ങനെ ഉള്ളവർ ഉണ്ടാകും. അവരെയൊക്കെ കണ്ടെത്താൻ ഒരു കമ്മിറ്റി തന്നെ രൂപീകരിച്ച് ഗൃഹ സന്ദർശനങ്ങൾ ആണ് ഏറ്റവും നല്ല മാർഗ്ഗം. പെൻഷൻ പദ്ധതിയെ പറ്റിയുള്ള അഭിപ്രായവും ശ്രീ. സി.പി. അച്യുതൻ പറഞ്ഞു.

തുളസീദളം ഓണപ്പതിപ്പ് ഇപ്രാവശ്യവും മുഴുവൻ കളർ പേജുകളോടെയാണ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ശാഖയിൽ നിന്ന് പരമാവധി പരസ്യങ്ങളും ആർട്ടിക്കിളുകളും സംഘടിപ്പിച്ചു തരണമെന്ന് തുളസീദളം പത്രാധിപർ ശ്രീ. ഗോപൻ പഴുവിൽ അഭ്യർത്ഥിച്ചു. തുളസീദളം കലാ സാംസ്കാരിക സമിതി പ്രവർത്തങ്ങളെപ്പറ്റിയും അദ്ദേഹം വിശദീകരിച്ചു. ചർച്ചയിൽ സർവ്വശ്രീ കെ.പി. ഗോപകുമാർ, ആർ.പി. രഘുനന്ദനൻ, ജി.ആർ. ഗോവിന്ദൻ, ശ്രീ. സി.ജി. കുട്ടി എന്നിവരും പങ്കെടുത്തു. നിലവിൽ ശാഖയിൽ കഴക പ്രവർത്തി ചെയ്യുന്ന 21 അംഗങ്ങളുടെ ഇൻഷുറൻസ് കാലാവധി ജൂലൈ മാസത്തിൽ തീരുന്നതിനാൽ അവരുടെ ഇൻഷുറൻസ് പുതുക്കാനും അതോടൊപ്പം പുതിയവർ ഉണ്ടെങ്കിൽ അവരെ ചേർക്കാനും തീരുമാനിച്ചു. എസ്.എസ്.എൽ.സി. പരീക്ഷയിൽ 96.6 ശതമാനം മാർക്കുകളുമായി ഫുൾ എ പ്ലസ്സോടെ ഉന്നത വിജയം നേടിയ എസ്. കൈലാസ് കൃഷ്ണയെ യോഗത്തിന് വേണ്ടി ശ്രീ. എ. രാമചന്ദ്ര പിഷാരോടി അഭിനന്ദിച്ചു. ക്ഷേമനിധി നടത്തി. ശ്രീ. സുരേഷിന്റെ നന്ദിയോടെ യോഗം 5.30ന് അവസാനിച്ചു.

തൃശൂർ ശാഖയുടെ ജൂലൈ മാസത്തെ യോഗം 20-07-2025 ഞായറാഴ്ച്ച വൈകീട്ട് 4ന് കോലഴി പൂവനിയിൽ ശ്രീ. കെ.ബി. ഓമനക്കുട്ടന്റെ വസതി 'പിഷാരത്ത്' വെച്ച് നടത്തുന്നതാണ്.

മേൽവിലാസം: ഓമനക്കുട്ടൻ കെ.ബി., (കുട്ടമശ്ശേരി പിഷാരം), പിഷാരം, ആലുക്കൽ ഗാർഡൻസ്, പൂവണി, കോലഴി, തൃശൂർ. ഫോൺ: 9744500670, 9447970930.

## എറണാകുളം ശാഖ

## 2024-2025 വാർഷിക പൊതുയോഗവും കുടുംബസംഗമവും

ശാഖയുടെ 2024-2025 വർഷത്തെ വാർഷിക പൊതുയോഗവും കുടുംബസംഗമവും 2025 മെയ് 11നു ചേരാനെല്ലൂർ NSS കരയോഗം ഹാളിൽ വെച്ച് നടന്നു. രാവിലെ 10:30 മണിക്ക് ശാഖ രക്ഷാധികാരി ശ്രീ. കെ.എൻ. ഋഷികേശ് പതാക ഉയർത്തി. അതിനു ശേഷം നമ്മുടെ കുലത്തൊഴിലായ മാലകെട്ട്, ഇത്തവണ മത്സരമല്ലാതെയാണ് നടന്നത്. എന്നിരുന്നാലും ഏകദേശം 8-ഓളം പേര് പങ്കെടുത്തു. ശ്രീമതി കുമാരി രവീന്ദ്രന്റെ നാരായണീയ പാരായണത്തോടെ ഇത്തവണത്തെ വാർഷിക പൊതുയോഗം സമാരംഭിച്ചു. കമ്മിറ്റി അംഗം ശ്രീ. കെ. ബാലചന്ദ്രൻ വേദിയിലുള്ളവരെയും മറ്റു അംഗങ്ങളെയും സ്വാഗതം ചെയ്തു. തുടർന്ന് ശാഖയിൽ ഇക്കഴിഞ്ഞ വർഷ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞ ശാഖ അംഗം ശ്രീ. കെ.പി. കൃഷ്ണൻകുട്ടി, മറ്റു സമുദായ അംഗങ്ങളെയും, കൂടാതെ ഈയടുത്തു നടന്ന പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ പൊലിഞ്ഞ നമ്മുടെ സഹോദരീ സഹോദരങ്ങൾക്കും, ജവാന്മാർക്കും വേണ്ടി ഒരു നിമിഷം മൗന പ്രാർത്ഥന നടത്തി. പ്രസിഡന്റ് ശ്രീ. ദിനേശ് അധ്യക്ഷ ഭാഷണത്തിൽ ഏവർക്കും ശാഖ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു. അന്താരാഷ്ട്ര മാതൃ ദിനമായതിനാൽ തന്നെ എല്ലാ അമ്മമാർക്കും ആശംസകൾ അർപ്പിക്കുകയും, കൂടാതെ പഹൽഗാം ഭീകരാക്രമണത്തിൽ അപലപിക്കുകയും ചെയ്തു.

നമ്മുടെ ശാഖ വാർഷിക പൊതുയോഗത്തിനു എത്താമെന്ന് പറഞ്ഞിരുന്ന കേന്ദ്ര ഭാരവാഹികൾക്ക് എത്താൻ സാധിച്ചിരുന്നില്ല. മാതൃദിനമായതിനാൽ തന്നെ വാർഷികത്തിൽ സന്നിഹിതരായ മുതിർന്ന അമ്മമാരായ ശ്രീമതി സതി ജയരാജൻ, ശ്രീമതി ബേബി രാമചന്ദ്രൻ, ശ്രീമതി ശാരദ പിഷാരസ്യാർ എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചു വാർഷിക പൊതുയോഗം ഉദ്ഘാടനം നിർവ്വഹിച്ചു. ശാഖയുടെ 2024 - 2025 വാർഷികത്തോടനുബന്ധിച്ചു ശാഖയിലെ 50 വിവാഹ വാർഷികം പൂർത്തീകരിച്ച ദമ്പതികളെ ആദരിച്ചു.

1. ശ്രീ. ഗോവിന്ദൻ കുട്ടി - ലീല ഗോവിന്ദൻകുട്ടി, തെക്കൻ ചിറ്റൂർ.

2. ശ്രീ. RLV ദാമോദരപിഷാരോടി - ശാരദ പിഷാരസ്യാർ, തൃപ്പൂണിത്തുറ.

3. ശ്രീ. രാമചന്ദ്രൻ - ബേബി രാമചദ്രൻ, ചേരാനെല്ലൂർ

4. ശ്രീ. എ.പി. ജയരാജൻ - സതി ജയരാജൻ, തൃപ്പൂണിത്തുറ

എന്നിവരെയാണ് ശാഖ ആദരിച്ചത്.

സെക്രട്ടറി ശ്രീ. സന്തോഷ് കുമാർ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ട്രഷറർ ശ്രീ. രാധാകൃഷ്ണൻ വാർഷിക വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. തുടർന്ന് ശാഖ രക്ഷാധികാരി ശ്രീ. കെ.എൻ. ഋഷികേഷ്, വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് അനിത രവീന്ദ്രൻ, PE &WS സെക്രട്ടറി ഡോ. പി.ബി. രാംകുമാർ എന്നിവർ വാർഷിക പൊതുയോഗത്തിന് ആശംസകൾ അറിയിച്ചു. ശാഖ രക്ഷാധികാരി, വാർഷിക പൊതുയോഗത്തിലും, പ്രതിമാസ യോഗങ്ങളിൽ ഉള്ള അംഗങ്ങളുടെ പങ്കാളിത്തം കുറഞ്ഞു വരുന്നതായി ഖേദം പ്രകടിപ്പിച്ചു. മുൻ സെക്രട്ടറി ശ്രീ.രാധാകൃഷ്ണന്റെ ഗൃഹസന്ദർശനവും പ്രവർത്തന രീതികളുമൊക്കെ എടുത്തു പറയുകയുണ്ടായി. എന്നാൽ ഈ ഭരണസമിതിയിൽ ഭൂരിഭാഗം പ്രതിനിധികളും പല തിരക്കുകളും കാരണം നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിക്കാതെ വരുന്നതായി സെക്രട്ടറിയും പറയുകയുണ്ടായി.

അഡ്വക്കേറ്റ് അനിത രവീന്ദ്രൻ മാതൃദിനത്തോടനുബന്ധിച്ചു പ്രശസ്ത ഇംഗ്ലീഷ് കവി റോബർട്ട് ഫ്രോസ്റ്റിന്റെ ഒരു കവിത ആലപിച്ചതോടൊപ്പം, പിഷാരോടി സമാജം എന്നത് നമ്മുടെ കുടുംബത്തിന്റെ ഒരു എക്സ്റ്റൻഷൻ ആണെന്നും, അത് കൊണ്ട് തന്നെ എല്ലാ കുടുംബങ്ങളിലെയും അമ്മമാർ തീർച്ചയായും ഇതിൽ പങ്കാളികളാവാൻ ശ്രമിക്കണമെന്നും അതവരുടെ കടമയാണെന്നും, എങ്കിലേ സമാജം മികച്ച രീതിയിൽ പ്രവർത്തിക്കുകയെന്നും അഭിപ്രായപ്പെട്ടു.

ഡോ. പി.ബി. രാംകുമാർ, സമാജം PE & WS നടത്തിവരുന്ന ക്ഷേമപ്രവർത്തനങ്ങളെ കുറിച്ച് വിവരിച്ചു. കമ്മിറ്റി അംഗം ശ്രീ. സന്തോഷ് കൃഷ്ണൻ പങ്കെടുത്ത ഏവർക്കും നന്ദി പറയുന്നതോടൊപ്പം ശാഖ വാർഷികത്തിന് ഉച്ചക്ക് സദ്യ സ്പോൺസർ ചെയ്ത, ഈയടുത്തു 90-ാം പിറന്നാൾ ആഘോഷിച്ച, നമ്മുടെ ശാഖ അംഗവും, മുൻ ശാഖ വൈസ് പ്രസിഡന്റ് ശ്രീമതി ആശാ വിജയന്റെ പിതാവും കൂടിയായ ശ്രീ. എം. രാമചന്ദ്രനും കുടുംബത്തിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുകയും ചെയ്തു. പൊതുയോഗത്തിനു ശേഷം കമ്മിറ്റി അംഗങ്ങൾ ചേർന്ന് അദ്ദേഹത്തെ ഗൃഹത്തിലെ

ത്തി സന്ദർശിക്കുകയും ചെയ്തു. മെയ് മാസത്തെ ക്ഷേമനിധി നറുക്കെടുത്തു.

ഉച്ചയോടെ കലാപരിപാടികളുടെ ഉദ്ഘാടനം ശാഖ അംഗവും പ്രശസ്ത നർത്തകിയും ആയ സൗമ്യ ബാലഗോപാൽ നിർവ്വഹിച്ചു. ശേഷം നൃത്തം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് വിഭവ സമൃദ്ധമായ സദ്യക്ക് ശേഷം കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ കലാപരിപാടികൾ അരങ്ങേറി. ശേഷം സമ്മാനദാനത്തോടെ വാർഷിക പൊതുയോഗവും കുടുംബസംഗമവും പര്യവസാനിച്ചു.

*******************************

എറണാകുളം ശാഖയുടെ 2025 ജൂൺ മാസ യോഗം 08-06-2025 നു ഉച്ചതിരിഞ്ഞ് 3ന് ചേരാനെല്ലൂർ പിഷാരത്തു ശ്രീ. സി.പി. രവീന്ദ്രപിഷാരോടിയുടെ വസതിയിൽ വെച്ച് നടന്നു.

ഗൃഹനാഥ ശ്രീമതി കുമാരി രവീന്ദ്രൻ ദീപം കൊളുത്തി. ശ്രീമതി ശാലിനി രഘുനാഥ് ഈശ്വര പ്രാർത്ഥന ചൊല്ലിയശേഷം ഏവരെയും സ്വാഗതം ചെയ്തു. കഴിഞ്ഞ കാലയളവിൽ സമുദായത്തിൽ നമ്മെ വിട്ടു പോയവരെ സ്മരിച്ചുകൊണ്ട് ഒരു നിമിഷം മൗനപ്രാർത്ഥന നടത്തി.

പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരോടി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, സെക്രട്ടറി മെയ് മാസം നടന്ന ശാഖയുടെ വാർഷിക പൊതുയോഗ റിപ്പോർട്ട് അവതരിപ്പിച്ചത്, ചില തിരുത്തലുകളോടെ പാസാക്കി. ഖജാൻജി ശ്രീ. എം.ഡി. രാധാകൃഷ്ണൻ വാർഷിക പൊതുയോഗത്തിന്റെ വരവ് ചിലവുകൾ അവതരിപ്പിച്ചു.

ശാഖ മുൻ വൈസ് പ്രസിഡന്റ് കൂടിയായ ശ്രീമതി ആശ വിജയൻ ശാഖ വാർഷികത്തിന്റെ സദ്യ സ്പോൺസർ ചെയ്തത് പ്രേത്യേകം പരാമർശിച്ചു. എന്നാൽ സ്പോൺസർഷിപ്പ് ലഭിച്ചിട്ടും വാർഷികത്തിലേക്ക് സംഭാവനകൾ കുറവാണ് ലഭിച്ചിരിക്കുന്നതെന്ന ആശങ്ക പങ്കുവെച്ചു.

വാർഷിക യോഗത്തിന്റെ അവലോകനം നടന്നു. വാർഷികത്തിൽ കൂടുതൽ അംഗങ്ങൾ പങ്കെടുക്കണമായിരുന്നു എന്ന് വിലയിരുത്തി.

ഇരിങ്ങാലക്കുടയിൽ വെച്ച് നടന്ന കേന്ദ്ര വാർഷികത്തിന് ശാഖയിൽ നിന്നും 15 പേരാണ് പങ്കെടുത്തത്. ഒരു ട്രാവലറിലാണ് പോയത്. വാർഷികത്തിലേക്കായി ഏകദേശം 13700 രൂപയാണ് പിരിച്ചു കൊടുത്തത്. സംഭാവന നൽകിയ ഏവരെയും പ്രസിഡണ്ട് അഭിനന്ദിച്ചു. കൂടാതെ 5000 രൂപ സംഭാവന നൽകിയ സീനിയർ അഡ്വക്കേറ്റ് ജയകുമാറിന് പ്രത്യേകം നന്ദി രേഖപ്പെടുത്തി.

എറണാകുളം ശാഖയുടേതായി ഒരു ക്ലാസിക്കൽ നൃത്തം അവതരിപ്പിച്ച സൗമ്യ ബാലഗോപാലിന് പ്രത്യേകം നന്ദി അറിയിച്ചു.

വളരെ മികച്ച രീതിയിലുള്ള പ്രവർത്തനത്തോടെ, കേന്ദ്ര വാർഷികത്തിനു ആതിഥേയം വഹിച്ച ഇരിങ്ങാലക്കുട ശാഖയ്ക്ക് എറണാകുളം ശാഖയുടെ അഭിനന്ദനങ്ങൾ യോഗത്തിൽ അറിയിച്ചു.

തുളസീദളം കലാ സാംസ്കാരിക സമിതിയുടെ വിവരങ്ങൾ ചർച്ച ചെയ്തു. ശാഖയിലെ എല്ലാ കലാകാരന്മാരും ഇതിൽ മെമ്പർഷിപ് എടുക്കണമെന്ന് താല്പര്യപ്പെട്ടു.

മെമ്പർഷിപ്പ് വിവരങ്ങൾ കൃത്യമായി ലഭിച്ച ശേഷം എല്ലാവരെയും അറിയിക്കുന്നതാണ്. ശാഖയിലെ കലാകാരന്മാർ കൂടുതലുള്ള സ്ഥലത്തു വെച്ച് ഉടൻ തന്നെ ഒരു യോഗം നടത്താൻ ശ്രമിക്കുന്നതാണ്. ഇതിൽ സമിതിയുടെ ഭാരവാഹികളെ ക്ഷണിക്കുകയും ചെയ്യാം.

കഴിഞ്ഞ കുറച്ചു കാലയളവിൽ സമാജം PE & WS സെക്രട്ടറിയായി മികച്ച പ്രവർത്തനം കാഴ്ചവെച്ച നമ്മുടെ ശാഖ അംഗമായ ഡോ.പി.ബി. രാംകുമാറിനെ യോഗം അഭിനന്ദിച്ചു. കൂടാതെ അദ്ദേഹത്തിന്റെ കാലയളവിൽ നടന്ന സൊസൈറ്റിയുടെ ചില പ്രവർത്തനങ്ങളും നേട്ടങ്ങളും പങ്കുവെച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സമാജം അംഗങ്ങൾ, തങ്ങളുടെ കുടുംബത്തിലെ വിശേഷ ദിവസങ്ങളിലും മറ്റും, കഴിയുന്ന പോലെ സമാജം സൊസൈറ്റിയിലേക്കു സംഭാവനകൾ ചെയ്യുന്ന വഴി സമാജം കാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ ശ്രീ. രാധാകൃഷ്ണൻ അഭ്യർത്ഥിച്ചു.

ക്ഷേമനിധി നറുക്കെടുത്തു. ജ്യോതി സോമചൂഢൻ, ടി.വി. ബാലകൃഷ്ണപിഷാരോടി, വൈശാഖ് പിഷാരോടി എന്നിവർക്കാണ് നറുക്കു ലഭിച്ചത്. തുടർന്ന് നടന്ന സ്വാദിഷ്ടമായ ചായ സത്കാരത്തിനോടൊപ്പം, ശാഖയിലെ കുമാരി തൃഷയുടെ ജന്മദിനത്തോടനുബന്ധിച്ചു മധുരവും വിളമ്പി.

കമ്മിറ്റി അംഗം ശ്രീ. ജി. രാജുനാഥിന്റെ കൃതജ്ഞതയ്ക്കു ശേഷം, ഗ്രൂപ്പ് ഫോട്ടോയോടു കൂടി യോഗം പര്യവസാനിച്ചു.

## വടക്കാഞ്ചേരി

പിഷാരടി സമാജം വടക്കാഞ്ചേരി ശാഖയുടെ ജൂൺ മാസത്തെ യോഗം 08-06-2025ന് ഉച്ചയ്ക്ക് 3 മണിക്ക് വെങ്ങാനല്ലൂരിൽ ഉള്ള ശ്രീ. വി.പി.

ജയന്റെ വസതിയായ വൃന്ദാവനത്തിൽ വച്ച് നടന്നു. ശ്രീമതി ഷീബ ജയൻ ഭദ്രദീപം കൊളുത്തി. പത്മിനി ഗോപിനാഥ് ശ്രീജിഷ എന്നിവർപ്രാർത്ഥന ചൊല്ലി. സാവിത്രി പിഷാരസ്യാർ, പത്മിനി പിഷാരസ്യാർ എന്നിവർ പുരാണ പാരായണം നടത്തി.

ഗൃഹനാഥൻ ശ്രീ. വി.പി. ജയൻ എല്ലാവർക്കും സ്വാഗതം പറഞ്ഞു. കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങളുടെ ആത്മശാന്തിക്കായി മൗനപ്രാർത്ഥന നടത്തി. ശാഖാ പ്രസിഡണ്ട് ശ്രീ. എം.പി. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. അദ്ധ്യക്ഷ പ്രസംഗത്തിൽ ശാഖാ അവതരിപ്പിച്ച പരിപാടികളെക്കുറിച്ച് (ഫ്യൂഷൻ, പൂതപ്പാട്ട്) എല്ലാവരും നല്ല അഭിപ്രായം പറയുകയും പരിപാടി അവതരിപ്പിച്ചവരെ അഭിനന്ദിക്കുകയും ചെയ്തു.

കേന്ദ്ര വാർഷികത്തോടനുബന്ധിച്ച് പരിപാടി നടത്തിയവർക്കെല്ലാം (ഫ്യൂഷൻ ഡാൻസ് വൃന്ദ ഉണ്ണി, പൂതപ്പാട്ട് അവതരിപ്പിച്ചവർ കഥാപാത്രങ്ങൾ സന്തോഷ് - തിരുമേനി & വെളിച്ചപ്പാട്; പ്രണവ് മുരളി - കാര്യസ്ഥൻ & ചെണ്ടക്കാരൻ; ഭൂതം - കുമാരി ശ്രീജിഷ; മുത്തശ്ശി - ഭവ്യാ എസ് പിഷാരടി; പേരക്കുട്ടി - കുമാരി നവമി; നങ്ങേലി - കുമാരി അനശ്വര; കുട്ടി - അതുൽകൃഷ്ണ, സുന്ദരി പൂതം - കുമാരി ഐശ്വര്യ, തിരുവാതിര & താലം - ശ്രീമതി പത്മിനി ഗോപിനാഥ്, ശ്രീമതി ഷീബ ജയൻ, കുമാരി അഖില, ശ്രീമതി മായാ രവി, ശ്രീമതി ശ്രീശൈലാ മുരളി, ശ്രീമതി പ്രസന്ന ബാലചന്ദ്രൻ, ശ്രീമതിസിന്ധു നാരായണൻ, ഗീത, മായാ സന്തോഷ്.

നൃത്ത സംവിധാനം - ശ്രീശൈലാ മുരളി. സംവിധാനം - ശ്രീ. എം.പി. സന്തോഷ്.

ചമയം – അരുൺ ബാലചന്ദ്രൻ. രംഗസജ്ജീകരണം - ശ്രീ. വി.പി. ജയൻ, ശ്രീ. മുരളി, ശ്രീ. രവീന്ദ്രൻ, ശ്രീ. വിനോദ്)

കേന്ദ്രത്തിന്റെ ഉപഹാരം രക്ഷാധികാരി ശ്രീ. എ.പി. രാജനും മറ്റ് അംഗങ്ങളും ചേർന്ന് എല്ലാവർക്കും വിതരണം ചെയ്തു.

ശ്രീ.എൻ.പി. കൃഷ്ണനുണ്ണിയുടെ നന്ദി പ്രകടനത്തിനുശേഷം 5 മണിയോടെ യോഗം സമാപിച്ചു.

## ഇരിങ്ങാലക്കുട

പിഷാരോടി സമാജം ഇരിങ്ങാലക്കുട ശാഖയുടെ ജൂൺ മാസത്തെ കുടുംബയോഗവും, Family Get TOGETHER ഉം 15/06/25 ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് നമ്പൂതിരിസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി ജയശ്രീ മധുവിന്റെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു.

യോഗത്തിന് എത്തിച്ചേർന്ന ശാഖാ മെമ്പർമാരെയും കുടുംബാംഗങ്ങളെയും, ബന്ധു മിത്രാദികളെയും സെക്രട്ടറി സ്വാഗതം ചെയ്തു.

കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും, മറ്റുള്ളവർക്കും, പ്രത്യേകിച്ച് രാജ്യത്തെ നടുക്കിയ അഹമ്മദാബാദ് വിമാന അപകടത്തിൽ ജീവൻ നഷ്ടപ്പെട്ട വർക്കും യോഗം മൗന പ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

തുടർന്ന് അദ്ധ്യക്ഷ തന്റെ ഭാഷണത്തിൽ കേന്ദ്ര വാർഷികം നന്നായി നടന്നതിലും, അതിന് വേണ്ട സഹായ സഹകരണങ്ങൾ ചെയ്ത് തന്ന ശാഖയിലെ എല്ലാ മെമ്പർമാർക്കും കുടുംബാംഗങ്ങൾക്കും വിശിഷ്യാ യുവജനങ്ങൾക്കും ശാഖയുടെ പ്രത്യേകം നന്ദി അറിയിച്ചു.

സെക്രട്ടറി സി.ജി. മോഹനൻ അവതരിപ്പിച്ച കേന്ദ്ര വാർഷികത്തിന്റെ റിപ്പോർട്ടും ട്രഷറർ കെ.പി. മോഹൻദാസ് തയ്യാറാക്കിയ വരവ് ചിലവ് കണക്കുകളും യോഗം കയ്യടിച്ച് പാസ്സാക്കി.

കേന്ദ്ര വാർഷികത്തിന്റെ വരവും ചിലവും കഴിച്ച് ബാക്കി കാര്യമായി നീക്കിയിരിപ്പ് ഒന്നും ഇല്ലെന്നും ട്രഷറർ കണക്കുകൾ സഹിതം യോഗത്തെ അറിയിച്ചു.

പല ശാഖകളും ഇനിയും സംഭാവന കൂപ്പൺ ബുക്കും മറ്റും തിരിച്ച് എത്തിച്ചിട്ടില്ലെന്നും അത് കിട്ടിയ ശേഷമെ ബാക്കി വിവരങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ എന്നും ട്രഷറർ യോഗത്തെ അറിയിച്ചു.

ജൂൺ മാസത്തെ തുളസീദളം മാസികയിൽ ഇരിങ്ങാലക്കുട ശാഖയുടെ ആതിഥേയത്വത്തിൽ നടന്ന കേന്ദ്ര വാർഷികത്തിനെപ്പറ്റി സമാജം ജനറൽ സെക്രട്ടറി കെ.പി. ഹരികൃഷ്ണന്റെ റിപ്പോർട്ടും അതോടൊപ്പം തുളസീദളം കലാ സാംസ്കാരിക സമതി സെക്രട്ടറി ഗോപൻ പഴുവിൽ എഴുതിയ 'ഇരിങ്ങാലക്കുട ഗായത്രി ഓഡിറ്റോറിയത്തിൽ പെയ്തിറങ്ങിയ കലയുടെ ചൈതന്യ മഴയേറ്റ്' എന്ന റിപ്പോർട്ടും വളരെ നന്നായിട്ടുണ്ടെന്നും അവർക്ക് രണ്ട് പേർക്കും ശാഖയുടെ നന്ദി അറിയി

ക്കുന്നതായും സെക്രട്ടറി യോഗത്തെ അറിയിച്ചു.

2024-25 അദ്ധ്യയന വർഷത്തിൽ 10th Std & 12th Std ൽ ഉന്നത മാർക്ക് നേടി വിജയം കൈവരിച്ച വിഷ്ണുദേവ് പി.ആർ. (10th Std), S/o. രാമചന്ദ്രൻ, പടിഞ്ഞാറെ പിഷാരം തൃപ്രയാർ; അനുശ്രീ ഹരികുമാർ (12th Std), D/o. ഹരികുമാർ പുത്തൻ പിഷാരം മാപ്രാണം; ഗോപിക ഗോപകുമാർ (12th Std), D/o. അഞ്ജലി ഗോപകുമാർ, കല്ലങ്കര പിഷാരം, ഇരിങ്ങാലക്കുട; അഭിഷേക് വി.പി. (12th Std), S/o. അശോക് കുമാർ, കാട്ടൂർ പിഷാരം, കാട്ടൂർ, പിഷാരോടി ശ്രേയസ്സ് ശ്രീജിത്ത് (12th Std), S/o. ശ്രീജിത്ത് പിഷാരോടി മുംബൈ - എന്നിവർക്ക് ശാഖയുടെ പേരിൽ പാരിതോഷികവും ക്യാഷ് അവാർഡും നൽകി അനുമോദിച്ചു.

കേന്ദ്ര വാർഷികത്തിന് ശാഖയിൽ നിന്നും പ്രോഗ്രാമുകളിൽ പങ്കെടുത്തവർക്ക് ശാഖാ പ്രസിഡണ്ടും സെക്രട്ടറിയും വൈസ് പ്രസിഡണ്ടും ട്രഷററും PE&WS ട്രഷറർ രാജൻ പിഷാരോടിയും ശ്രീമതി വിജയലക്ഷ്മി രാഘവ പിഷാരോടിയും ചേർന്ന് മൊമെന്റോ നൽകുകയും അവരുടെ കൾച്ചറർ പ്രോഗ്രാമിനെ പറ്റിയും കേന്ദ്ര വാർഷിക വിജയത്തിൽ അവർ വഹിച്ച പങ്കിനെപ്പറ്റിയും എടുത്ത് പറയുകയും ചെയ്തു.

പിഷാരോടി സമാജം ഇരിങ്ങാലക്കുട ശാഖയുടെ സജീവ പ്രവർത്തകനായിരുന്ന അന്തരിച്ച താണിശ്ശേരി മോഹനൻ പിഷാരോടിയുടെ സ്മരണക്കായി മകൻ ശ്രീജിത്ത് മുംബൈ ഈ വർഷം (2025) മുതൽ ശാഖയിലെ 10th std പാസ്സായ കുട്ടികളിൽ സയൻസിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടിക്ക് 2000 രൂപ Cash award സ്പോൺസർ ചെയ്ത വിവരം സെക്രട്ടറി സന്തോഷപൂർവ്വം യോഗത്തെ അറിയിച്ചു.

ഈ വർഷത്തെ cash award ന് തൃപ്രയാർ പടിഞ്ഞാറെ പിഷാരത്ത് രാമചന്ദ്രന്റെ മകൻ വിഷ്ണുദേവ് പി.ആർ. അർഹനായി.

യോഗത്തിൽ വെച്ച് സ്പോൺസർ ചെയ്ത cash award വിഷ്ണു ദേവന് സമ്മാനിച്ചു.

ക്ഷേമനിധി നടത്തി.

കേന്ദ്ര ജനറൽ സെക്രട്ടറി കെ.പി. ഹരികൃഷ്ണൻ ഇരിങ്ങാലക്കുട ശാഖയുടെ FAMILY GET TOGETHER ന് എല്ലാ വിധ ആശംസകളും അറിയിച്ച വിവരം സെക്രട്ടറി യോഗത്തിൽ പങ്കുവച്ചു.

ശാഖാ വൈസ് പ്രസിഡണ്ട് വി.പി. രാധാകൃഷ്ണൻ തന്റെ വാക്കുകളിൽ കേന്ദ്ര വാർഷികം ഇത്രയും ഭംഗിയായി നടത്തുവാൻ സഹകരിച്ച ശാഖയിലെ ഓരോ മെംബർമാർക്കും കുടുംബാംഗങ്ങൾക്കും, യുവജനങ്ങൾക്കും സമാജം കേന്ദ്ര ഭാരവാഹികൾക്കും കേന്ദ്ര വാർഷികത്തിന് സംഗമേശന്റെ സ്ഥലമായ ഇരിങ്ങാലക്കുടയിൽ എത്തി ചേർന്ന എല്ലാ ശാഖാ ഭാരവാഹികൾക്കും മെമ്പർമാർക്കും കുടുംബാംഗങ്ങൾക്കും കലാ പ്രതിഭകൾക്കും സഹായ സഹകരണങ്ങൾ നൽകിയ നല്ല മനസ്സുകൾക്കും ശാഖയുടെ പേരിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തി.

ഒപ്പം ഇന്നത്തെ GET TOGETHER നും കുടുംബയോഗത്തിനും വേണ്ട എല്ലാ വിധ സൗകര്യങ്ങളും ചെയ്ത് തന്ന നമ്പൂതിരിസ് കോളേജ് മാനേജിങ്ങ് ട്രസ്റ്റിനും ശാഖയുടെ നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 6 മണിക്ക് പര്യവസാനിച്ചു.

## മുംബൈ

മുംബൈ ശാഖയുടെ 451-ാമത് ഭരണസമിതി യോഗം 22-06-2025നു ശ്രീ. വി.പി. ശശിധരന്റെ താനെ വെസ്റ്റിലുള്ള വസതിയിൽ പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ ആദ്ധ്യക്ഷത്തിൽ മാസ്റ്റർ ആദിത്യ പ്രമോദിന്റെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു.

ഇക്കഴിഞ്ഞ ഒരു മാസക്കാലയളവിൽ അന്തരിച്ച സമുദായാംഗങ്ങൾ, അഹമ്മദാബാദ് വിമാന ദുരന്തരത്തിൽ അന്തരിച്ചവർ എന്നിവർക്കായി അനുശോചനം രേഖപ്പെടുത്തി.

സെക്രട്ടറി മുൻ യോഗ മിനുട്സ് വായിച്ചതും ഖജാൻജി ഒരു മാസത്തെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചതും യോഗം അംഗീകരിച്ചു.കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ശാഖയിലേക്ക് സംഭാവന നല്കിയവർക്കും കേന്ദ്ര പെൻഷൻ ഫണ്ടിലേക്ക് സംഭാവന നല്കിയവർക്കും ഇൻകം ടാക്സ് എക്സംപ്ഷൻ സർട്ടിഫിക്കറ്റ് നൽകിയതായി ഖജാൻജി അറിയിച്ചു.

മുംബൈ ശാഖയുടെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കണക്കുകൾക്ക് ഇന്റേർണൽ ഓഡിറ്റർ, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ എന്നിവരുടെ അംഗീകാരം ലഭിച്ചതായി ഖജാൻജി അറിയിച്ചു. തുടർന്ന് യോഗം അവക്ക് സ്വീകാര്യത നൽകി അംഗങ്ങളുടെ അറിവിലേക്കായി വാർഷിക പൊതുയോഗ നോട്ടീസിന്റെ കൂടെ നൽകുവാനും തീരുമാനിച്ചു.

സെക്രട്ടറി തയ്യാറാക്കിയ 2024-25 സാമ്പത്തിക വർഷത്തെ ഭരണസമിതി റിപ്പോർട്ട് യോഗം വി

ശദമായ ചർച്ചകൾക്ക് ശേഷം അംഗീകരിച്ച് പൊതുയോഗ നോട്ടീസിന്റെ കൂടെ അംഗങ്ങൾക്ക് നൽകുവാൻ തീരുമാനിച്ചു.

തുടർന്ന് 2024-25ലെ വാർഷിക പൊതുയോഗം 27-07-2025, ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 3.30 നു വസായ് വെസ്റ്റ്, BKS ഇംഗ്ലീഷ് ഹൈസ്കൂൾ & ജൂനിയർ കോളേജിൽ വെച്ച് താഴെപ്പറയുന്ന കാര്യ പരിപാടികളോടെ നടത്തുവാൻ തീരുമാനിച്ചു.

1. 21-07-2024നു കൂടിയ 42-ാമത് വാർഷിക പൊതുയോഗത്തിന്റെ മിനുട്സ് വായിച്ച് അംഗീകരിക്കൽ.
2. 2024-25ലെ ഭരണസമിതിയുടെ പ്രവർത്തന റിപ്പോർട്ട് വായിച്ച് അംഗീകരിക്കൽ.
3. 2024-25ലെ ഓഡിറ്റിന് വിധേയമായ കണക്കുകൾ വായിച്ച് അംഗീകരിക്കൽ.
4. 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ഇന്റേർണൽ ഓഡിറ്ററെ തിരഞ്ഞെടുക്കൽ.
5. 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ തിരഞ്ഞെടുക്കൽ.
6. 2025-26, 2026-2027 സാമ്പത്തിക വർഷങ്ങളിലേക്കുള്ള കേന്ദ്ര നിയമാവലി ഭാഗം 3 R (15) പ്രകാരമുള്ള കേന്ദ്ര പ്രതിനിധി സംഭാംഗങ്ങളെ തിരഞ്ഞെടുക്കൽ.
7. 2025ലെ വാർഷികാഘോഷത്തെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിക്കൽ.
8. അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ.

യോഗത്തിന്റെ നോട്ടീസ് നിശ്ചിത സമയ കാലാവധിക്കുള്ളിൽ അംഗങ്ങൾക്ക് മുൻ വാർഷിക പൊതു യോഗ മിനുട്സ്, ഭരണസമിതി റിപ്പോർട്ട്, ഓഡിറ്റർമാർ അംഗീകരിച്ച കണക്കുകൾ എന്നിവ സഹിതം അയക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഒരു അംഗത്തിൽ നിന്നും ലഭിച്ച ചികിത്സാ സഹായാഭ്യർത്ഥന യോഗം ചർച്ച ചെയ്ത് കേന്ദ്ര പരിഗണനക്കായി അയച്ചു കൊടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെട്ടുത്തി.

കേന്ദ്ര വാർഷികം വളരെ നല്ല രീതിയിൽ ഇരിങ്ങാലക്കുട ശാഖ നടത്തിയതായി വാർഷികത്തിൽ പങ്കെടുത്ത ശ്രീ. പി. വിജയൻ അറിയിച്ചു. വാർഷികത്തിലെ PP&TDT അവലോകന യോഗത്തിൽ പറഞ്ഞ അഭിപ്രായങ്ങൾ യോഗത്തിൽ പങ്കുവെച്ചു. ഗസ്റ്റ് ഹൌസിന്റെ ആദ്യകാലങ്ങളിൽ വലിയ രീതിയിൽ സഹായിച്ച നിക്ഷേപകർക്ക് അവർക്ക് ലഭിക്കേണ്ട പലിശ ഉടൻ തന്നെ കൊടുക്കുവാൻ ഭരണസമിതി ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചതായി അറിയിച്ചു. കൂടാതെ PP&TDTയുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ ഓരോ വർഷവും അംഗങ്ങൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ അത് ഉടൻ തന്നെ ലഭ്യമാക്കാൻ ശ്രമിക്കണമെന്നും പറഞ്ഞതായി അദ്ദേഹം അറിയിച്ചു. ഇതിന് ശേഷം ട്രസ്റ്റ് സെക്രട്ടറി കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ നൽകിയെന്നും അത് കൂടി പരിശോധിച്ചതിൻ പ്രകാരം നമ്മുടെ അഭിമാനസ്തംഭമായ ഗുരുവായൂർ ഗസ്റ്റ് ഹൌസിന്റെ ഇന്നേ വരെയുള്ള സാമ്പത്തിക വിശകലന, പ്രവർത്തന നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് തുളസീദളത്തിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുവാനായി തുളസീദളം എഡിറ്റോറിയൽ ബോർഡിനും ജന. സെക്രട്ടറിക്കും അയച്ചു കൊടുത്തതായും അദ്ദേഹം അറിയിക്കുകയും പ്രസ്തുത റിപ്പോർട്ട് ഭരണസമിതി അംഗങ്ങളുടെ അറിവിലേക്കായി വായിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് വളരെ നല്ല രീതിയിൽ കാര്യങ്ങൾ അപഗ്രഥിച്ച് എഴുതിയതാണെന്നും മുഴുവൻ ട്രസ്റ്റ് അംഗങ്ങളുടെയും അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണെന്നും യോഗം അഭിപ്രായപ്പെട്ടു.

മുംബൈ ശാഖ ട്രസ്റ്റിലേക്ക് നൽകിയിരുന്ന നിക്ഷേപത്തിന് ലഭിക്കേണ്ട പലിശ ലഭിക്കുവാനായി ട്രസ്റ്റ് സെക്രട്ടറിക്ക് പ്രസ്തുത ആവശ്യം ഉന്നയിച്ചു കൊണ്ട് ഒരു കത്ത് നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

തുടർന്ന് ഇക്കഴിഞ്ഞ ജൂൺ 5നു ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ച ശ്രീ. വി.പി. ശശിധരനെ ശാഖാ പ്രസിഡണ്ട് ഓണപ്പുടവ നൽകി ആദരിച്ചു.

സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം 2 മണിക്ക് പര്യവസാനിച്ചു.

## കോട്ടയം

കോട്ടയം ശാഖയുടെ ജൂൺമാസത്തെ യോഗം 08-06-2025 നു ഏറ്റുമാനൂർ ഗീത പിഷാരസ്യാരുടെ ഭവനമായ ശ്രീരാഗത്തു വെച്ചു നടന്നു.

കൃഷ്ണദിയയുടെ ഈശ്വര പ്രാർത്ഥനക്ക് ശേഷം അനൂപ് രാമപിഷാരടി എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

എ.പി. അശോക്കുമാർ തന്റെ അധ്യക്ഷ പ്രസംഗത്തിൽ കേന്ദ്ര വാർഷികത്തിൽ പങ്കെടുത്ത്

കലാപരിപാടികൾ അവതരിപ്പിച്ച ശാഖ അംഗങ്ങൾ ഓരോരുത്തരെയും പ്രത്യേകം അഭിനന്ദിച്ചു.

വാർഷികത്തിൽ പങ്കെടുക്കുവാനായി ഏർപ്പാടാക്കിയ വണ്ടിയിൽ ശാഖയിൽ നിന്നും 14 അംഗങ്ങൾ പങ്കെടുത്തതായും അറിയിച്ചു.

കേന്ദ്രത്തിൽ നിലവിൽ വന്ന പുതിയ ഭരണ സമിതിക്കു ശാഖയുടെ ആശംസകൾ യോഗം രേഖപ്പെടുത്തി.

സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസത്തെ യോഗ റിപ്പോർട്ടും വാർഷികത്തിൽ പങ്കെടുത്തതിന്റെ വരവ് ചിലവ് കണക്കും യോഗം അംഗീകരിച്ചു.

ശാഖയുടെ FD പുതുക്കി ധനലക്ഷ്മി ബാങ്കിൽ തന്നെ നിക്ഷേപ്പിക്കുവാൻ തീരുമാനിച്ചു.

SSLC, +2 വിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്കു ശാഖ നൽകുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ജൂലൈ 31നു മുമ്പായി വിജയിച്ച കുട്ടികളുടെ മാർക്ക് ലിസ്റ്റ് സഹിതം സെക്രട്ടറിക്കു അയച്ചു കൊടുക്കേണ്ടതാണ്. ഇതിനായി ഒരു അറിയിപ്പ് അടുത്ത മാസത്തെ തുളസീദളത്തിലും ശാഖയുടെ WhatsApp ഗ്രൂപ്പിലും നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

കോട്ടയം ശാഖയുടെ വാർഷിക യോഗവും ഓണാഘോഷവും ആഗസ്റ്റ് 31 ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു.

ജൂലൈ മാസത്തെ യോഗം 6 നു കുമാരനല്ലൂരിലുള്ള ഗോകുലകൃഷ്ണന്റെ ഭവനമായ നന്ദനത്തിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചു.

അജിത്ത്കുമാറിന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

## കോട്ടയം ശാഖ അറിയിപ്പ്

കോട്ടയം ശാഖ നൽകി വരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പുകൾക്കും കെ.പി.കെ. പിഷാരസ്യാർ മെമ്മോറിയൽ സ്കോളർഷിപ്പിനും, കെ.പി. അശോക്കുമാർ മെമ്മോറിയൽ സ്കോളർഷിപ്പിനും ഉള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

2025ൽ 10 ലും +2 വിലും ഉന്നത വിജയം നേടിയ ശാഖ അംഗങ്ങളുടെ കുട്ടികൾ മാർക്ക് ലിസ്റ്റ് സഹിതം അപേക്ഷകൾ ജൂലൈ 31നു മുമ്പ് കിട്ടത്തക്ക വിധം സെക്രട്ടറിക്ക് എത്തിക്കേണ്ടതാണ്.

**സെക്രട്ടറി, കോട്ടയം ശാഖ**

### ഗുരുവായൂർ

പിഷാരടി സമാജം ഗുരുവായൂർ ശാഖയുടെ ജൂൺ മാസത്തെ യോഗം 15/06/2025 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ശാഖ പ്രസിഡണ്ട് ശ്രീമതി ഐ.പി. വിജയലക്ഷ്മിയുടെ വസതിയായ ശ്രീശൈലം, മമ്മിയൂരിൽ വച്ചു ശാഖാ പ്രസിഡണ്ടിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. കുമാരി വേദിക സരീഷിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കഴിഞ്ഞ ഒരുമാസക്കാലയളവിൽ അന്തരിച്ച ബന്ധുജനങ്ങൾക്കു വേണ്ടി മൗനപ്രാർത്ഥന നടത്തി.

പ്രസിഡണ്ട് ശ്രീമതി ഐ.പി. വിജയലക്ഷ്മി തൻെറ അധ്യക്ഷ പ്രസംഗത്തിൽ സമാജത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള കാര്യങ്ങൾ ഊർജ്ജിതമാക്കണമെന്ന് പറഞ്ഞു. ഇരിഞ്ഞാലക്കുടയിൽ നടന്ന കേന്ദ്ര വാർഷികം വളരെ ഭംഗിയായി എന്ന് യോഗം വിലയിരുത്തി. കലാ പരിപാടികളെല്ലാം വളരെയധികം നന്നായിരുന്നു. സംഘാടകർക്ക് അഭിന്ദനങ്ങൾ രേഖപെടുത്തി.

പിഷാരോടി സമാജത്തിന്റെ രാമായണമാസാചരണം കർക്കിടകം ഒന്നാം തീയതി (ജൂലൈ 17ന്) ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ വച്ചാണ് ഉദ്ഘാടനം ചെയ്യുന്നത്. അതുകൊണ്ട് പരമാവധി എല്ലാവരും പങ്കെടുക്കണമെന്ന് പ്രസിഡണ്ട് പറഞ്ഞു.

ഗുരുവായൂർ ഭാഗത്തുള്ള കൂടുതൽ മെമ്പർമാർ യോഗത്തിൽ പങ്കെടുക്കാമായിരുന്നു എന്ന് സെക്രട്ടറി ശ്രീമതി നളിനി ഇ.പി. അഭിപ്രായപ്പെട്ടു. ശ്രീമതി സിന്ധു യോഗത്തിന് നന്ദി പറഞ്ഞു. ചായ സൽക്കാരത്തിന് ശേഷം യോഗം പിരിഞ്ഞു.

### കൊടകര

പിഷാരടി സമാജം കൊടകര ശാഖയുടെ ജൂൺ മാസത്തെ യോഗം 15-06-2025 നു വരന്തരപ്പള്ളി തൃക്കയിൽ പിഷാരത്ത് ടി.ആർ. ജയന്റെ ഭവനമായ ഭരതത്തിൽ വച്ച് നടന്നു. ഉച്ചതിരിഞ്ഞ് 3 മണിക്ക് ശ്രീമതി ബേബി വേണുഗോപാൽ മാധുരി മോഹനൻ എന്നിവരുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം നടപടികൾ ആരംഭിച്ചു. കഴിഞ്ഞ മാസക്കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ സമുദായ അംഗങ്ങൾക്ക് വേണ്ടി മൗനം ആചരിച്ചു. ഗൃഹനാഥൻ ടി.ആർ. ജയൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവരേയും സ്വാഗതം ചെയ്തു. പ്രസിഡൻറ് ശ്രീമതി ഉഷ ശ്രീധരൻ അധ്യക്ഷതവഹിച്ചു.

മെയ് 25ന് ഇരിഞ്ഞാലക്കുടയിൽ നടന്ന കേന്ദ്ര വാർഷികത്തെക്കുറിച്ചു അദ്ധ്യക്ഷ വിശദമായി

സംസാരിച്ചു. അതിനുശേഷം സംസാരിച്ച കേന്ദ്ര വൈസ് പ്രസിഡൻറ് സി.പി. രാമചന്ദ്ര പിഷാരടി കേന്ദ്ര വാർഷികത്തിലേക്ക് കൊടകര ശാഖയിൽ നിന്ന് പരമാവധി അംഗങ്ങൾ പങ്കെടുത്തതിന്റെ സന്തോഷം പങ്കുവെച്ചു.

കൂടാതെ കൊടകര ശാഖ അവതരിപ്പിച്ച നൃത്തം നാടകം എന്നിവയെ സദസ്സ് ഹർഷാരവത്തോടെ സ്വീകരിച്ചെന്നു എന്ന് അദ്ദേഹം പറഞ്ഞു. കലാപരിപാടികളിൽ പങ്കെടുത്തവരെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. കേന്ദ്രത്തിന്റെ തീരുമാനങ്ങൾ യോഗത്തെ അറിയിച്ചു.

പിഷാരടിമാരുടെ വിവരശേഖരണാർത്ഥം ഓരോ ശാഖയും അവരവരുടെ അംഗങ്ങളുടെ വിവരങ്ങൾ കേന്ദ്രത്തിന് നൽകണമെന്നും അതിനായി കൊടകര ശാഖ ഒരു ഡയറക്ടറി തയ്യാറാക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഡയറക്ടറി തയ്യാറാക്കുന്നതിനായി പന്ത്രണ്ടംഗ കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ടി.പി. രാമചന്ദ്രനെ കോഡിനേറ്ററായി തീരുമാനിക്കുകയും ചെയ്തു.

കൊടകര ശാഖയിലെ അംഗങ്ങളുടെ മക്കൾക്ക് എല്ലാവർഷവും നൽകിവരുന്ന SSLC, +2, Degree, PG വിഭാഗങ്ങളിലെ വിദ്യാഭ്യാസ അവാർഡിന് വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുകയും ജൂലൈ 15ന് മുമ്പ് അപേക്ഷകൾ ലഭിക്കണമെന്ന് യോഗത്തിൽ അറിയിച്ചു. വിദ്യാഭ്യാസ അവാർഡുകൾ ശാഖയുടെ ഓണാഘോഷം നടക്കുന്ന ദിവസം നൽകുവാൻ തീരുമാനിച്ചു.

സെപ്റ്റംബർ മാസത്തെ യോഗം ഓണാഘോഷമായി നടത്തുവാൻ തീരുമാനിച്ചു.

സെക്രട്ടറി രമ്യ രാധാകൃഷ്ണൻ അവതരിപ്പിച്ച മെയ് മാസത്തെ റിപ്പോർട്ടും ട്രഷറർ ശ്രീ. കെ.പി. ശശി അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു. കേന്ദ്ര വാർഷികത്തിന് യാത്രാ സൗകര്യമൊരുക്കി പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ മുൻകൈയെടുത്ത ശ്രീ. എം.പി. വിജയനെ യോഗം പ്രത്യേകം അഭിനന്ദിച്ചു.

കൊടകര ശാഖയുടെ നേതൃത്വത്തിൽ നാലമ്പലയാത്ര നടത്തുന്നതിനു തീരുമാനിച്ചു. കഴകക്കാരുടെ ഇൻഷുറൻസ് ജൂലൈ 15ന് മുമ്പ് പുതുക്കണമെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു.

ശ്രീ. കെ.പി. കൃഷ്ണകുമാറിന്റെ സിനിമാഗാനവും ഗൃഹനാഥന്റെ മകൾ ലക്ഷ്മി ജയൻ അവതരിപ്പിച്ച നൃത്തവും സദസ്സ് ഹർഷാരവത്തോടെ സ്വീകരിച്ചു.

അതിനുശേഷം സംസാരിച്ച ശ്രീ. രാജൻ സിത്താര സമാജത്തിന്റെ ഈ വർഷത്തെ രാമായണമാസാചരണം ജൂലൈ 17ന് ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ സമ്പൂർണ്ണ നാരായണീയ പാരായണത്തോടെ ആരംഭിക്കുമെന്ന് അറിയിക്കുകയും കൊടകര ശാഖയിൽ നിന്നും പരമാവധി അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാവണമെന്ന് അറിയിക്കുകയും ചെയ്തു.

ജൂലൈ മാസത്തെ സമാജം മീറ്റിംഗ് കോടാലി ശ്രീ. വി.പി. ജയന്റെ വസതിയിൽ വച്ചും ആഗസ്റ്റ് മാസത്തെ അഷ്ടമിച്ചിറ പിഷാരത്ത് ശ്രീ. എ.പി. ആനന്ദപിഷാരോടിയുടെ വസതിയിൽ വെച്ചും നടത്തുവാൻ തീരുമാനിച്ചു.

ശ്രീ. ടി.പി. രാമചന്ദ്രൻ യോഗത്തിന് എത്തിച്ചേർന്നവർക്കും യോഗം നടത്താൻ സൗകര്യം ഒരുക്കി തന്ന ജയനും കുടുംബത്തിനും പ്രത്യേകം നന്ദി അറിയിച്ചു. കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെക്ഷൻ ശേഷം 4.30 നു യോഗം അവസാനിച്ചു.

## പാലക്കാട്

പാലക്കാട് ശാഖയുടെ ജൂൺമാസ യോഗം 22-06-2025 ഞായറാഴ്ച ശ്രീ. എ.പി. ഉണ്ണി കൃഷ്ണ പിഷാരടിയുടെ വസതിയായ ഉഷസിൽ വച്ച് നടന്നു.

രണ്ടുമാസത്തെ ഓൺലൈൻ മീറ്റിംഗ് നടത്തിയതിന് ശേഷം വീണ്ടും ഭവനത്തിൽ വച്ച് നടത്തിയ യോഗത്തിൽ 30 ൽപരം അംഗങ്ങൾ പങ്കെടുത്തു.

ശ്രീമതി ലേഖ വേണുഗോപാലിന്റെയും ശ്രീമതി രേഖ സുനിലിന്റെയും ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം ഗൃഹനാഥൻ യോഗത്തിൽ പങ്കെടുക്കാൻ എത്തിയ ഏവരെയും സ്വാഗതം ചെയ്തു.

നല്ല മഴയായിട്ടും മീറ്റിങ്ങിന് എത്തിച്ചേർന്ന ഏവർക്കും പ്രത്യേകം സന്തോഷം അറിയിക്കുന്നതായി പറഞ്ഞു. ശ്രീമതി ലേഖ വേണുഗോപാൽ നാരായണീയം ഭംഗിയായി ചൊല്ലി.

കഴിഞ്ഞ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ സമുദായ അംഗങ്ങളുടെയും മറ്റു സംഭവങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും നിത്യശാന്തിക്കായി മൗന പ്രാർത്ഥന നടത്തി.

പ്രസിഡൻറ് ശ്രീ. എ.പി. സതീഷ് കുമാർ മെയ് മാസം 25ന് നടന്ന കേന്ദ്രവർഷികത്തെ കുറിച്ച് വിശദമായി സംസാരിച്ചു. മറ്റ് ശാഖകളെ പോലെ പാലക്കാട് ശാഖയിലെ കുമാരി കൃഷ്ണയും

ഭരതനാട്യം അവതരിപ്പിച്ചതായും വളരെ ഭംഗിയായി മറ്റ് ശാഖകളും പ്രോഗ്രാമുകൾ അവിടെ അരങ്ങേറിയതായും അറിയിച്ചു.

ഇത്രയും ഭംഗിയായി കേന്ദ്ര വാർഷികം നടത്തിയ ഇരിഞ്ഞാലക്കുട ശാഖയെ അഭിനന്ദിച്ചു.

ഏപ്രിൽ മാസത്തിൽ നടത്തിയ കേന്ദ്രകമ്മിറ്റി ഇലക്ഷനിൽ പാലക്കാട് നിന്നും 9 പേർ പങ്കെടുത്തതായും അവിടെ അന്ന് നടന്ന യോഗത്തെ കുറിച്ചും വിശദമായി സംസാരിച്ചു. അംഗങ്ങളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു.

ഇനി വരുന്ന തിരഞ്ഞെടുപ്പുകളിൽ കുടിശ്ശികകൾ ഒന്നുമില്ലാതെ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്ന ശാഖകൾക്ക് കൂടുതൽ മുൻഗണന കൊടുക്കേണ്ടതുണ്ടെന്നും യോഗം അഭിപ്രായപ്പെട്ടു.

ഗുരുവായൂർ ഗസ്റ്റ് ഹൗസ് വളരെ ഭംഗിയായി ലാഭത്തോടെ നടത്തിയ കഴിഞ്ഞ രണ്ടു വർഷത്തെ ഭാരവാഹികളെ ഏവരും അഭിനന്ദിച്ചു.

തുടർന്നും ഭംഗിയായ പ്രവർത്തനങ്ങൾ ഏവരും പ്രതീക്ഷിക്കുന്നതായും അഭിപ്രായപ്പെട്ടു.

മൂന്നിൽ കൂടുതൽ അംഗങ്ങളുടെ ഒരു ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചാൽ ഗസ്റ്റ് ഹൗസിന്റെയും സമാജത്തിന്റെയും കൂടുതൽ സുഗമമായ നടത്തിപ്പിന് നന്നായിരിക്കും എന്നും അഭിപ്രായങ്ങൾ വന്നു.

ഓരോ വർഷത്തെയും പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ എല്ലാ മെമ്പർമാരെയും അറിയിക്കുന്നതും ആവശ്യമാണെന്നും പലരും അഭിപ്രായപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ അഭിനന്ദിച്ചുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഏവരും കാംക്ഷിക്കുന്നതായും അഭിപ്രായപ്പെട്ടു.

ഗുരുവായൂർ ഗസ്റ്റ് ഹൗസിന് നൽകിയിരുന്ന സംഖ്യ തിരിച്ചുകിട്ടിയതായും എന്നാൽ കഴിഞ്ഞ വർഷങ്ങളിലെ പലിശ തുക ശാഖകൾക്ക് കൊടുക്കേണ്ടതായ ഒരു നല്ല തീരുമാനം ഈ കമ്മിറ്റി നടപ്പാക്കേണ്ടതുണ്ട് എന്നും ചർച്ചയിൽ വന്നു.

പാലക്കാട് ശാഖ ഒരു ദിവസത്തെ പിക്നിക്ക് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് ചില രൂപരേഖകൾ ചർച്ചയിൽ വരികയുണ്ടായി.

ശാഖയിലെ മെമ്പർഷിപ്പുകൾ പിരിച്ച് കേന്ദ്ര വിഹിതങ്ങൾ എല്ലാ വർഷത്തെ പോലെയും കുടിശ്ശിക ഒന്നുമില്ലാതെ അടയ്ക്കേണ്ട ആവശ്യകതയെ കുറിച്ച് സെക്രട്ടറി പറഞ്ഞു. പല മെമ്പർമാരും ഇതിനോടകം തന്നെ തന്നു കഴിഞ്ഞിരിക്കുന്നു എന്നതിൽ സന്തോഷം പ്രകടിപ്പിച്ചു.

ഇരിഞ്ഞാലക്കുട ശാഖ നടത്തിയ കേന്ദ്ര വാർഷികത്തിന് പാലക്കാട് ശാഖയും യഥാവിധി സംഭാവന നൽകിയതായും സെക്രട്ടറി യോഗത്തിൽ ഏവരെയും അറിയിച്ചു. ക്ഷേമനിധി നടത്തി.

സുഭാഷിതം പരിപാടിയിൽ ശ്രീ. എം.പി. രാമചന്ദ്രൻ ശ്ലോകം ചൊല്ലി അർത്ഥം വിവരിച്ചു.

അംഗങ്ങളുടെ അഭിപ്രായങ്ങൾക്ക് വേണ്ട പരിഗണന ഉറപ്പാക്കി കേന്ദ്രത്തെ അറിയിക്കാമെന്ന് സെക്രട്ടറി ഉറപ്പ് നൽകി. ശ്രീ. ടി.പി. ഉണ്ണികൃഷ്ണന്റെ നന്ദി പ്രകടനത്തോടെ യോഗം ആറുമണിക്ക് സമംഗളം പര്യാവസാനിച്ചു.

## മഞ്ചേരി

പിഷാരോടി സമാജം മഞ്ചേരി ശാഖയുടെ ജൂൺമാസ യോഗം 15-06-2025 ന് വൈകുന്നേരം 3.30 ന് പെരിന്തൽമണ്ണ പുത്തൂർ പിഷാരത്ത് നാരായണ പിഷാരോടിയുടെ ഭവനത്തിൽ വച്ച് നടന്നു.

ശക്തമായ മഴയത്തും 3.30 ന് തന്നെ യോഗ നടപടികൾ ആരംഭിച്ചു. ഗൃഹനാഥ സുധ പിഷാരസ്യാർ ഭദ്രദീപം തെളിയിച്ചു. മാധവികുട്ടി പിഷാരസ്യാർ പ്രാർത്ഥനയും നാരായണീയ പാരായണവും നിർവ്വഹിച്ചു. ശാഖാമീറ്റിങ്ങ് ഇവിടെ നടത്താൻ സാധിച്ചതിൽ സന്തോഷം രേഖപ്പെടുത്തികൊണ്ട് എത്തിച്ചേർന്ന ഏവർക്കും ഗൃഹനാഥൻനാരായണ പിഷാരോടി സ്വഗതം പറഞ്ഞു.

പ്രസിഡന്റിന്റെ അഭാവവും വൈസ് പ്രസിഡന്റ് എത്തിച്ചേരാൻ വൈകുമെന്ന് അറിയിച്ചതുകൊണ്ടും മുതിർന്ന അംഗം കെ.പി. കരുണാകര പിഷാരടി അധ്യക്ഷത വഹിച്ചു.

അനുശോചനം:- അപ്പം കളത്തിൽ നാരായണനുണ്ണി (മലപ്പുറം പൊടിയാട്ട് താമസിക്കുന്ന) യുടെ ഭാര്യ ശ്രീജ; ഈ കാലയളവിൽ വിട്ടു പിരിഞ്ഞ മറ്റു സ്വജനാംഗങ്ങൾ, വിമാനദുരന്തത്തിൽ മരിച്ചവർ എന്നിവരുടെയെല്ലാം നിത്യശാന്തിക്കായി അനുശോചനം രേഖപ്പെടുത്തി.

അനുമോദനം:- +2, നീറ്റ് തുടങ്ങിയ ഉന്നത പരീക്ഷകളിൽ വിജയച്ച എല്ലാവരേയും ശാഖ അനുമോദിച്ചു.

അധ്യക്ഷൻ കരുണാകര പിഷാരോടി തന്റെ

ആദ്യ അധ്യക്ഷ ഭാഷണത്തിൽ പ്രസംഗ പരിചയം ഇല്ലെന്നും പ്രവർത്തനത്തിന് സന്നദ്ധനാണെന്നും പറഞ്ഞു.

സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചത് യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. സ്ഥിര നിക്ഷേപങ്ങളുടെ കാര്യത്തിൽ യോഗമെടുത്ത തീരുമാനം നടപ്പിലാക്കാൻ ട്രഷററെ ചുമതലപ്പെടുത്തി.

ശാഖ നൽകുന്ന വിദ്യാഭ്യാസ അവാർഡുകൾക്ക് ജൂലായ് 31 വരെ അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ച് തുളസീദളത്തിൽ അറിയിപ്പ് നൽകുവാൻ തീരുമാനിച്ചു.

ഈ വർഷത്തെ രാമായണം ക്വിസ്സ് മത്സരം 2025 ആഗസ്റ്റ് 10ന് കുളത്തൂർ വച്ച് പതിവുപോലെ സംഘടിപ്പിക്കാൻ എ.പി. വേണുഗോപാലിനെ ചുമതലപ്പെടുത്തി.

സംഘടനാ ചർച്ചയിൽ ചെറുകരയിലെ ശാഖാ മന്ദിരത്തിൽ പിണ്ഡാടിയന്തിര കർമ്മങ്ങൾ നടത്തുവാൻ വേണ്ട കാര്യങ്ങൾ ആലോചിച്ച് ഉചിതമായനടപടികൾ സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിന് അച്ചുതൻ പാലൂർ, അജയൻ, സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി. കഴിഞ്ഞ യോഗത്തിൽ നടന്ന ചർച്ചയുടെ തുടർച്ചയായ വെജിറ്റേറിയൻ ഗ്രാമം എന്ന ആശയം കേന്ദ്ര സംയുക്ത യോഗത്തിൽ അവതരിപ്പിക്കുന്നതിനും കേന്ദ്ര തീരുമാനത്തിന് വിധേയമായി തുടർപ്രവർത്തനം നടത്തുകയും ചെയ്യുകയാണ് നല്ലെതെന്ന അഭിപ്രായം ശാഖയിൽ ഉയർന്നുവന്നു.

അടുത്ത മാസയോഗം മഞ്ചേരി ഭാഗത്ത് നടത്തുവാൻ പറ്റുമോ എന്ന് ആലോചിച്ച് വിവരം മുൻകൂട്ടി അറിയിക്കാമെന്ന് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

ഹൃദ്യമായി സ്വീകരിച്ച്, രുചികരമായ ഇടനേര പലഹാരങ്ങളും നൽകി ശാഖാ യോഗം നടത്താൻ സൗകര്യമൊരുക്കിയ കുടുംബാംഗങ്ങൾക്കും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ട്രഷറർ എം.പി വേണു നന്ദി രേഖപ്പെടുത്തിയതോടെ യോഗം സമാപിച്ചു.

## ചൊവ്വര

ശാഖയുടെ ജൂൺ മാസത്തെ യോഗം 29-06-2025 ഞായറാഴ്ച ഉച്ചതിരിഞ്ഞു 3 മണിക്ക് പടിഞ്ഞാറെ കടുങ്ങല്ലൂർ ശ്രീ. നാരായണനുണ്ണിയുടെ വസതിയായ കൃഷ്ണകൃപയിൽ പ്രസിഡന്റ് ശ്രീ. കെ. വേണുഗോപാലിന്റെ അധ്യക്ഷതയിൽ കുമാരി രുദ്ര രാകേഷിന്റെ ഈശ്വരപ്രാർത്ഥന, ശ്രീമതി തങ്കമണി വേണുഗോപാലിന്റെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു.

നമ്മുടെ രക്ഷാധികാരിയും എല്ലാമെല്ലാമായിരുന്ന ശ്രീ. ഡി. ദാമോദര പിഷാരടിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

കൂടാതെ ശ്രീമതി സുധ ദാമോദരൻ, ഇന്ദിര പിഷാരസ്യാർ (എടനാട്), മറ്റു സമുദായ അംഗങ്ങൾ എന്നിവരുടെ സ്മരണയിലും യോഗം അനുശോചിച്ചു. ശ്രീമതി ചന്ദ്രിക, ശ്രീ. നാരായണനുണ്ണി എന്നിവർ സംയുക്തമായി സ്വാഗതം പറഞ്ഞു.

അദ്ധ്യക്ഷപ്രസംഗത്തിൽ ശാഖയുടെ മുൻപോട്ടുള്ള യാത്രയിൽ അംഗങ്ങളുടെ പൂർണമായ സഹകരണം ആവശ്യപ്പെട്ടു.

കമ്മിറ്റി അംഗങ്ങൾ പലരും യോഗത്തിൽ പങ്കെടുക്കാത്തതിനെ അദ്ദേഹം നിശിതമായി വിമർശിച്ചു. ഇനിയെങ്കിലും കുറച്ചു പേരെങ്കിലും മാസയോഗങ്ങളിൽ പങ്കെടുക്കണം എന്ന് ആവശ്യപ്പെട്ടു.

ശാഖയുടെ 50-ാം വാർഷികം കേമമായി നടത്തുവാൻ ഉള്ള ശ്രമങ്ങൾ ഇപ്പോൾ തന്നെ തുടങ്ങണം എന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് ശ്രീ. വിജയൻ ശാഖയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമായി നടത്തുവാൻ അംഗങ്ങളുടെ സഹകരണം ആവശ്യപ്പെട്ടു.

ശാഖ വാർഷികം നന്നായി നടത്തിയതിനു എല്ലാ അംഗങ്ങളോടും നന്ദി പറഞ്ഞു.

ശാഖ Guruvayoor Guest House ൽ deposit ചെയ്ത തുകയുടെ interest ആവശ്യപ്പെടുവാനും തീരുമാനിച്ചു. കഴിഞ്ഞ മാസത്തെ റിപ്പോർട്ട് ശ്രീ. വിജയനും കണക്കുകൾ ശ്രീ. മധുവും വായിച്ചു അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ക്ഷേമനിധി നറുക്കെടുപ്പും നടത്തി. തുടർന്ന് കുമാരി സ്മൃതി ശ്രീകുമാർ (Muscat) നല്ലൊരു നൃത്തം അവതരിപ്പിച്ചു. ശ്രീമാന്മാർ നാരായണനുണ്ണി, ദിവാകരൻ, കൃഷ്ണകുമാർ കെ.കെ., ശ്രീമതി കരുണ രാകേഷ് എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു.

ശാഖ വാർഷികത്തെ കുറിച്ച് കരുണ അഭിപ്രായം പറഞ്ഞ കൂട്ടത്തിൽ നമ്മുടെ പാരമ്പര്യ തൊഴിലായ കഴക പ്രവർത്തിയെയും അതിൽ തന്നെ മാലകെട്ടിനെയും പറ്റി പരാമർശിച്ചു.

ശ്രീ. രാകേഷും മറ്റു അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു. ശ്രീ. സേതുമാധവന്റെ നന്ദിയോടെ യോഗം അവസാനിച്ചു. ●

# ആദരാഞ്ജലികൾ

### ശാരദ പിഷാരാസ്യാർ

ദേശമംഗലം കാളകണ്ഠേശ്വരം പിഷാരത്ത് ശാരദപിഷാരസ്യാർ (81) 09/06/2025ന് നിര്യാതയായി. സഹോദരി ശാന്ത പിഷാരസ്യാർ.

### രാധ പിഷാരസ്യാർ

തലക്കുളത്തൂർ പിഷാരത്ത് രാധ പിഷാരസ്യാർ (77) 21/06/2025ന് കോഴിക്കോട് സ്വവസതിയിൽ അന്തരിച്ചു. ഭർത്താവ് പരേതനായ മനക്കുളങ്ങര പിഷാരത്ത് കരുണാകര പിഷാരടി. മകൻ ശ്രീവത്സൻ.

### കെ. കൃഷ്ണൻകുട്ടി

പെരുമ്പിള്ളി പിഷാരത്ത് കെ. കൃഷ്ണൻകുട്ടി (87) 23/06/2025ന് ന്യൂ ഡൽഹിയിൽ നിര്യാതനായി. ഭാര്യ പെരുവാരത്ത് പിഷാരത്ത് പരേതയായ ശ്രീദേവി പിഷാരസ്യാർ (തങ്കമണി). മക്കൾ രേഖ, രവി.

### സത്യൻ

ലക്കിടി പുത്തൻ പിഷാരത്ത് സത്യൻ (57) 30/06/2025 ന് ലക്കിടി സ്വവസതിയിൽ നിര്യാതനായി. മുളകുന്നത്ത്കാവ് കിഴക്കേ പിഷാരത്ത് പരേതനായ ബാലകൃഷ്ണന്റെയും പുത്തൻ പിഷാരത്ത് പരേതയായ ശാരദ പിഷാരസ്യാരുടെയും മകനാണ്. ഭാര്യ: കവിത സത്യൻ, മക്കൾ: കാർത്തിക, കൃഷ്ണകിരൺ. മരുമകൻ: ശ്രീകാന്ത്. സഹോദരങ്ങൾ: രതി, രമ, സിന്ധു.

### വേണുഗോപാൽ

ചെമ്പുക്കാവ് പെരുമ്പിലാവ് പിഷാരത്ത് വേണുഗോപാൽ 85 വയസ്സ് 02/07/2025 ന് അന്തരിച്ചു. ഭാര്യ ചെമ്പുക്കാവ് ആനായത്ത് പിഷാരത്ത് ലക്ഷ്മിക്കുട്ടി (തങ്കം). മക്കൾ: രജനി, വീണ, സുധീർ. മരുമക്കൾ: നന്ദകുമാർ മായന്നൂർ ചിറങ്കര പിഷാരം, വിജയൻ ഹൈദ്രാബാദ്, ലക്ഷ്മി കാട്ടൂർ പിഷാരം, പാലക്കാട്.

### ഉണ്ണികൃഷ്ണൻ

വാടാനംകുറിശ്ശി നടുവിൽ പിഷാരത്ത് ഉണ്ണികൃഷ്ണൻ (അപ്പു-72) 02/07/2025ന് നിര്യാതനായി. ഷൊർണ്ണൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് റിട്ട. അസിസ്റ്റന്റ് സെക്രട്ടറി ആണ്. ഭാര്യ: മണക്കുളങ്ങര കിഴക്കേ പിഷാരത്ത് രുഗ്മിണി. മക്കൾ: അഞ്ജന, അനില. മരുമക്കൾ: പ്രമോദ്, ജയൻ. ●

---

## എല്ലാ ശാഖാ സെക്രട്ടറിമാരുടെയും പ്രത്യേക ശ്രദ്ധക്ക്

1) ശാഖാ യോഗത്തിന്റെ റിപ്പോർട്ട് ശാഖാ സെക്രട്ടറിമാർ നേരിട്ട് ജനറൽ സെക്രട്ടറിക്ക് അയച്ചു തരണം എന്ന് വിനീതമായി അറിയിക്കുന്നു. തുളസീദളത്തിലേക്കോ വെബ്സൈറ്റിലേക്കോ നേരിട്ട് അയക്കരുത്.
2) നമ്മുടെ സംഘടനയെ സംബന്ധിക്കുന്ന പ്രമേയങ്ങൾ, ലേഖനങ്ങൾ, പ്രതികരണങ്ങൾ എന്നിവ ജനറൽ സെക്രട്ടറിക്കാണ് ലഭിക്കേണ്ടത്.

കേന്ദ്ര 14 അംഗ ഉന്നതാധികാര സമിതിയുടെ അനുമതിയോടുകൂടി മാത്രമെ മേല്പറഞ്ഞവ തുളസീദളത്തിലോ വെബ്സൈറ്റിലോ പ്രസിദ്ധീകരിക്കുകയുള്ളൂ എന്നും അറിയിച്ചു കൊള്ളുന്നു.

എന്ന്

സ്നേഹാദരങ്ങളോടെ,
**കെ.പി. ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ,
അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. രാമചന്ദ്രൻ പിഷാരടി**
'ഉഷസ്സ്', ആനായത്ത് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ 680020
Ph: 9495131090

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഹരികൃഷ്ണൻ**, 'ചൈതന്യ', രാമപുരം പിഷാരം, രാമപുരം ശ്രീരാമക്ഷേത്രത്തിന് സമീപം, പുലക്കാട്ടുകര റോഡ്, മണലി, ചിറ്റിശ്ശേരി (പി.ഒ.), തൃശൂർ 680301
Ph: 9447329698. Email: kphpisharody@gmail.com

ട്രഷറർ - **ശ്രീ. സി.ജി. കുട്ടി**, C-1, Pearl Gardens, Near Co operative Society, Viyyur (P.O), Thrissur 680010. Ph: 9633898468

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**അജയകുമാർ എ**, "വൃന്ദാവനം", പുലാമന്തോൾ പോസ്റ്റ്, മലപ്പുറം 679323
Ph: 9946647757. Email: ajaypisharodi@gmail.com

ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. Ph: 09819512811

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com

ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.

ട്രഷറർ - ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ
അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ,
ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ - 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും
മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** — **Canara Bank**
**IFSC Code: CNRB0000721** — **West Palace Road, Thrissur.**

# 3-ാം ചരമവാർഷികം

## 24.07.2025



അങ്കമാലി നായത്തോട് കിഴക്കേ പിഷാരത്ത്

# ബിജോയ് ഭാസ്കരൻ

(പരേതനായ പഴയന്നൂർ തെക്കൂട്ട് പിഷാരത്ത് ഭാസ്കരപിഷാരോടിയുടെ പുത്രൻ)

**മരണം: 24.07.2022**

**സ്നേഹസ്മരണകളോടെ....**

അമ്മ : നായത്തോട് കിഴക്കേ പിഷാരത്ത് രുഗ്മിണി പിഷാരസ്യാർ

ഭാര്യ : തൊണ്ടിയന്നൂർ പിഷാരത്ത് സന്ധ്യ

മക്കൾ : നയന, നിരഞ്ജന

മറ്റ് സന്തപ്ത കുടുംബാംഗങ്ങൾ

THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-07-2025
July 2025, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare

Printed and Published by General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy